١٩١٩



1919

the

ഇ.

വേലുത്തമ്പി
ദളവ.

Very bade story

1/419

# കേരളത്തിലെ വീരപുരുഷന്മാർ

MUNAVVIRUL ISLAM HIGH SCHOOL
Date..................
ERNAKULAM.

ഏ. ശങ്കരപ്പിള്ള എം. ഏ.

1275

for
FORM III
Publishing right for the
Govt. of Travancore-Cochin.
1953—54

Price As. 11

Printed at the Indira Printing Works, Pettah, Trivandrum.

# വിഷയവിവരം


| | പുറം |
|---|---|
| ഇരവിക്കുട്ടിപ്പിള്ള (വലിയ പടത്തലവൻ) | 1—18 |
| കോട്ടയം കേരളവർമ്മത്തമ്പുരാൻ | 18—31 |
| അയ്യപ്പൻമാർത്താണ്ഡപ്പിള്ള ദളവാ | 32—48 |
| ശക്തൻ തമ്പുരാൻ | 48—63 |
| വേലുത്തമ്പി ദളവാ | 63—84 |


MUNAVVIRUL ISLAM HIGH SCHOOL ERNAKULAM

# 1. ഇരവിക്കുട്ടിപ്പിള്ള

## വലിയ പടത്തലവൻ

---

ദക്ഷിണതിരുവിതാംകൂർ പ്രസിദ്ധചരിത്രന്മാരായ പലരുടേയും ജന്മദേശമാണ്. കവികൾ, കലാകാരന്മാർ, പടത്തലവന്മാർ, ദിവാൻജിമാർ തുടങ്ങി പേരും പെരുമയും പുലർത്തിയ പല പുരുഷശ്രേഷ്ഠന്മാരെ ഈ ഭൂഭാഗം ജനസേവനത്തിന്ന് കാഴ്ചവച്ചിട്ടുണ്ട്. വളരെക്കൊല്ലങ്ങൾക്കുമുമ്പ് ഇവിടെ ജനിച്ച് രാജ്യത്തിനുവേണ്ടി സ്വജീവനെ ബലി കഴിച്ച ഒരു വീരൻെറ ത്യാഗസുരഭിലമായ ചരിത്രമാണ് ഇവിടെ പ്രതിപാദിക്കുവാൻ പോകുന്നതു്.

ഇരവിക്കുട്ടിപ്പിള്ള വലിയപടത്തലവനാണ് നമ്മുടെ കഥാനായകൻ. ഈ നാമധേയം രാജ്യസ്നേഹത്തിനും രാജഭക്തിക്കും പര്യായപദമായിത്തീർന്നിട്ടുണ്ട്. വേണാട്ടുചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തുവാൻ വേണ്ട സദ്യശസ്സാണ് ഈ ത്യാഗിവര്യൻ സമാർജ്ജിച്ചിട്ടുള്ളതു്.

തക്കലെയ്ക്കു് അല്പം വടക്കു പടിഞ്ഞാറുമാറി സ്ഥിതിചെയ്യുന്ന "കേരളപുരം" എന്ന സ്ഥലത്താണു ഇരവിക്കുട്ടിപ്പിള്ള ജനിച്ചതു്. ഇദ്ദേഹത്തിൻെറ ജനനകാലം സൂക്ഷ്മമായി അറിയാൻ രേഖകളൊന്നുമില്ല. എങ്കിലും

"ഇരവിക്കുട്ടിപ്പിള്ളപ്പോരു്" എന്നവില്ലടിച്ചാൻപാട്ടിൽ നിന്നും ഇദ്ദേഹത്തെപ്പററി ചില വിവരങ്ങൾ ലഭിക്കുന്നുണ്ടു്. കൊല്ലവർഷം 778-ൽ കേരളപുരത്തെ വലിയ വീട്ടിൽ ഇദ്ദേഹം ജനിച്ചതായി നമുക്കു് അനുമാനിക്കാം. ഇന്നു് ആ ഭവനത്തിൻെറ യാതൊരു ലക്ഷ്യവും കാൺമാനില്ല. ഇദ്ദേഹത്തിൻെറ മാതാവായ ഈശ്വരിപ്പിള്ള സദ്ഗുണസമ്പന്നയായ ഒരു സ്ത്രീരത്നമായിരുന്നു. ചെറുപ്പത്തിൽതന്നെ ഇരവിയുടെ പിതാവും മാതുലനും മരിച്ചുപോയതുകൊണ്ടു്, മാതാവിൻെറ മാത്രം മേൽനോട്ടത്തിലാണു് ബാലൻ വളൎന്നുവന്നതു്. അപ്പനും അമ്മാവനും രണശ്ശൂരന്മാരായ രണ്ടു നായർ പ്രമാണികളായിരുന്നു. കേരളത്തിൽ അന്നു് ഓരോ ഗ്രാമത്തിലും കായികപരിശീലനത്തിനായി ഏർപ്പെടുത്തപ്പെട്ടിരുന്ന സ്ഥാപനങ്ങളായിരുന്നു കളരികൾ. ഓരോ കളരിക്കും നാഥനായി ഒരു ആശാനും ഉണ്ടായിരുന്നു. ഏഴുവയസ്സു പ്രായമായിക്കഴിഞ്ഞാൽ ബാലന്മാർ കളരിയിൽ "പയററുമുറകൾ" അഭ്യസിച്ചുതുടങ്ങും.

ഇരവിയുടെ വീട്ടുകാൎക്കു് സ്വന്തമായി ഒരു കളരി ഉണ്ടായിരുന്നു. അവിടെ, "കല്ലറയ്ക്കൽ ആശാൻ" എന്ന പ്രസിദ്ധനായ ഗുരുവിൻെറ കീഴിൽ ബാലന്മാർ പയററുമുറകൾ പഠിച്ചുവന്നു. ഇരവിയും കളരിയിലെ ഒരംഗമായിത്തീൎന്നു. പതിനാറാമത്തെ വയസ്സുമുതൽ ഗുരുവിൻെറ സങ്കല്പപരിധിയെകടന്നു്, ഇരവി യുദ്ധം ചെയ്യുന്നതിലുള്ള പാടവം കാണിച്ചുതുടങ്ങി. അതിനുശേഷം കുടുംബസ്ഥിതിവനുസരിച്ചു്, തന്നേയും കളരിയേയും അന്നത്തെ രാ

ജാവായ ഉണ്ണിക്കേരളവമ്മയുടെമുമ്പിൽ അടിയറവച്ച് അ
നുജ്ഞയും വാളും വാങ്ങിയത്രേ. അന്നുതൊട്ട് ഇരവി കള
രിയുടെ നാഥനായി. ബാലന്മാരെ പയററു മുറകം അഭ്യ
സിപ്പിക്കവാനും തുടങ്ങി. ഇക്കാലത്താണ് "കാളി" എ
ന്നപേരുള്ള അനാഥനായ ഒരു നായർബാലനെ ഇദ്ദേ
ഹം ശിഷ്യനായി സ്വീകരിച്ചതു്. കാളിനായർ,
തൻെറ അച്ഛനും അമ്മയും മരിച്ചശേഷം മാതുലൻെറ
ക്രൂരശിക്ഷകൾ സഹിക്കവെഹിയാതെ സ്വദേശമായ
കഞ്ചാകോട്ടനിന്നും ഒളിച്ചോടി വലിയവീട്ടിൽ വന്നുചേ
ന്നതാണ്. അവൻെറ ചൊടിയും ചുണയുംകണ്ടു് ഇരവി
ക്കട്ടിപ്പിള്ള കാളിയെ ശിഷ്യഗണത്തിൽ ചേൎത്തു. പുതി
യ ശിഷ്യൻെറ വിനയസൗശീല്യങ്ങളും അനിതരസാ
ധാരണമായ അഭ്യസനസാമൎത്ഥ്യവും കണ്ടു് സന്തുഷ്ട
നായ ഗുരുനാഥന് അവനോടു പ്രത്യേക വാത്സല്യം
തോന്നിയതിൽ അത്ഭുതമില്ലല്ലോ. കാളിനായർ ഗുരു
വിൻെറ അംഗരക്ഷകനെന്ന നിലയ്ക്കു് അദ്ദേഹത്തെ
സദാ അനുഗമിച്ചിരുന്നു. വൎഷങ്ങൾ ഏഴെട്ടുകഴിഞ്ഞു.
ഉണ്ണിക്കേരളവമ്മമഹാരാജാവുതിരുമനസ്സുകൊണ്ടു് രാജ്യ
ഭരണകാൎയ്യങ്ങളിൽ സഹായിക്കാൻ നിയമിച്ച എട്ടു
മന്ത്രിമാരിൽ ഒരാളായി ഇരവിക്കട്ടിപ്പിള്ളയേയും ഉൾ
പ്പെടുത്തുകയുണ്ടായി.

ഇക്കാലത്തു പാണ്ഡ്യരാജ്യം വളരെപ്രാബല്യത്തി
ലിരുന്നിരുന്നു. മധുരയായിരുന്നു തലസ്ഥാനം. ഉണ്ണിക്കേര
ളവമ്മ മഹാരാജാവിൻെറ ഭരണദശയിൽ തിരുമലനാ
യ്ക്കൻ എന്ന പ്രതാപശാലിയാണ് മധുര വാണിരുന്നതു്.

അദ്ദേഹത്തിന് സമത്ഥന്മാരായ സചിവന്മാരും യുദ്ധവീരന്മാരായ സേനാനായകന്മാരാൽ നയിക്കപ്പെട്ട ഒരു വലിയ:സൈന്യവും ഉണ്ടായിരുന്നു. തിരുമലനായ്ക്കന് അന്നത്തെ തെക്കേഇന്ത്യയിലെ ഭരണധുരന്ധരന്മാരുടെക്കൂട്ടത്തിൽഉന്നതമായ ഒരു സ്ഥാനം ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ സേനാനായകന്മാരിൽ പ്രധാനി രാമപ്പയ്യനായിരുന്നു. അയാൾ മൈസൂറിനെ തോല്പിച്ചു കീഴടക്കിയതോടുകൂടി, നായ്ക്കൻെറ ശക്തി ഭാരതമെങ്ങും പ്രഖ്യാതമായി.

അന്ന് കേരളം ഐശ്വയ്യദേവതയുടെ ;നടനരംഗമായിരുന്നു. ഈ ഭൂഭാഗത്തിൻെറ .തെക്കേ അററത്തുള്ള സസ്യശ്യാമളകോമള'യായ, വേണാടിനെ കീഴടക്കാൻ തിരുമലനായ്ക്കന് മോഹമുണ്ടായി. ഇതിലേയ്ക്ക് ആ ദുർമ്മോഹി, ആദ്യം ചാരന്മാരെ വേണാട്ടിൻെറ നാനാഭാഗത്തേയ്ക്കും നിയോഗിച്ചു. അവർ രാജ്യമെങ്ങും രഹസ്യമായി സഞ്ചരിച്ച് ആക്രമണത്തിനുള്ള സൗകയ്യങ്ങളും മാർഗ്ഗവും മധുരാധിപനെ ധരിപ്പിച്ചുവത്രേ. അന്ന് ഇവിടെ രാജാവിന് വലിയ സൈന്യമുണ്ടായിരുന്നില്ല. മന്ത്രിമാരുടെ കളരിയും പടയുമാണ് ശത്രുനിരോധനത്തിന് ഉപയോഗിച്ചുവന്നത്. ഇതു മനസ്സിലാക്കിയ തിരുമലനായ്ക്കൻ, ഒരു വലിയ സൈന്യത്തെ ഉപസേനാനിയായ വേലയ്യൻെറ നേതൃത്വത്തിൽ വേണാട് ആക്രമിക്കുന്നതിന് അയച്ചു. വേലയ്യനും സൈന്യവും ആരുവാമൊഴി കടന്ന് വേണാട്ടിൽ പ്രവേശിച്ച് കൊള്ളതുടങ്ങി. ആ പ്രദേശത്തിൽ താമസിച്ചിരുന്ന

ജനങ്ങൾ പരിഭ്രമിച്ച് ജീവരക്ഷാർത്ഥം പലയിടങ്ങളിലേക്കും പലായനം ചെയ്തു. അവരിൽ ഒരു കൂട്ടർ അന്ന് 'പുല്ലിക്കുറിശ്ശി' പ്പാളയത്തിൽ എഴുന്നെള്ളി താമസിച്ചിരുന്ന മഹാരാജാവിനേയും വിവരം അറിയിച്ചു. പ്രജാവത്സലനായ രാജാവ് ശത്രുക്കളെ എതിക്കുന്നതിന്ന് തീരുമാനിച്ചുകൊണ്ട്, സമീപത്തുനിന്നിരുന്ന ഇരവിക്കുട്ടിപ്പിള്ളയോട് ഇങ്ങനെ ആജ്ഞാപിച്ചു. "ഇരവീ, മന്ത്രിമാക്കും ഇടപ്രഭുക്കന്മാക്കും അറിവുകൊടുത്തു സൈന്യം ശേഖരിച്ച് യുദ്ധത്തിന്ന തയ്യാറാകാനും മററും ഇനി ഇപ്പോൾ സമയമില്ല. ഉള്ള സൈന്യത്തേയുംകൊണ്ട് ഞാൻ അങ്ങു പുറപ്പെടാം. നീയും കളരിക്കാരും പിറകെ എത്തി ഞങ്ങളെ സഹായിച്ചുകൊണ്ടാൽ മതി."

ഇതു കേട്ടപ്പോൾ, ഇരവിക്കുട്ടിപ്പിള്ള തമ്പുരാനെ അറിയിച്ചതു് ഇപ്രകാരമായിരുന്നു:—"തിരുമേനി ഒട്ടും ഭയപ്പെടേണ്ട. അടിയൻഉള്ളപ്പോൾ തിരുമേനി പടനയിക്കാൻ ഇറങ്ങേണ്ട ആവശ്യമില്ല. അടിയൻ പടനയിച്ച് മരിക്കുകയാണെങ്കിൽ അതിന്നുശേഷം തിരുമനസ്സുകൊണ്ട് ഇറങ്ങിയാൽ മതി. അടിയൻ കളരിക്കാരേയും കൊണ്ട് വേലയ്യനോട് എതിരിടാം. അടിയനും കൂട്ടരും ആ വട്ടകപ്പടയെ തോല്പിച്ചതിന്നുശേഷമേ തിരിച്ചു വരികയുള്ളൂ. അതിനായിട്ട് അവിടുന്ന് അനുഗ്രഹിച്ചാൽ മാത്രം മതിയാകും."

മന്ത്രിയുടെ വാക്കുകൾ മഹാരാജാവിനെ വളരെ സന്തോഷിപ്പിച്ചു. അവിടുന്ന് പടത്തലവനെ അനുഗ്ര

ഹിച്ചു് യാത്രയാക്കി. യുദ്ധോദ്യുക്തനായ മന്ത്രിസത്തമൻ അമ്മയുടെ മുമ്പിൽചെന്നു് യുദ്ധകാര്യം ധരിപ്പിച്ചു. ആ വീരമാതാവു് തന്റെ മകന്റെ ധീരതകണ്ടു്, അദ്ദേഹത്തിന്റെ നെററിയിൽതൊട്ടു് "ചെന്നേടം ചെന്നു് ജയിച്ചു വാ" എന്നു് ആശീർ വദിക്കയും ചെയ്തു.

മഹാരാജാവു നൽകിയ വാളും പരിചയും ധരിച്ചു്, ഇരവിക്കുട്ടിപ്പിള്ള യാത്രയായി. കാളിനായർ, കളരിക്കാരെ ഒന്നിച്ചുചേർത്തു് പടത്തലവന്റെ നേതൃത്വത്തിലുള്ള രാജസൈന്യങ്ങളുമായി ചേർന്നു് മുന്നോട്ടു നീങ്ങി. ഇവർ നാഗരുകോവിലിനു സമീപം വടശ്ശേരിയിൽവച്ചു് വേലയ്യന്റെ സൈന്യവുമായി കൂട്ടിമുട്ടി. ഇരവിക്കുട്ടിപ്പിള്ളയുടെ ഓരോ വാക്കും തന്റെ ഭടന്മാരുടെ ശൗര്യം ഉത്തേജിപ്പിക്കുവാൻ പര്യാപ്തമായിരുന്നു. വളരെനാഴിക കഴിഞ്ഞില്ല വടുകപ്പട മുക്കാലും യമപുരിയിലെത്തി. അവസാനം ഒരുപടയാളിയുടെ വെട്ടേററു് വേലയ്യനും മൃതനായി. ഉടൻ ബാക്കിയുണ്ടായിരുന്നവർ പിൻതിരിഞ്ഞോടുകയുംചെയ്തു. ഇരവിക്കുട്ടിപ്പിള്ളയും സൈന്യവും വിജയകാഹളം മുഴക്കിക്കൊണ്ടാണു് യുദ്ധസ്ഥലത്തുനിന്നും തിരിച്ചുപോന്നതു്.

ഈ വാർത്ത മഹാരാജാവിനും പ്രജാവലിക്കും ഒന്നുപോലെ ആനന്ദപ്രദമായിരുന്നു. രാജാവു് ഇരവിക്കുട്ടിപ്പിള്ളയെ പ്രശംസിച്ചതുകൂടാതെ "വേപ്പൻകോണത്തു് ഏലാ" എന്ന സ്ഥലം കരമൊഴിവായി സമ്മാനിച്ചു് നീട്ടുംകൊടുത്തു. ആദരസമന്വിതം "പിള്ള" ആ നീട്ടു വാങ്ങിയെങ്കിലും തിരികെ അതു തിരുമുമ്പിൽ വച്ചിട്ടു്

ഇങ്ങനെ അറിയിച്ചു:—"രാജ്യം രക്ഷിക്കേണ്ടതു് അടിയൻെറ കടമ. തിരുവുള്ളം സന്തോഷംകൊണ്ടു് നിറയുന്നതു് കാണ്മാനുള്ള ഭാഗ്യമാണു് സമ്മാനം. അടിയനതു മതി. കല്പിച്ചു ക്ഷമിക്കണം"—

നിസ്സ്വാത്ഥനായ ഇരവിക്കുട്ടിപ്പിള്ളയോടു് മഹാരാജാവിനുതോന്നിയ സ്നേഹം, നാൾക്കുനാൾ വദ്ധിച്ചു വന്നു. ഇതു് എട്ടത്തറപ്പോററി തുടങ്ങിയ മററു മന്ത്രിമാക്ക് ഒട്ടും രസിച്ചില്ല. എടത്തറയ്ക്കു വിരോധം തോന്നാൻ വേറെയും ഒരു കാരണമുണ്ടു്. ഇരവിക്കുട്ടിപ്പിള്ളയെ പോററി ഒരു വിവാഹാലോചനയുമായി സമീപിക്കുക ഉണ്ടായി. നായർഭാര്യയിൽ തനിക്കുള്ള മകളെ ഇരവി പരിണയിക്കണമെന്നായിരുന്നു പോററിയുടെ അപേക്ഷ. എന്നാൽ ഇദ്ദേഹം അതിനു് വൈമനസ്യം പ്രകടിപ്പിക്കയാൽ, അരാളഹൃദയനായ പോററി, അന്നുമുതൽ, സദ്വൃത്തനും സന്മാഗ്ഗനിഷ്ഠനുമായ ഇദ്ദേഹത്തിൻെറ നാശത്തിനായി പല ഗൂഢമാഗ്ഗങ്ങളും ആലോചിക്കാൻ തുടങ്ങി.

യുദ്ധം ജയിച്ചുവന്ന മകനെ കണ്ട മാതാവു് ആനന്ദബാഷ്പം പൊഴിച്ചു. രാജ്യത്തിൻേറയും രാജവംശത്തിൻേറയും അഭിമാനം സംരക്ഷിച്ച മകനെ ആ സ്ത്രീരത്നം പലവുരു പ്രശംസിച്ചു. അനന്തരം, ഇരവിയെ വിവാഹബന്ധത്തിലേർപ്പെടാൻ മാതാവു് പ്രേരിപ്പിച്ചു തുടങ്ങി. അതിൻപ്രകാരം, മററു ബന്ധുജനങ്ങളുടെ അനുമതിയോടുകൂടി ഒരു സുപ്രഭാതത്തിൽ, ധീരയും ബുദ്ധിമതിയും പതിദേവതയുമായ ദേവകിയുടെ കണ്ഠത്തിൽ ഇരവിക്കുട്ടിപ്പിള്ള മംഗല്യസൂത്രം ചാർത്തി.

തന്റെ ഗുരുവിന്റെ മകളായിരുന്നു ഈ സാധ്വീമണി.

ഒരുദിവസം കാളിനായർ ഗുരുവിനോട് തനിക്കു തിരുവനന്തപുരത്തുപോയി ആയുധസജ്ജീകരണം നടത്താൻ അനുവാദം തരണമെന്ന് അപേക്ഷിച്ചു. ശിഷ്യനെ മേലാൽ കാണാൻ സാധിക്കുകയില്ലെന്നൊരു ഭൂതോദയം എങ്ങിനെയോ ഉണ്ടാവുകയാലെന്നപോലെ ഇരവിക്കുട്ടിപ്പിള്ള ഇങ്ങനെപറഞ്ഞുവത്രേ:—"കഴിയുന്നതും വേഗം ആയുധങ്ങൾ ശേഖരിച്ചുകൊണ്ട് വരേണ്ടതു് അത്യാവശ്യം തന്നെ; എന്നാൽ നീ തിരിച്ചിവിടെ വരുമ്പോൾ എന്നെ കണ്ടില്ലെങ്കിൽ ദേവകി പറയുന്ന സ്ഥലത്തു് എത്തിക്കൊള്ളണം. പിന്നെയെല്ലാം ദൈവവിധിപോലെ—" അതിനുമുമ്പ് കേട്ടിട്ടില്ലാത്ത അപശബ്ദം ഗുരുമുഖത്തുനിന്നും കേട്ട ഉടനെ കാളിനായർ തിരുവനന്തപുരത്തേയ്ക്കുള്ള യാത്ര മാറ്റിവെയ്ക്കാമെന്നറിയിച്ചു. ഇതിന് മറുപടിയായി ഇരവിക്കുട്ടിപ്പിള്ള വിജൃംഭിത വീര്യനായിപ്പറഞ്ഞതു് "മുൻ വച്ചകാൽ പിന്നോട്ടെടുക്കാൻ ഞാൻ നിന്നെ പഠിപ്പിച്ചില്ല! വീര്യം വിടരുതു്. ബാക്കി കാര്യം ഭഗവാൻ നോക്കിക്കൊള്ളും" എന്നായിരുന്നു. വേലയ്യൻ മരിച്ചെന്നും തന്റെ സൈന്യം മുക്കാലും നശിച്ചെന്നും കേട്ടപ്പോൾ, തിരുമലനായ്ക്കൻ കോപാന്ധനായിത്തീർന്നു. അയാൾ തന്റെ സൈന്യാധിപനായ രാമപ്പയ്യനെ വിളിച്ച്, "പ്രിയസേനാനിയായ വേലയ്യനെക്കൊന്ന ഇരവിക്കുട്ടിപ്പിള്ളയുടെ ശിരസ്സ് നമ്മുടെ മുമ്പിൽ നീ കാഴ്ചവയ്ക്കണം" എന്ന് ആജ്ഞാപിച്ചു. അല്പം

ആലോചിച്ചശേഷം, തൊണ്ണൂറുദിവസങ്ങൾക്കകം വൈരിയുടെ ശിരസ്സ് കാഴ്ചവച്ചുകൊള്ളാമെന്ന് തിരുമുമ്പിൽ പ്രതിജ്ഞചെയ്തിട്ട്, രാമപ്പയ്യൻ ഒരു വലിയ സൈന്യവുമായി തിരുവിതാംകൂറിലേക്കു തിരിച്ചു. അവർ 'ഈത്തങ്കാട്' എന്ന സ്ഥലത്തെത്തി പാളയമടിച്ചു കിടന്നു. വേണാട്ടുസേനയുടെ തൻേറടവും സാമർത്ഥ്യവും കേട്ടറിഞ്ഞിരുന്ന രാമപ്പയ്യൻ, ഇരവിക്കുട്ടിപ്പിള്ളയോടു നേരിട്ടു പിണങ്ങി നിന്നാൽ ജയിക്കാനൊക്കുകില്ലെന്ന് മനസ്സിലാക്കി, ചതിച്ചു തോല്പിക്കാൻ ചില ഗൂഢമാർഗ്ഗങ്ങൾ ആരാഞ്ഞുതുടങ്ങി.

ഈ ഘട്ടത്തിൽ വേണാട്ടിലെ രാഷ്ട്രീയ സ്ഥിതിഗതികൾ അശേഷം ആശാസ്യമായിരുന്നില്ല. നാടുവാഴിയുടെ സ്നേഹവിശ്വാസങ്ങൾക്കും നാട്ടുകാരുടെ ഭക്ത്യാദരങ്ങൾക്കും പാത്രീഭൂതനായ ഇരവിക്കുട്ടിപ്പിള്ളയുടെ അധഃപതനം എങ്ങിനെയെങ്കിലും സാധിക്കണമെന്ന് ആഗ്രഹിച്ചുകൊണ്ടിരുന്ന എടത്തറപ്പോററി മുതലായ ഇടപ്രഭുക്കന്മാർ, പിള്ളയെ ഏതുവിധവും മന്ത്രിപദത്തിൽനിന്നും നിഷ്കാസനം ചെയ്യുന്നതിനും, വേണ്ടിവന്നാൽ ഹനിക്കുന്നതിനുതന്നെയും, ഏപ്പാടു ചെയ്യണമെന്നു ഗൂഢാലോചന ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഈ അവസരത്തിലാണ് രാമപ്പയ്യൻെറ ചാരന്മാർ എടത്തറപ്പോററിയെ സമീപിച്ചത്. മധുരനായ്ക്കനോടു പിണങ്ങിയാൽ രാജാവിനേയും രാജ്യത്തേയും മധുരപ്പടകീഴടക്കിയശേഷം ഇടപ്രഭുക്കന്മാരെ നാമാവശേഷമാക്കിക്കളയുമെന്നും, നേരെമറിച്ച് രാജാധിരാജനായ നായിക്കനോട്

ഇണ്ടറിയാൽ, അഹങ്കാരിയായ ഇരവിക്കുട്ടിപ്പിള്ളയെ തുലയ്ക്കാനും അയാളെ താലോലിച്ചുകൊണ്ടിരുന്ന രാജാവിനെ ഒരു നല്ല പാഠം പഠിപ്പിക്കാനും സൗകര്യം കിട്ടുമെന്നു മാത്രമല്ല ഔദാര്യനിധിയും ആശ്രിതവത്സലനുമായ തിരുമലനായിക്കൻ എടത്തറ മുതലായവൎക്ക പാരിതോഷികമായി അനവധി ദ്രവ്യവും അധികാരങ്ങളും സ്ഥാനമാനങ്ങളും നൽകുമെന്നും രാമപ്പയ്യൻ ദൂതന്മാർ മുഖേന രാജ്യദ്രോഹികളായ എടത്തറപ്പോററി പ്രഭൃതികളെ അറിയിച്ചു. ഈ രഹസ്യസന്ദേശത്തെ സസന്തോഷം സ്വീകരിച്ചു എടത്തറപ്പോററി കാര്യസാദ്ധ്യത്തിനു വേണ്ട വിശദനിർദ്ദേശങ്ങൾ ഗൂഢമായി ചാരന്മാർ മുഖേന അറിയിക്കണമെന്നാവശ്യപ്പെട്ടു. യുദ്ധദിവസം പടത്തലവനെ സഹായിക്കാനെന്നമട്ടിൽ പ്രധാന സേനയുടെ ഇടത്തും വലത്തും പാർശ്വങ്ങളിലായി തങ്ങളുടെ സൈന്യങ്ങളെ അണിനിരത്തണമെന്നും യുദ്ധം തുടങ്ങി പട മുറുകുമ്പോൾ കൂട്ടുകാരുമായി പിൻവാങ്ങി ഇരവിക്കുട്ടിപ്പിള്ളയുടെ കീഴിലുള്ള പടയെ ഒററയ്ക്കു വിട്ടിട്ടു അടുത്തുള്ള കുന്നുകളിൽ കയറി മറയണമെന്നും അപ്പോഴെയ്ക്കും ശത്രുസൈന്യം പടത്തലവനേയും പ്രധാന സൈന്യത്തേയും വളഞ്ഞു അരിഞ്ഞു വീഴ്ത്തി അപായപ്പെടുത്താമെന്നുമായിരുന്നു രാമപ്പയ്യൻെറ നിർദ്ദേശം. ഇതനുസരിച്ചു പ്രവർത്തിച്ചുകൊള്ളാമെന്നു രാജ്യദ്രോഹികളായ പോററിമാരും മാടമ്പിമാരും രാമപ്പയ്യനു രഹസ്യമായി വാക്കുകൊടുക്കുകയും ചെയ്തു.

രണ്ടാമത്തും വടുകപ്പട വന്നിട്ടുണ്ടെന്നറിഞ്ഞു് ഉണ്ണി കേരളവൎമ്മ മഹാരാജാവു് മന്ത്രിമാരുടെ ഒരു അടിയന്തി

രയോഗം വിളിച്ചുകൂട്ടി. രാജ്യക്ഷേമകാംക്ഷികളെന്ന മട്ടിൽ ശ്രദ്ധാലോചനക്കാരായ മന്ത്രിമാർ, ഇരവിക്കുട്ടിപ്പിള്ളയെ പടനായകനാക്കി നിയമിക്കണമെന്നു് അഭിപ്രായപ്പെട്ടു. തിരുമനസ്സുകൊണ്ടു് ഈ അപേക്ഷ സസന്തോഷം സ്വീകരിക്കുകയും ചെയ്തു. ഇങ്ങനെ പടത്തലവനാക്കപ്പെട്ട ഇരവിക്കുട്ടിപ്പിള്ള ഉടൻതന്നെ തന്റെ സ്വന്തം കളരിപ്പട ഉൾപ്പെടെ ഒരു വലിയ സൈന്യത്തെയും ശേഖരിച്ചു് സകല സന്നാഹങ്ങളും സജ്ജീകരിച്ചു.

പട പുറപ്പെടേണ്ട ദിവസം സമാഗതമായി. രാജകീയാനുഗ്രഹവും അനുമതിയും ലഭിച്ചശേഷം വേഷാഡംബരങ്ങളോടുകൂടി ഇരവിക്കുട്ടിപ്പിള്ള അനുഗ്രഹത്തിനായി മാതൃസന്നിധിയിൽചെന്നു് വിനീതനായിവന്ദിച്ചുനിന്നു. പുത്രന്റെ ആഗമനോദ്ദേശം മാതാവിനു മനസ്സിലായി. എന്നാൽ ഇത്തവണ, ആ സ്ത്രീരത്നം പരിഭ്രാന്തയായിട്ടാണു് കാണപ്പെട്ടതു്. കാരണം ഇപ്പോഴത്തെ യുദ്ധവേളയിൽ പുത്രന്റെ ആയുസ്സിനു് ദോഷം സംഭവിക്കുമെന്നു് അവർ സ്വപ്നം കണ്ടിരുന്നു. 'സ്വപ്നം ചിലർക്കു ചിലകാലമൊക്കു'മെന്നും ആ മഹതിക്കറിയാം. കൂടാതെ, ആയിടയ്ക്കു പതിവായി കണ്ടുതുടങ്ങിയ ചില ദുശ്ശകുനങ്ങളും ദുഃഖസൂചകങ്ങളായ ശബ്ദങ്ങളും ആ മാതൃഹൃദയത്തെ വ്യാകുലപ്പെടുത്തിയുമിരുന്നു. അതിനാൽ, മകനെ ആലിംഗനം ചെയ്തുകൊണ്ടു ഈശ്വരിപ്പിള്ള ഇങ്ങനെ പറയുകയുണ്ടായി:—"കുഞ്ഞേ, ഇപ്പോഴത്തെ കാലം നിനക്കു് നല്ലതല്ലെന്നും. നിനക്കു്

എന്തോ ആപത്ത് വരാനിരിക്കുന്നുവെന്നും എന്റെ മനസ്സിൽ തോന്നുന്നു. അതുകൊണ്ട് ഇത്തവണ നീ പടയ്ക്കുപോകേണ്ട. മകനെ!—വേറെയും പടനായകന്മാരുണ്ടല്ലോ. അവർ നടത്തട്ടെ ഈ പട."

"അയ്യോ! അമ്മേ"—ഇരവി പറഞ്ഞു: "അമ്മ ഇങ്ങനെ തടസ്സംപറയരുതേ! രാജ്യം വട്ടക്കക്ക് അധീനമാകാൻപോകുന്നു. ഇതു കണ്ടുംകൊണ്ട് ഞാൻ ഇവിടെ ഇരിക്കുകയോ? മററുള്ള പടനായകന്മാരുടെമേൽ തമ്പുരാനു വിശ്വാസംപോരാ, അതുകൊണ്ടു ഞാൻതന്നെ പട നടത്തണമെന്നു കല്പിച്ചു. അമ്മ അശേഷം ഖേദിക്കേണ്ട. എനിക്ക് യാതൊരാപത്തും വരികയില്ല. സദാ ആദികേശവനെധ്യാനിച്ചുകഴിയുന്ന തിരുമനസ്സുകൊണ്ട് എനിക്ക് അനുഗ്രഹം തന്നുകഴിഞ്ഞു. എവിടെ ഇരുന്നാലും മരണം വരേണ്ട കാലത്ത് വരും. അതിനാൽ അമ്മ അധൈര്യപ്പെടരുത്. ശകുനത്തിലും സ്വപ്നത്തിലും വിശ്വസിക്കാൻ തുടങ്ങിയാൽ അവസാനമില്ലമ്മേ. അതുകൊണ്ട് അമ്മ എനിക്ക് അനുവാദവും അനുഗ്രഹവും തരണം. ഞാൻ പോയിവരട്ടെ."

ഈ വാക്കുകൾ കേട്ട ആ വീരജനനി, വിത്രസ്തഹൃദയത്തോടെ പുത്രന് അനുമതി നൽകി. അനന്തരം, ദേവകി, പ്രാണനാഥന്റെ കാല്ക്കൽവീണു "ദുർന്നിമിത്തങ്ങൾ കാണുന്നതുകൊണ്ട് ഇത്തവണ യുദ്ധത്തിനു പോകരുതെ"ന്നപേക്ഷിച്ചു. അതും ഈ രാജ്യഭക്തൻ കൂട്ടാക്കിയില്ല. ഒടുത്തതായി, ദേവകി ചാർത്തിയ വീരമാല്യവുമണിഞ്ഞുകൊണ്ട് ഇരവിക്കുട്ടിപ്പിള്ള പരദേവതയായ

ചാമുണ്ഡിയുടെ ക്ഷേത്രത്തിൽചെന്നു് പ്രാത്ഥന നടത്തി. അവിടെയും ചില ദുശ്ശകുനങ്ങൾ കണ്ടതായി പറയപ്പെടുന്നു. എന്നിട്ടും അധൈര്യപ്പെടാതെ ഇദ്ദേഹം യാത്രയ്ക്കു തീരുമാനിച്ചു. ജയഘോഷം മുഴക്കിക്കൊണ്ടു് വേണാട്ടു സേന മുന്നോട്ടുനീങ്ങിത്തുടങ്ങി. ഇതേപ്പററി ഒരു പ്രാചീനകവി ഇങ്ങനെ പാടിയിരിക്കുന്നു:—

"പടൈയ്ക്കുപ്പെററാരീരവിപ്പിള്ളെ
പമ്പരമൂത്തുക്കടൈചേരുമാം
കുടൈയ്ക്കുകീഴെയിരവിപ്പിള്ളെപോറ
കൊലൃവൈപ്പാരെടീതോഴിപ്പെണ്ണേ.

* * * *

കണ്ണനെൻപാർചിലർ മന്നനെൻപാർ
കാമനോ സോമനോ വാറതെൻപാർ
മന്നർക്കുകണ്ണ്റ്നമന്തിരിയാനവർ
വാറശീങ്കാരത്തെപ്പാരുങ്കോടീ"

പാണ്ടിപ്പട പാളയം അടിച്ചിരുന്നതു് കണിയാകുളം പാടത്തിൻെറ തെക്കുഭാഗത്തായിരുന്നു. പാവ്തീപുരത്തിനു് കുറച്ചു് അകലെ, തെക്കുകിഴക്കാണു് കണിയാകുളം. വേണാട്ടു സൈന്യം വടക്കുഭാഗത്തുവന്നു് നിലയുറപ്പിച്ചു് സമരകാഹളംമുഴക്കിക്കൊണ്ടു് രണ്ടു സൈന്യങ്ങളും നിരന്നു, യുദ്ധവും തുടങ്ങി; വാളുകൾ കൂട്ടിമുട്ടുന്ന 'ക്ലിക്ക്' ശബ്ദം ആകാശത്തിൽ മാറെറാലിക്കൊണ്ടു. വെട്ടേററു വീഴുന്നവരുടെ ദീനരോദനം വളരെ ദൂരെക്കേൾക്കാം ഇരവിയുടെ വാൾ രക്തം കുടിച്ചു മദിച്ചു. "വീരസ്വഗ്ഗം മരിച്ചെങ്കിൽ, കാര്യസാദ്ധ്യം

ജയിക്കകിൽ" എന്ന നിശ്ചയത്തോടുക്രടി തിരുവിതാം ക്രർ സൈന്യം മുന്നോട്ടുകയറി.

വാട്ടുകപ്പടയും ധീരമായി യുദ്ധംചെയ്തു. ആ പടക്കള ത്തിലൂടെ രക്തംഒഴുകി. വേണാട്ടുസൈന്യം തോൽവി യെപ്പററി സംശയിച്ചതേയില്ല. പെട്ടെന്നു് കുലംകുത്തി കളായ മന്ത്രിമാരും അനുയായികളും പിൻവാങ്ങി. അടു ത്തുള്ള കുന്നിൽ കയറി മറഞ്ഞു. വേണാട്ടു പടയുടെ അണിമുറിച്ചു പിൻപക്കം പററാൻ പഴുതില്ലാതെ പതറിനിന്ന ശത്രുസൈന്യം ഈ തക്കംകണ്ടഉടൻ ഇരു വശത്തുക്രടിയും വ്യൂഹം മുറിച്ചു ഇരവിക്കുട്ടിപ്പിള്ള യുടെ പ്രധാനസേനയെവളഞ്ഞു. ഇതു പടത്തലവൻ കണ്ടെങ്കിലും ഒട്ടും കുലുങ്ങിയില്ല. ആ വീരയോ ദ്ധാവും അനുചരന്മാരും നാലുവശവും വാൾവീശി ശത്രു നിരയെ അരിഞ്ഞുവീഴ്ത്തി. തങ്ങളുടെ ആരാധനാ മൂത്തിയായ പടത്തലവൻെറ അമാനുഷപ്രവൃത്തിയും അനിതരസാധാരണമായ ധൈര്യപ്രകടനങ്ങളും വീര്യോ ത്തേജകങ്ങളായ ആജ്ഞകളുംകൊണ്ടു് പ്രോത്സാഹിപ്പി ക്കപ്പെട്ട വേണാട്ടുപട ഒട്ടും ക്രസൽക്രടാതെ ശത്രുക്കളെ പിന്നാക്കം പായിച്ചു. പടത്തലവൻ ജീവനോടിരിക്കു മ്പോരം ജയം കേവലം അസാദ്ധ്യമെന്നു നിശ്ചയംവന്ന രാമപ്പയ്യൻ ധമ്മയുദ്ധത്തിനു വിരുദ്ധമായി ഒരു വൻ ചതി പ്രയോഗിക്കാൻ സന്നദ്ധനായി. അയാളുടെ അശ്വസൈന്യത്തിലൊരുവനെ പിൻഭാഗത്തുക്രടി ചെ ന്നു ഇരവിക്കുട്ടിപ്പിള്ളയെ ചതിച്ചുകൊല്ലുവാൻ രാമപ്പ യ്യൻ നിയോഗിച്ചു. അതാ ഒരു ഭടൻ ഇരവിക്കുട്ടിപ്പിള്ള

യുടെ പുറകിൽചെന്നു് അദ്ദേഹത്തെ സഹായിക്കാനെന്ന മട്ടിൽ നിന്നുകൊണ്ടു്, വാളുയൎത്തി കഴുത്തിനെ ഖാക്കാക്കി വെട്ടിക്കഴിഞ്ഞു. ആ പുരുഷകേസരി നിലംപതിച്ചു.

ആ ശിരസ്സ് വേർപെടുത്തി എടുക്കാൻ രാമപ്പയ്യൻ 'കരവാളു'മായി ഓടിഎത്തി. അല്പസമയംകൊണ്ടു് അയാളുടെ അഭീഷ്ടം സാധിച്ചു. അതിനെ ഒരു പട്ടിൽ പൊതിഞ്ഞു് തിരുമലനായ്ക്കൻെറ സന്നിധിയിലേക്കയക്കുകയും ചെയ്തു. ഗാംഭീൎയ്യം ഓളംതല്ലുന്ന ആ മുഖം, അപ്പോഴും ജീവനുള്ളതാണോ എന്നു കണ്ടവർ സംശയിച്ചു. ആ ചുവന്ന കണ്ണുകളിൽ അപ്പോഴും രാജ്യസ്നേഹം നിഴലിക്കുന്നുണ്ടായിരുന്നു.

ഇരവിക്കുട്ടിപ്പിള്ളയെ ചതിച്ചുകൊന്നവാൎത്ത ചാരന്മാർ മുഖാന്തരം മധുരനായ്ക്കൻ അറിഞ്ഞു കുണ്ഠിതപ്പെട്ടു്. പിന്നീടു തലകാണുകക്രുടി ചെയ്തപ്പോൾ അദ്ദേഹം അത്യന്തം വ്യസനിച്ചുവെന്നാണു പറയപ്പെടുന്നതു്. അതിനാൽ, ആ തലയെ അതിൻെറ ഉടലിനോടു ചേൎക്കാനായി രാമപ്പയ്യനു് തിരിച്ചു് അയച്ചുകൊടുത്തുവത്രെ.

മഹാരാജാവു് യുദ്ധവാൎത്തയറിഞ്ഞു് കണ്ണുനീർ വാൎത്തു. വീരാഗ്രണിയായ ഇരവിക്കുട്ടിപ്പിള്ളയുടെ ദാരുണമരണം അദ്ദേഹത്തെ അത്യധികം ദുഃഖിപ്പിച്ചു. തിരുവിട്ടുന്നു് കല്പിച്ചതനുസരിച്ചു് ഭൃത്യന്മാർ പരേതൻെറ ശവശരീരത്തെ പല്ലക്കിൽ കയററി കൊട്ടാരത്തിൽ കൊണ്ടുവന്നു. അവിടെനിന്നും തിരുമനസ്സിലെ മേൽനോട്ടത്തിൽതന്നെ അതിനെ വലിയവീട്ടിലും എത്തിച്ചു.

തിരുവനന്തപുരത്തു നിന്നും മടങ്ങിയെത്തിയ കാളിനായർ തന്റെ ഗുരുവിന്റെ മരണവൃത്താന്തമറിഞ്ഞു് വാവിട്ടുകേണു. ഉടൻ തന്നെ, ആ ശിരസ്സ് കൊണ്ടു വരുന്നതാണെന്നു സത്യം ചെയ്തിട്ടു് അയാൾ ശത്രു സങ്കേതത്തിലേയ്ക്കു യാത്രയായി. രാമപ്പയ്യന്റെ പാളയത്തിൽചെന്നു് ആ ധീരൻ നിർഭയം തന്റെ യജമാനന്റെ ശിരസ്സ് ആവശ്യപ്പെട്ടു. നായിക്കന്റെ ഉത്തരവു ലഭിച്ചതിൻവണ്ണം ശിരസ്സ് തിരിയെ കൊടുത്തയക്കാൻ വഴി ആലോചിച്ചുകൊണ്ടിരുന്ന രാമപ്പയ്യൻ കാളിനായർക്കു ഉടൻ തന്നെ ആ തല തിരിച്ചുകൊടുത്തു. അതുംകൊണ്ടു് ആ ബലിഷ്ഠൻ മിന്നൽവേഗത്തിൽ വലിയ വീട്ടിലേക്കു പാഞ്ഞു.

മകന്റെ മുഖം ഒരു നോക്കുകാണാൻ ഈശ്വരിപ്പിള്ള ഓടി എത്തി. എന്നാൽ എന്താണു കണ്ടതു്? ശിരസ്സില്ലാത്ത ജഡംമാത്രം!! വൃദ്ധയായ ആ സ്ത്രീ അസ്തപ്രജ്ഞയായി താഴെ വീണു. മഹാരാജാവു് അവരെ സമാശ്വസിപ്പിച്ചുവെങ്കിലും പുത്രശോകം അടക്കുവാൻ ആ ധീരയ്ക്കുകഴിഞ്ഞില്ല. ക്ഷണനേരം കൊണ്ടു് ആ വീരപ്രസു പരലോകം പൂകിയത്രേ!

ദുശ്ശകുനങ്ങൾ കണ്ടുവെങ്കിലും, തന്റെ പ്രിയഭർത്താവു് യുദ്ധത്തിൽ വിജയം തന്നെ വരിക്കുമെന്നും, തൃക്കൈയ്യിൽനിന്നും സമ്മാനങ്ങളും വാങ്ങി നിരപായം തിരിച്ചെത്തുമെന്നുമാണു്, സാധ്വിയായ ദേവകി വിചാരിച്ചിരുന്നതു്. പക്ഷേ, ദൈവവിധി മറിച്ചായിരുന്നു. അവൾ ഈ കാഴ്ചകൾ എങ്ങനെ കണ്ടു സഹിക്കും? ഇരവി

കുട്ടിപ്പിള്ളയില്ലാത്ത ജീവിതം അവർക്കു് സൂര്യചന്ദ്രന്മാർ മറഞ്ഞ ആകാശംപോലെ ശൂന്യമല്ലേ? അതിനാൽ ഭത്താവിനെ അനുഗമിക്കാനായി അവർ ആത്മഹത്യ ചെയ്തു.

കാളിനായർ ഇങ്ങനെവിചാരിച്ചു:—"ഞാൻമാത്രം ഇനി ജീവിച്ചിരിക്കുകയോ? ഗുരുനാഥൻ വീരസ്വർഗ്ഗം പൂകി. വന്നുകേറിയതു മുതൽ വയററിനു വാട്ടംകൂടാതെ വിളമ്പിത്തന്ന വീരമാതാവും പുത്രൻെറ പിന്നാലെ പോയി. അവിടുത്തെ ധർമ്മദാരങ്ങളും ഭർത്തൃപാദാന്തിക ത്തിലെത്തിയിരിക്കുന്നു. ഇനി ഈ ശിഷ്യൻമാത്രം എന്തി നു് അവശേഷിക്കുന്നു? പോരെങ്കിൽ, എന്നോടു്, "ഞാൻ ഇട്ടേച്ചുപോണ മുറയൊക്കെ നടത്തിയിട്ടു് നീയുമങ്ങു പോരെ"—എന്നു് അരുളിച്ചെയ്തിട്ടുമുണ്ടല്ലോ. അതി നാൽ ഇന്നുതന്നെ എനിക്കും ഗുരുനികടത്തിലെത്തണം.

കാളിനായർ ആത്മഹത്യചെയ്യാൻ ശ്രമിക്കുന്നതാ യി മഹാരാജാവു് അറിഞ്ഞു. അവിടുന്നു് വേണ്ടവിധ ത്തിൽ അയാളെ സമാശ്വസിപ്പിച്ചു്, ഈ സാഹസ ത്തിൽനിന്നും പിൻതിരിക്കാൻ കഴിയുന്നതും ശ്രമിച്ച വെങ്കിലും ഫലിച്ചില്ല. തറയിൽ കുത്തിനിറുത്തിയ വാളി ന്മേൽ അടവുചവുട്ടി അഭ്യാസമുറയിൽ പാഞ്ഞു് ആ വീരയോദ്ധാവു് ആത്മഹത്യചെയ്തു.

കല്പനയനുസരിച്ചു്, വിശേഷവിധിപ്രകാരം മൂന്നു ചിതകൾ വലിയവീട്ടിൽ തയ്യാറാക്കി. കുതിരപ്പടയും കാ ലാൾപ്പടയും ദുഃഖസൂചകമായ ചടങ്ങുകൾ ആചരിച്ചു.

ഏതാനും മണിക്കൂറുകൾകൊണ്ട് മൃതദേഹങ്ങൾ ചാമ്പലായിത്തീൎന്നു. കാളിനായരുടെ മൃതശരീരത്തെ അദ്ദേഹത്തിൻെറ സ്വദേശമായ കുഞ്ചാക്കോട്ടു കൊണ്ടുപോയി ഒരു കുന്നിന്മേൽ സംസ്ക്കരിപ്പിച്ചു.

ഇങ്ങിനെ വലിയവീട്ടിൽ കണ്ട ദൃശ്യങ്ങൾ തെററിയില്ല. ഇതോടുകൂടി പ്രസ്തുത വീടിനും പുരയിടങ്ങൾക്കും അവകാശികളില്ലാതെയായി. അതിനാൽ സൎക്കാരിൽനിന്നും അവയെ പാലിച്ചുപോന്നു. ഒടുവിൽ ഈ വക വസ്തുക്കൾ അരുമന അമ്മവീട്ടുകാൎക്ക് രാജദത്തമായി ലഭിച്ചുവെന്നാണ് അറിയപ്പെടുന്നതു്.

കണിയാകുളം പാടത്തിൻെറ മദ്ധ്യത്തിൽ ഒരു പ്രതിമ ഈ അടുത്തകാലംവരെ ഉണ്ടായിരുന്നു. അതു്, ഇരവിക്കുട്ടിപ്പിള്ളയുടെ ബഹുമാനാൎത്ഥം മഹാരാജാവു് സ്ഥാപിച്ചിട്ടുള്ളതാണ്. വളരെക്കാലങ്ങൾക്കു ശേഷം അതിനു ചില കേടുകൾ സംഭവിച്ചു. അതിനാൽ ഇപ്പോൾ ആ വിഗ്രഹത്തെ പത്മനാഭപുരം കൊട്ടാരത്തിലേയ്ക്കു മാററിയിട്ടുണ്ട്.

MUNAVVIRUL ISLAM HIGH SCHOOL
Date...........
ERNAKULAM.

# കോട്ടയം കേരളവർമ്മത്തമ്പുരാൻ

ലോകത്തിൻെറ ഏതു ദശയിലും അതിനെ ഭരിക്കുന്നതു തൂലികയും ഖഡ്ഗവുമാണെന്നു ഒരു അഭിപ്രായമുണ്ടു്. ഇതിൽ അതിവിപുലമായ അർത്ഥം അന്തർഭവിച്ചിരിക്കുന്നു. വെറും മൃഗീയശക്തി തന്നെ ലോകഭരണം അപഹരിച്ചു പരിപാലിച്ചിരുന്ന കാലഘട്ടത്തെപ്പററിയുള്ള പൂർണ്ണവിവരങ്ങൾ പ്രാചീനചരിത്രങ്ങളും അവയെ ആസ്പദമാക്കി എഴുതിയിട്ടുള്ള കാവ്യങ്ങളും നമ്മെ ധരിപ്പിക്കുന്നു. ഗ്രീസിലെ ഹെർക്കുലീസും ഭാരതവർഷത്തിലെ ഭീമസേനനും മററും ലോകവിജയികളായി. സുഖലോലുപന്മാരും ശ്രമവിമുഖന്മാരും അശക്തന്മാരുമായിരുന്ന രാജാക്കന്മാർ യുദ്ധാങ്കണങ്ങളിലും അവരവരുടെ രാജ്യങ്ങളിലും നിന്നു പലായനം ചെയ്തിട്ടുള്ളതായി നാം അനവധി കഥകൾ വായിച്ചിട്ടുണ്ടു്. ശരീരബലത്തിൻെറ വാഴ്ച തെളിയുന്ന ഈ ഘട്ടത്തെ ഖഡ്ഗത്തിൻെറ ഭരണകാലം എന്നു വ്യവഹരിച്ചു വരുന്നു.

പിന്നീടാണു തൂലികയുടെ മാഹാത്മ്യം വെളിപ്പെട്ടുന്നതു്. യുക്തിയുക്തങ്ങളായ വാദങ്ങളും സാരതരങ്ങളായ അഭിപ്രായങ്ങളും ബുദ്ധിപൂർവ്വങ്ങളായ തന്ത്രകൗശല്യങ്ങളും ജനതാഹൃദയത്തെ ആകർഷിച്ചടിമപ്പെടുത്തുവാൻ പര്യാപ്തങ്ങളാണെന്നു വന്നു. റൂസ്സോ, ടാൾസ്റ്റായി, വിവേകാനന്ദൻ, രവീന്ദ്രനാഥ ടഗോർ, മഹാത്മാ ഗാന്ധി, എ

ന്നിങ്ങനെ ബുദ്ധിശാലികളായ പ്രമാണികളുടെ പതാകയിൻകീഴിൽ ജനലക്ഷങ്ങൾ സന്ധിച്ചു തുടങ്ങി. അവരുടെ അഭിപ്രായങ്ങളും ചിന്താഗതികളും തൂലികവഴിയായി ജനതാമദ്ധ്യത്തിൽ പ്രചരിച്ചു സർവ്വാദരത്തേയും സമ്പാദിച്ചു. ഈ ഘട്ടത്തിനു് തൂലികാഭരണകാലമെന്നു പേർ കല്പിക്കാം.

ഇങ്ങനെ രാജ്യഭരണസംബന്ധമായ പരിവത്തനങ്ങളെ വിശാലമായി വിഭജിക്കാമെങ്കിലും രണ്ടാമതുപറഞ്ഞ ഭരണായുധത്തിൻെറ മഹാത്മ്യവും ശക്തിയും ഭൂമിയുണ്ടായ കാലം മുതൽ ഇന്നേവരെ നിലനിൽക്കുന്നുണ്ടെന്നുള്ളതു വിസ്മരിച്ചുകൂടാ. തൂലികയെന്നതിൽ വെറും ഭരണതന്ത്രകൗശല്യമോ ശാസ്ത്രപരിജ്ഞാനമോ അല്ല അടങ്ങിയിരിക്കുന്നതു്. ലോകഹൃദയത്തിൻെറ അന്തർഭാഗങ്ങളിൽ വികാരതരംഗങ്ങൾ ഇളക്കുന്നതിനുതക്കതായ ആശയപ്രവാഹങ്ങൾകൊണ്ടു് സർവ്വലോകത്തേയും വശീകരിക്കുന്ന മഹാകവികളുടെ അപ്രതിഹതമായ ശക്തി അന്നും ഇന്നും ഒരുപോലെതന്നെ നിലകൊള്ളുന്നു. അവർ സമ്പാദിച്ചുകൊടുത്തിട്ടുള്ള വിഭവങ്ങൾ കൊണ്ടോ, അവർ തെളിച്ചിട്ടുള്ള മാർഗ്ഗങ്ങളിൽ കൂടിയോ,മാത്രമേ ജനസമുദായ നേതാക്കന്മാർ മുന്നോട്ടു കടക്കുന്നുള്ളു. മഹാപണ്ഡിതനായ കാർലൈൽ ഇങ്ങനെ ചോദിക്കുന്നു:—"നമ്മെ ഭരിക്കുന്നതാരാണു്? ഒരു പാർലമെണ്ടോ? അങ്ങനെയാണെങ്കിൽ അമേരിക്ക നമ്മിൽനിന്നു വേർപെടുന്നില്ലേ? ഒരു രാജാവോ? അതും അമേരിക്കയ്ക്കു് ഇല്ലല്ലോ? നമ്മെ ഭരിക്കുന്നതു് ഷേക്

സ്പീയർ മഹാകവി മാത്രമാണ്. ആ ലോകചക്രവത്തിയുടെ ശ്വേതാതപത്രത്തിൻ കീഴിൽ നാം ഭക്തിവിവശരായി ഒതുങ്ങിക്കൊള്ളുന്നു." ഇതു് എത്രയും പരമാത്ഥമാണ്. ലോകസമുദായത്തെ നയിക്കുന്നതും അതിനു ജീവൻ നൽകുന്നതും മഹാകവികളാണ്. കേരളത്തിന്റെ രാജ്യഭരണസംബന്ധമായി എത്ര ഭീമങ്ങളായ മാററങ്ങൾ വന്നുപോയാലും തുഞ്ചത്തു് എഴുത്തച്ഛനേയും കുഞ്ചൻനമ്പ്യാരേയും പൂജിക്കാതിരിക്കുന്ന ഒരു കാലം ഉണ്ടാവുകയില്ല. കാലഭേദംകൂടാതെ ലോകഭരണം നടത്തുന്നതു് മഹാകവികളാണെന്നു സിദ്ധിക്കുന്നു. അവരുടെ തൂലികയാണ് സവ്വവിധത്തിലും പ്രശസ്തമായിരിക്കുന്നതു്.

നമ്മുടെ പഠനത്തിനു പാത്രമായിട്ടുള്ള മഹാപുരുഷൻ തൂലികയും ഖഡ്ഗവും ഒന്നുപോലെ പ്രയോഗിച്ച യശസ്സു് ആജ്ജിച്ചു് കാലയവനികയ്ക്കുള്ളിൽ അന്തർദ്ധാനം ചെയ്തിട്ടുള്ള ഒരു രാജകവിയും കവിരാജനുമായിരുന്നു എന്നതിനു തിരുവിതാംകൂർചരിത്രവും കേരളവമ്മ രാമായണം, വൈരാഗ്യചന്ദ്രോദയം മുതലായ ഉത്തമഗ്രന്ഥങ്ങളും സാക്ഷ്യങ്ങളാണ്. അദ്ദേഹത്തിന്റെ കാവ്യങ്ങളിലെ സഗ്ഗങ്ങൾ എന്നോണം ആ ജീവിതമഹാകാവ്യത്തിന്റെ പുരോഗമനത്തെക്കുറിക്കുന്ന ഓരോരോ യുദ്ധങ്ങളും ഹൃദയാവജ്ജകങ്ങളായിരുന്നു. അദ്ദേഹത്തിന്റെ അപദാനങ്ങൾ കേരളീയരുടെ ഐശ്വര്യത്തേയും കാവ്യങ്ങൾ അവരുടെ ഹൃദയശുദ്ധിയേയും സംരക്ഷിക്കുന്നതിനു് ഒരുപോലെ പയ്യാപ്തങ്ങ

ളായി. രണാങ്കണത്തിൽ വിജയലക്ഷ്മിയും പാരായണ ശാലയിൽ ശ്രീസരസ്വതിയും അദ്ദേഹത്തെ പുഞ്ചിരി തൂകി അനുഗ്രഹിച്ചു. ഉദ്ധതനായ പ്രതിയോഗിയെ ഭ്രൂമുഖപ്രണാമം ചെയ്യിക്കുവാൻ വാളയത്തിയ ഹസ്തം തന്നെ സമവീഴ്യത്തോടുകൂടി നാരാചപ്രയോഗംകൊണ്ടു ജനതാഹൃദയത്തിലെ ആന്ധ്യതമസ്സകററുവാൻ പ്രയുക്തമായി. പരുഷകക്ശങ്ങളായ കർമ്മലോകരംഗങ്ങളേയും മൃദുലപേലവങ്ങളായ കാവ്യലോകരംഗങ്ങളേയും അദ്ദേഹം തുല്യപാടവത്തോടുകൂടി തരണംചെയ്തു. ഇങ്ങനെ ലോകവിജയത്തിനു നിദാനങ്ങളായ രണ്ടു ചര്യകളിലും "പുരളീവരവഞ്ചികേരളനരപാലൻ" പ്രശസ്തനായി പരിലസിച്ചു.

ഈ വീരമഹാകവിയുടെ ജനനകാലത്തേയും യുവദശയേയുംപററി നമുക്കു കൃത്യമായി യാതൊന്നും അറിവില്ല. അഭിജ്ഞോത്തംസമായ ഉള്ളൂർ മഹാകവി "സാഹിത്യപരിഷത്തു് ത്രൈമാസിക"ത്തിൽ "പുതുവാതപ്പാട്ടു്" എന്ന വില്ലടിച്ചാൻപാട്ടിനെ ആസ്പദമാക്കി ഈ മഹാപുരുഷനെപ്പററി എഴുതിയിരുന്ന ലേഖനത്തിൽ വടക്കൻകോട്ടയത്തു (പുറവഴിനാട്ടിൽ) ഗോദവർമ്മരാജാവിൻെറ സഹോദരിയായ ഉമാദേവിക്കു ശ്രീപരമേശ്വരൻെറ കാരുണ്യത്താൽ ജാതനായ പുത്രനാണു് ഈ തമ്പുരാനെന്നു് പ്രസ്താവിച്ചിരിക്കുന്നു. അദ്ദേഹം ബാല്യത്തിൽ അക്ഷരവിദ്യയും ആയുധവിദ്യയും തക്ക ഗുരുനാഥന്മാരിൽ നിന്നഭ്യസിച്ചു. അനന്തരം പരദേവതയായ പോർക്കലി ഭദ്രകാളിയിൽനി

ന്നു അത്ഭുതകരമായ വിധത്തിൽ ഉടവാൾ നേടി. ഗോദ വർമ്മയുടെ മന്ത്രി പ്രയോഗിച്ച ഏഷണികൾ നിമിത്തം അമ്മാവനും അനന്തരവനും തമ്മിൽ വിരോധത്തിനിടവന്നു. മഹാധീരനായ കേരളവർമ്മ മന്ത്രിയെ വധിച്ചു. വിവരമറിഞ്ഞ അമ്മതമ്പുരാൻ പാപപരിഹാരത്തിനായി തീർത്ഥസ്നാനം ചെയ്യണമെന്നുപദേശിച്ചു വേണ്ട സഹായം ചെയ്തു. അദ്ദേഹത്തിൻെറ പരദേശയാത്ര സംഭവബഹുലമായിരുന്നു. അനവധി ദ്രവ്യവുംകൊണ്ടു തിരിച്ചെത്തിയ കേരളവർമ്മ സ്വമാതാവിൻെറ അനുഗ്രഹത്തിനു പാത്രമായി. അചിരേണ ഗോദവർമ്മ അദ്ദേഹത്തെ യുവരാജാവായിട്ടഭിഷേകം ചെയ്തു. വീണ്ടും കേരളവർമ്മ തീർത്ഥസ്നാനത്തിനു പുറപ്പെട്ടു. പടിഞ്ഞാറേക്കരയിലുള്ള പ്രധാന സ്ഥലങ്ങൾ സന്ദർശിച്ച ശേഷം വർക്കല എത്തി അവിടെവച്ച് പരിചയിക്കാനിടവന്ന ഒരു ബ്രാഹ്മണൻെറ ഉപദേശപ്രകാരം അന്നു് ആററിങ്ങൽ വാണിരുന്ന അശ്വതി തിരുനാൾ ഉമയമ്മറാണിയെ മുഖംകാണിച്ചു. "വേണാട്ടിൽ പടവീടു പരിപാലിക്കുന്നതിനു രാജാവില്ലാത്തതിനാൽ" അദ്ദേഹത്തെ ദത്തെടുത്തു് അവകാശിയാക്കാമെന്നു മഹാറാണി അരുളിച്ചെയ്തു. തമ്പുരാൻ അതിനെ അനുകൂലിക്കയാൽ അപ്രകാരം ചെയ്യപ്പെട്ടു. ഈ ദത്തുനിമിത്തം അദ്ദേഹം 'പുരളീവരവഞ്ചികേരളനരപാലൻ' ആയിത്തീർന്നു. ഇങ്ങനെ തീർത്ഥയാത്ര പുറപ്പെട്ടു വന്ന കേരളവർമ്മ തിരുവിതാംകോട്ടേ ഇളയരാജാവായി. വേണാടു ഭരിക്കുന്നതിനു പ്രാപ്തിയുള്ള രാജാക്കന്മാരുടെ

അഭാവം നിമിത്തം ഉമയമ്മറാണി നന്നെ ക്ലേശിച്ചിരുന്ന ഒരു ഘട്ടത്തിലാണു് ദക്ഷിണാപഥകമ്പകനായ മുകിലൻ കൊല്ലം 855-ൽ ആരുവാമൊഴിവഴി ആക്രമണം നടത്തിയതു്. ആകപ്പാടെ അമിത പ്രഭാവനായ കേരളവൎമ്മ റാണിയുടെ ആജ്ഞയനുസരിച്ചു് ഒരു സൈന്യവുമായി 856 ചിങ്ങം 20-ാംനു- തിരുവട്ടാററുവച്ചു മുകിലനോടെതിൎത്തു. യുദ്ധത്തിനു മുമ്പു് അദ്ദേഹം ആദികേശവക്ഷേത്രത്തിൽ ചെന്നു ഭജനമിരിക്കയും സ്വാമിയെപ്പററി ഒരു കീർത്തനം രചിക്കയും ചെയ്തു. കേരളവർമ്മ യുദ്ധത്തിൽ മുകിലനെ വധിച്ചു. ബഹുജനാശീൎവ്വാദങ്ങളോടൊന്നിച്ചു് അദ്ദേഹം രാജധാനിയിലേക്കു മടങ്ങി. (അല്പകാലത്തിനുള്ളിൽ രാജദ്രോഹികളെ അമർച്ചവരുത്തി. ഇതുകൂടാതെ തേവാരത്തുകോയിക്കൽ, വലിയകോയിക്കൽ എന്നിങ്ങനെ രണ്ടു രാജമന്ദിരങ്ങൾ പണിയിക്കയും കാലാൾപ്പട, കുതിരപ്പട മുതലായ സൈന്യവിഭാഗങ്ങളെ സജ്ജീകരിക്കയും ചെയ്തതിന്റെ ശേഷം അദ്ദേഹത്തിന്റെ ശ്രദ്ധ രാജ്യഭരണപരിഷ്ക്കാരങ്ങളിലേക്കു തിരിഞ്ഞു.) ഈ വിഷയത്തിൽ അദ്ദേഹം ചെയ്ത ഏൎപ്പാടുകൾ ഏകദേശം ശ്രീവീരമാൎത്താണ്ഡവൎമ്മ മഹാരാജാവു തിരുമനസ്സിലെ ക്ഷേമസംപൂൎണ്ണമായ രാജ്യഭരണകാലംവരെ നിലനിന്നു എന്നുള്ളതും ചരിത്ര പ്രസിദ്ധമാണു്.

(ഇങ്ങനെ പടവെട്ടുവാനും നാടുഭരിക്കുവാനും ചെയ്ത നിരന്തരപരിശ്രമങ്ങൾക്കിടയിലും ഈ മഹാനുഭാ

വൻ സരസ്വതീപൂജയെ കൈവെടിഞ്ഞില്ല. താൻ പണിയിച്ച വലിയകോയിക്കൽ വച്ച് അനേകം നിശാകാലങ്ങളിൽ അനുവർത്തിച്ച ഈ പൂജയുടെ ഫലമായി കേരളവർമ്മ രാമായണം, വൈരാഗ്യചന്ദ്രോദയം, പാതാളരാമായണം, ബാണയുദ്ധം, മോക്ഷദായകപ്രകരണം, മോക്ഷസിദ്ധിപ്രകരണം എന്നീ ഭാഷാഗ്രന്ഥങ്ങളും, രാഗമാല പത്മനാഭകീർത്തനം എന്നീ സംസ്ക്കൃത ഗാനങ്ങളും ആദികേശവസ്തോത്രം എന്ന മലയാള ഗാനവും കേരളീയർക്കു സംസിദ്ധമായി. എന്നാൽ ഈ മന്ദിരംതന്നെ അദ്ദേഹത്തിൻെറ പ്രാണാപായരംഗമായും പരിണമിക്കയാണു ചെയ്തതു്. കാലക്രമത്തിൽ അദ്ദേഹത്തിനും റാണിക്കും തമ്മിൽ രസക്ഷയം നേരിടാനിടയായി. റാണിതന്നെ കേരളവർമ്മയെ ശിക്ഷിച്ചതായി കൊല്ലം 992 മകരം 1-ാംനു- അത്തിയറപ്പാററി കണ്ണൽമണ്ട്രോ സായിപ്പു മുമ്പാകെ എഴുതിവച്ച മൊഴിയിൽനിന്നു നിശ്ചയിക്കാം. ഇപ്രകാരം കേരളവർമ്മ അകാലചരമം പ്രാപിച്ചതു് 858 മിഥുനം 3-ാംതീയതിയാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. താഴെ എഴുതുന്ന പാട്ടു് അദ്ദേഹത്തിൻെറ ചരമവേളയിൽ അദ്ദേഹത്തിനും ഭൃത്യനും തമ്മിൽ നടന്ന സംഭാഷണത്തെ സൂചിപ്പിക്കുന്നതാണത്രേ:—

"പന്തം പൊലിഞ്ഞോടാ പരപ്പുക്കുട്ടീ?"
"പനിവെള്ളം പൊഴിഞ്ഞിട്ടേ തമ്പുരാനേ."
"ചതിയോ വിധിയോടാ പരപ്പുക്കുട്ടീ?"
"ചതിയല്ല വിധിയാണേ തമ്പുരാനേ."

കിർമ്മീരവധം മുതലായ ആട്ടക്കഥകളുടെ കർത്താ

വായ കോട്ടയത്തു വിദ്വാൻതമ്പുരാൻ ഇദ്ദേഹത്തിൻെറ "അനന്തരജ"നായിരുന്നുവെന്നുള്ള ചില പണ്ഡിതന്മാരുടെ അനുമാനം ശരിയല്ലെന്നു് മഹാകവി ഉള്ളൂർ അഭിപ്രായപ്പെട്ടിരിക്കുന്നു. ആദ്ദേഹം "പുരളീശൻ" എന്നാണു് സ്വയം നാമകരണം ചെയ്തുകാണുന്നതു്.

(1) 'കേൾക്കെടോ പുരളീശാ,
പാർത്ഥിവ ശിരോമണേ'
—വൈരാഗ്യചന്ദ്രോദയം.

(2) 'പുരളീവരവഞ്ചി കേരളമഹീപാലൻ
കരളിലിരുന്നരുളീടുക കവിമാതേ.'
—കേരളവർമ്മ രാമായണം

(3) 'അക്ഷതബലമിയലും രിപുകുലമൊക്കെ
മടിച്ചിഹ പുരളീശം'..................
—ആദികേശവകീർത്തനം

എന്നിങ്ങനെയുള്ള ഭാഗങ്ങൾ നോക്കുക.

പുരളി എന്ന പേർ വടക്കൻ കോട്ടയത്തു പുറവഴിനാട്ടിൻെറ സംസ്കൃതനാമമാണു്. അങ്ങനെ പുറവഴി രാജാക്കന്മാർ പുരളീശന്മാരായി. എന്നാൽ ഇതുകൊണ്ടു മാത്രം തൃപ്തിപ്പെടാതെ ഈ രാജകവി. വഞ്ചിരാജ്യാധിപൻ എന്നുകൂടി അഭിമാനിക്കുന്നുണ്ടു്. അതിനു കാരണം മുൻപറഞ്ഞ ദത്തുതന്നെയായിരിക്കണം. അദ്ദേഹത്തിൻെറ കാവ്യങ്ങൾ അക്കാലത്തും ധാരാളം പ്രചാരത്തിൽ ഇരുന്നിരിക്കാം.

ഇനി അദ്ദേഹത്തിൻെറ പ്രധാനകൃതികളെപ്പററി സ്ഥൂലമായി ചിന്തിക്കാം.

കേരളവർമ്മരാമായണം ആ മഹാകവിയുടെ കൃതി

കളിൽവച്ച് അതിപ്രധാനവും വിശിഷ്ടതമവുമാകുന്നു. 'സംസ്കൃതഗ്രന്ഥങ്ങളുടെ കൂടസ്ഥ'മെന്നും ആദികാവ്യമെന്നും പ്രസിദ്ധവും 'ശ്രീ വാല്മീകിമഹർഷിയുടെ അപ്രതിമപ്രതിഭാവിലാസ'ത്താൽ മഹനീയവുമായ വാല്മീകിരാമായണത്തെ മലയാളത്തിൽ പരിഭാഷപ്പെടുത്തുവാൻ നമ്മുടെ രാജകവിയെ പ്രേരിപ്പിച്ചതു് ആ ഉത്തമഗ്രന്ഥത്തിലടങ്ങിയിരിക്കുന്ന രസങ്ങളും ആശയാദികളും സംസ്കൃതഭാഷാഭിജ്ഞന്മാരല്ലാത്ത മലയാളികൾക്കൂടി ഗ്രഹിച്ച് ആസ്വദിച്ചുകൊള്ളട്ടെ എന്നുള്ള മഹാമനസ്കന്റെ കാരുണ്യപൂർവ്വമായ വിചാരമാണല്ലോ. ഏതായാലും കേരളീയർക്കു് അതിമനോഹരവും സരസവും തത്വപ്രചുരവും ധൈര്യവീര്യസന്ദായകവുമായ ഒരമൂല്യഗ്രന്ഥം ഈ മഹാകവിയുടെ തൂലികയിൽനിന്നും സംസിദ്ധമായി എന്നുള്ളതു നിസ്തർക്കമാണു്.

കേരളവർമ്മരാമായണം വാല്മീകിരാമായണത്തിന്റെ പ്രതിപാദമോ പ്രതിശ്ലോകമോ വൃത്താനുവൃത്തമോ ആയ ഒരു തർജ്ജിമ അല്ല. മൂലഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങൾ ഒന്നും വിട്ടുപോകരുതെന്നും, മലയാളികൾക്കു വായിച്ചാൽ മനസ്സിലാകത്തക്ക ലളിതഭാഷയിലായിരിക്കണമെന്നും മാത്രമേ അദ്ദേഹത്തിനു് നിഷ്കർഷയുണ്ടായിരുന്നുള്ളു എന്നാണു തോന്നുന്നതു്. ആധുനികമലയാളത്തിന്റെ പിതാവായ തുഞ്ചത്തെഴുത്തച്ഛൻ അദ്ധ്യാത്മരാമായണതർജ്ജിമയിൽ അനുകരിച്ചതുപോലെ ഇദ്ദേഹവും ചുരുക്കേണ്ടിടത്തു ചുരുക്കിയും കൂട്ടേണ്ടിടത്തു കൂട്ടിയും വിവരിക്കേണ്ടിടത്തു വിവരിച്ചും

ഉപേക്ഷിക്കേണ്ടതു് ഉപേക്ഷിച്ചുമാണ് വാല്മീകിരാമായണം ഭാഷാന്തരം ചെയ്തിട്ടുള്ളതെന്നു കേരളവർമ്മരാമായണം മൂലകാവ്യവുമായി ഒത്തുനോക്കിയാൽ പ്രത്യക്ഷപ്പെടുന്നതാണ്. മലയാളഭാഷയ്ക്കു സവിശേഷം യോജിക്കുന്നതും മലയാളികൾക്കു് സർവ്വത്ര രുചിക്കുന്നതും സംസ്കൃതവൃത്തങ്ങളെക്കാൾ ദ്രാവിഡവൃത്തങ്ങളാണെന്നു സ്വാനുഭവംകൊണ്ടു് ഗ്രഹിച്ചിരുന്ന കേരളവർമ്മരാജാവ് അദ്ദേഹത്തിൻെറ രാമായണതർജ്ജിമയ്ക്കു് ഹൃദ്യമായ കിളിപ്പാട്ടു രീതിതന്നെ സ്വീകരിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലോ.

ഭാഷാന്തരീകരണത്തിൻെറ മാതൃക കാണിക്കാനും ഈ കവിയുടെ കവിതാചാതുര്യം പ്രത്യക്ഷപ്പെടുത്തുവാനും മാത്രമായി രണ്ടു ഭാഗങ്ങൾ ഉദ്ധരിക്കാം:—

"ഊനഷോഡശ വർഷോ മേ രാമോ രാജീവലോചനഃ
ന യുദ്ധയോഗ്യതാമസ്യ പശ്യാമി സഹരാക്ഷസൈഃ".

എന്നു ദശരഥമഹാരാജാവ് വിശ്വാമിത്രനോടു പറയുന്ന ഭാഗത്തെ അദ്ദേഹം ഇങ്ങനെയാണ് തർജ്ജിമ ചെയ്തിരിക്കുന്നതു്:—

"അല്ലിത്താർനയനനാമെന്നുണ്ണിക്കിപ്പോൾ തിക-
ഞ്ഞില്ലിഹ പതിനാറു വയസ്സുപോലും പാർത്താൽ
അല്ലയോ കുമാരനെയെങ്ങനെ തരേണ്ടു ഞാൻ?
കല്യത യുദ്ധത്തിങ്കലുണ്ടായീലവനിന്നും."

വാല്മീകിരാമായണം അയോദ്ധ്യാകാണ്ഡത്തിൽ 41-ാംസർഗ്ഗം 9-ാംശ്ലോകമായ

"രാമം ദശരഥം വിദ്ധി മാം വിദ്ധി ജനകാത്മജാം
അയോദ്ധ്യാമടവീം വിദ്ധി ഗച്ഛതാത യഥാസുഖം"

എന്നു സുമിത്ര ലക്ഷ്മണനോടു പറയുന്ന ഭാഗത്തെ കവി എപ്രകാരം ഭാഷാന്തരം ചെയ്തിരിക്കുന്നു എന്നു് നോക്കുക:—

"രഘുപതിരാമൻ ദശരഥനെന്നും
ജനകജ തന്നെ ജനനി ഞാനെന്നും
അയോദ്ധ്യാപട്ടണമടവിയെന്നതും
ഗരുഡവാഹനൻ തമയനെന്നതും
പരിചുള്ള സീതാ രമാദേവിയെന്നും
അരണ്യം വൈകുണ്ഠമിതെന്നതും പിന്നെ
മരിക്കും ഭൂപതി സുതവിരഹത്താൽ
പിറന്നേടത്തു ഞാൻ ഗമിക്കുമെന്നതും
അരണ്യമായീടുമയോദ്ധ്യയെന്നതും
മനസ്സിൽ നന്നായി നിനച്ചുകൊണ്ടു നീ
മനം കലുങ്ങാതെ മകനേ പോയാലും."

മൂലശ്ലോകത്തെ മൂന്നർത്ഥത്തിൽ പരിഭാഷപ്പെടുത്തിയിരിക്കുവെന്നു് ഇതിൽനിന്നും പ്രത്യക്ഷമാണല്ലോ.

ഈ തർജ്ജിമയിൽനിന്നും കവിക്കു പ്രാസദീക്ഷയില്ലെന്നു വ്യക്തമാകുന്നുണ്ടു്. അർത്ഥത്തെയുപേക്ഷിച്ചും പ്രാസം പ്രയോഗിക്കണമെന്നു നിർബന്ധമില്ലെന്നല്ലാതെ വേണമെങ്കിൽ പ്രാസത്തിനു് അദ്ദേഹത്തിന്നു ശേഷം പ്രയാസമില്ലായിരുന്നുവെന്നു തെളിയിക്കാൻ ബാല്യകാണ്ഡത്തിന്റെ ആദിയിൽ കാണുന്ന

അഞ്ചിതാകൃതി കോലും വഞ്ചിഭൂവാസികളാൽ
സഞ്ചിതപുണ്യപൂരം സഞ്ചിതജലരാശൗ
അഞ്ചിതോരഗപതി മഞ്ചശായിയാം ദേവൻ

പഞ്ചബാണാരിവന്ദ്യൻ പഞ്ചഭൂതാധിവാസൻ
പഞ്ചകഥായശീർഷ പഞ്ചജന്നാശീഗണ
പഞ്ചത കൊട്ടത്തവൻ പഞ്ചജന്നാസുരാരി-
ഇത്യാദിഭാഗം മതിയാകുന്നതാണു്.

പാതാളരാമായണം കിളിപ്പാട്ടു് നാലു പാദങ്ങളുള്ള ഒരു ചെറുകൃതിയാണു്. ബാണയുദ്ധം മുമ്പറഞ്ഞതിനെക്കാൾ ചെറുതായ ഒരു ഭാഷാഗാനമാകുന്നു. വൈരാഗ്യചന്ദ്രോദയം ഹംസപ്പാട്ടു്, തത്വോപദേശസമ്പൂർണ്ണമായുള്ള ഒരു കവിതയാണു്. കലാപങ്ങളും ശത്രുബാധകളും നീങ്ങി രാജ്യത്തു സമാധാനവും ക്ഷേമവും വ്യാപിച്ചശേഷം ഉണ്ടായ കവിതയായിരുന്നേക്കാൻ മതി. ഇതിലുപയോഗിച്ചിട്ടുള്ളതു കിളിപ്പാട്ടുവൃത്തമാണെങ്കിലും ഹംസം കഥ പറയുന്നതുകൊണ്ടായിരിക്കാം ഹംസപ്പാട്ടെന്നപേർ സിദ്ധിക്കാനിടയായതു്. മോക്ഷദായകപ്രകരണം, മോക്ഷസിദ്ധിപ്രകരണം എന്നിവ വേദാന്തപരമായ ഭാഷാഗാനകൃതികളാകുന്നു. പതിന്നാലു പത്തി തുടങ്ങിയിട്ടുള്ള ഒരു കീർത്തനമാണു് ആദിശിവ സ്തോത്രം. ഓർമ്മിക്കാനുള്ള സൗകര്യത്തിനുവേണ്ടി ഇതു് അകാരാദിയിൽ തുടങ്ങുന്നു. 'അ' മുതൽ 'അഃ'വരെയുള്ള പ്രസ്തുത സ്തോത്രം തിരുവട്ടാറു കേശിമഥനൻെറ മാഹാത്മ്യത്തെ പുരസ്കരിച്ചു നിർമ്മിച്ചതാണെന്നുള്ള മുദ്രയോടുകൂടി അവസാനിക്കുകയുംചെയ്യുന്നു. പ്രഥമപദ്യം താഴെചേർക്കുന്നു.—

അഹികുലവരശയന! രമാവര! മഹിത-
പദാംബുജനതപാതക-

ദഹന! ജനാർദ്ദന! ദനുജാന്തക! ദരസര-
സിജധര! കരുണാകര!
അഹമഹമികയൊടു പൊരുവാൻ വരുമഹിതരെ
യുധി സപദി ജയിപ്പതി-
നഹരഹരൊരുവരമരുളീടുക കേശിമഥന=
നാഥ! തൊഴുന്നേൻ.

രാഗമാലയും പത്മനാഭകീർത്തനവും അതിരമണീയങ്ങളായസംസ്കൃതഗാനങ്ങളാകുന്നു. ഈ കൈരളീഭക്തൻെറപ്രശസ്തി മലയാളഭാഷയുള്ളിടത്തോളം കാലം നിലനില്ക്കുകതന്നെ ചെയ്യും.

കേരളവർമ്മരാജാവിനെപ്പററി വടക്കൻ കോട്ടയത്തും അനവധി വീരകഥകൾ ഇന്നും സ്മരിക്കപ്പെടുന്നുവത്രെ. ഇപ്രകാരം സ്വന്തരാജ്യമായ കോട്ടയത്തും താൻ രക്ഷിച്ച രാജ്യമായ തിരുവിതാംകൂറിലും കേരളസാഹിത്യ സാമ്രാജ്യത്തിലും അദ്ദേഹത്തിൻെറ യശസ്സു നിലനില്ക്കുന്നു.

# അയ്യപ്പൻമാർത്താണ്ഡപ്പിള്ള ദളവ

ദക്ഷിണതിരുവിതാംകൂറിലെ പട്ടണങ്ങളിലൊന്നായ കുഴിത്തുറനിന്നും ഒരു രാജപാത തെക്കപടിഞ്ഞാറോട്ടുണ്ട്. തേങ്ങാപ്പട്ടണത്തിൽ ചെന്നവസാനിക്കുന്നതും ഇരുവശങ്ങളിലും കേരം, താലം ആദിയായ വൃക്ഷങ്ങൾ തഴച്ചുനിൽക്കുന്നതുമായ ഈ റോഡിൽക്കൂടി യാത്രചെയ്യുന്നതു് ഉല്ലാസപ്രദമാണ്. കുഴിത്തുറനിന്നും തിരിച്ചു് മൂന്നു നാലു മൈൽ സഞ്ചരിച്ചാൽ "മുഞ്ചിറ" എന്ന മനോഹരമായ പ്രദേശത്തു് ചെന്നുചേരാം. ഇവിടമാണ് വിശ്രുതനായ അയ്യപ്പൻ മാർത്താണ്ഡപ്പിള്ളയുടെ ജന്മദേശം. ഇവിടെ സമ്പത്സമൃദ്ധികൊണ്ടും ജനസ്വാധീനംകൊണ്ടും പുകൾപെററ "ഏററപ്പുറ" എന്നൊരു നായർഭവനം ഉണ്ടായിരുന്നതു് ഇപ്പോഴും കാണാം. ഈ ഗൃഹത്തിൽ കൊല്ലവർഷം 886-ാമാണ്ടിടയ്ക്കു് മാർത്താണ്ഡപ്പിള്ള ജാതനായി.

രാജഭക്തിയിലും രാജ്യഭക്തിയിലും അദ്വിതീയനായ അയ്യപ്പൻപിള്ളയായിരുന്നു ഏററപ്പുറയിലെ കാരണവർ. ഇദ്ദേഹം ഒരു കളരി ഏർപ്പെടുത്തിയിരുന്നു. ഏററപ്പുറയിലെന്നല്ല മിക്ക പ്രഭുകുടുംബങ്ങളിലും അക്കാലത്തു് കളരികൾ സാധാരണമാണ്. ഇന്നത്തെപ്പോലെ സമാധാനപാലനത്തിനുള്ള നിയമങ്ങളും അവ പാലിക്കാൻ ഉദ്യോഗസ്ഥന്മാരും അക്കാലത്തു് ചുരുക്കമായിട്ടേ

ഉണ്ടായിരുന്നുള്ളൂ. അതിനാൽ ശത്രുക്കളിൽനിന്നും തങ്ങളുടെ ധനത്തേയും മാനത്തേയും രക്ഷിക്കുന്നതിനും, യുവാക്കന്മാൎക്ക് ആയുധാഭ്യാസം കൊടുക്കുന്നതിനും ഇത്തരം കളരികളുടെ ആവശ്യം അവൎക്ക് നേരിട്ടു. ആവശ്യപ്പെട്ടാൽ രാജ്യത്തിനും രാജാവിനും വേണ്ടിയും കളരിയംഗങ്ങൾ അടരാടുമത്രേ. പൂൎവകാലങ്ങളിൽ, മഹാരാജാക്കന്മാർ പ്രഭുകുടുംബങ്ങളെ ഓരോന്നിനേയും നേരിട്ടറിഞ്ഞിരുന്നതിനാൽ, പലപ്പോഴും ഇവരുടെ സഹായം ആവശ്യപ്പെടുകയും ചെയ്തിരുന്നു.

പിച്ച നടന്നുതുടങ്ങിയതു മുതൽ മാൎത്താണ്ഡൻ കളരിയിലെ യുവാക്കന്മാരുടെ കോലാഹലങ്ങൾ കണ്ട് ആനന്ദിക്കുക പതിവായിരുന്നു. എങ്കിലും "പയ്യനെ പത്തക്ഷരം" പഠിപ്പിച്ചിട്ട്, കളരിയിൽ കയററിയാൽ മതിയെന്ന്, അയ്യപ്പൻപിള്ള തീരുമാനിച്ചു. അതിനായി, നാട്ടുനടപ്പനുസരിച്ച് അടുത്തുള്ള ഒരു കുടിപ്പള്ളിക്കൂടത്തിൽ "പിള്ള"യെ അയയ്ക്കുകയുണ്ടായി. പത്തുവയസ്സുതികയുന്നതിനുമുമ്പ്, ആശാനു പഠിപ്പിക്കാനുള്ളതെല്ലാം ശിഷ്യൻ പഠിച്ചുകഴിഞ്ഞു. അത്രബുദ്ധിയും ധാരണാശക്തിയുമാണ് ബാലനുണ്ടായിരുന്നത്. അനന്തരം അമ്മാവൻെറ അനുവാദത്തോടുകൂടി ബാലൻ കളരിയൽ ചേൎന്നു കച്ചകെട്ടി. അവിടെയും പയററുമുറകൾ മനസ്സിലാക്കുവാൻ മാൎത്താണ്ഡനു് വളരെനാൾ വേണ്ടിവന്നില്ല. ബാല്യംമുതൽ ശരിയായ വ്യായാമം ചെയ്തുകൊണ്ടിരുന്നതിനാൽ മാൎത്താണ്ഡപ്പിള്ളയുടെ ശരീരത്തിനു് ദാൎഢ്യവും നാൾക്കുനാൾ വർ

ഢിച്ചു. നല്ല നീണ്ടുനിവന്ന ശരീരം, വീതിയേറിയ മാറിടം, മുസലസദൃശമായ ഭുജദണ്ഡങ്ങൾ, പൌരുഷം തുളുമ്പുന്നമുഖം, വിനയസമന്വിതമായ നോട്ടം ഇവ കണ്ടാൽ, "മിഴിയുള്ളവർ നിന്നുപോകും", സംശയമില്ല. അധികനാൾ കഴിഞ്ഞില്ല, മാർത്താണ്ഡപ്പിള്ള കളരിയിലെ ആശാനായിത്തീൻ. ഇതോടുകൂടി അഭ്യാസപടുക്കളായ ഏതാനും യുദ്ധവീരന്മാരുടെ നേതൃസ്ഥാനവും ഈ പുരുഷകേസരിക്ക സിദ്ധിച്ചു.

ഇക്കാലത്തു് ഒരുദിവസം വേഷപ്രച്ഛന്നനായി മാർത്താണ്ഡവർമ്മയുവരാജാവു് ഏററുപ്പുറ ഭവനത്തിൽ വന്നുചേൻ. അവിടത്തെ കാരണവനായ അയ്യപ്പൻപിള്ളയുടെ ജനസ്വാധീനവും രാജ്യഭക്തിയും യുവരാജാവു് ഗൂഢമായി അന്വേഷിച്ചു് അറിഞ്ഞിരുന്നു. അതിനാൽ അവിടുന്നു് ആപച്ഛങ്കകൂടാതെ ഏററുപ്പുറയിൽ കുറെദിവസം താമസിച്ചു. അദ്ദേഹത്തിൻെറ അവിടത്തെ താമസം ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയായിരുന്നു. അതിനടുത്തു് 'കാഴ്ച്ചാമഠം' മാടമ്പിയുടെ വീടു് ഉണ്ടായിരുന്നു. ഈ മാടമ്പി ശത്രുപക്ഷത്തിൽചേൻ്റു് രാജ്യത്തിനും രാജാവിനും എതിരായ പ്രവത്തനങ്ങളിൽ ഏർപ്പെട്ടിരുന്നതിനാൽ, അയാളെ അമർച്ച ചെയ്യണമെന്നു തമ്പുരാൻ ആഗ്രഹിച്ചിരുന്നു. വിവരം അയ്യപ്പൻപിള്ളയെ അറിയിച്ച ഉടൻതന്നെ കാരണവർ അയാളെ ഒരു ഗൂഢപ്രയോഗം കൊണ്ടു നിഗ്രഹിച്ചു. ശത്രുവർഗ്ഗത്തിലെ പ്രബലനായ ഒരാൾ ഇലഞ്ഞപ്പോൾ യുവരാജാവിനു് അതിയായ സന്തോഷ

മുണ്ടായി. ഏററുപ്പുറക്കാരോടുണ്ടായിരുന്ന സ്നേഹവും ശതഗുണീഭവിച്ചു. രാജാവിൻെറ താമസത്തിനുശേഷം ഈ ഗൃഹം "ഉള്ളിരുപ്പ്" എന്ന പേരിൽ അറിയപ്പെട്ടുവന്നു.

കൊ. വ. 904-ാമാണ്ട് മാൎത്താണ്ഡവൎമ്മ രാജ്യഭാരം കൈയ്യേററു. അക്കാലത്ത് രാജ്യകാൎയ്യങ്ങൾ കുഴഞ്ഞമട്ടിലായിരുന്നു. എട്ടുവീടർ, മാടമ്പിമാർ, യോഗക്കാർ തുടങ്ങിയ പലരും രാജാവിനു് എതിരായി പലതും പ്രവൎത്തിച്ചുവന്നു. തന്നിമിത്തം നാട്ടിൽ സ്വൈരവും സമാധാനവും ഉണ്ടായിരുന്നില്ല. രാജാവു് രാജ്യഭരണം തുടങ്ങിയതു മുതൽ സ്ഥിതിഗതികൾ മാറാൻതുടങ്ങി. അവിടത്തെ ഭുജവീൎയ്യം 'സ്വാമിദ്രോഹി'കളുടെ നേൎക്കുതിരിഞ്ഞു. അല്പകാലം കൊണ്ടു കുഞ്ചുതമ്പിമാരും എട്ടുവീടരും യമപുരിയിലെത്തി. ഒട്ടുപേർ നാടുകടത്തപ്പെട്ടു. വിപ്ലവബീജം വിതച്ചുകൊണ്ടിരുന്നവർ ഇല്ലെന്നായപ്പോൾ നാട്ടിൽ സമാധാനവും സംജാതമായി.

അനന്തരം മഹാരാജാവു് ശത്രുസംഹാരത്തിനും മററും ആത്മാൎത്ഥമായി സഹായിച്ചവരെ കൊട്ടാരത്തിൽ വരുത്തി സമ്മാനങ്ങളും കരമൊഴിവായി വസ്തുവകകളും കൊടുക്കാൻ തുടങ്ങി. ഇക്കൂട്ടത്തിൽ ഉള്ളിരുപ്പുകാരും ഉൾപ്പെട്ടു. അവൎക്കു് "തിരുമുഖത്തു തമ്പി ചെമ്പകരാമൻ" എന്ന് സ്ഥാനവും വസ്തുവകകളും സമ്മാനിച്ചുവത്രേ. അധികം താമസിയാതെ മാൎത്താണ്ഡപ്പിള്ളയെ കാരണവൻെറ അനുമതിയോടുകൂടി പട്ടാളത്തിൽ ഒരു ഉദ്യോഗസ്ഥനാക്കി. ഈ യുവാവിൻെറ ശേഷിയും ശേമുഷിയും

കണ്ടു സന്തുഷ്ടനായ അന്നത്തെ സേനാനായകൻ കുമാര സ്വാമിപ്പിള്ള അട്ടത്തുണ്ടായ സൈന്യപരിഷ്കാരത്തിൽ മാൎത്താണ്ഡപ്പിള്ളയെ ഒരു ഉപസേനാനായകനായി ഉയൎത്തി.

ഈ ഘട്ടത്തിൽ അന്നത്തെ വേണാട്ടുചരിത്രം നാം അല്പം മനസ്സിലാക്കേണ്ടതുണ്ടു്. ദേശിംഗനാട്ടും കായംകുളവും അന്നു് വളരെ പ്രാബല്യത്തിലിരുന്നിരുന്നു. കായംകുളം രാജാവിന്നു് കൊല്ലവും വേണാട്ടും കൈയ്യടക്കി, രാജ്യാതിൎത്തി കന്യാകുമാരിവരെ നീട്ടണമെന്നു് ആഗ്രഹം ജനിച്ചു. എന്നാൽ വീരമാൎത്താണ്ഡവൎമ്മമഹാരാജാവിനെ എങ്ങനെ ജയിക്കാൻകഴിയും? ഈ അമിത്രത്തിൻെറ ശക്തി, മാൎത്താണ്ഡപിള്ളയുടെ ബാഹുബലംകൊണ്ടു് എങ്ങനെ അമൎത്തപ്പെട്ടുവെന്നു നമുക്കു മനസ്സിലാകും.

കൊല്ലം രാജാവിന്നു് സന്തതിയില്ലാതിരുന്നതിനാൽ അദ്ദേഹം കായംകുളത്തുനിന്നും ഒരു ദത്തെടുക്കുകയുണ്ടായി. പൂൎവ്വബന്ധുവായ വേണാടിനെ വിസ്മരിച്ചുകൊണ്ടുള്ള ദത്തെടുപ്പു് മാൎത്താണ്ഡവൎമ്മയ്ക്കു രസിച്ചില്ല. ദത്തുനിമിത്തം കൊല്ലംരാജാവിൻെറ കാലശേഷം ആ രാജ്യം കായംകുളംവകയായിത്തീരും. ഈ കൗശലം മനസ്സിലാക്കിയ ശക്തൻതമ്പുരാൻ, ദേശിംഗനാട്ടിൻെറ ദത്തവകാശത്തെ ആക്ഷേപിച്ചു. അക്കാലത്തുതന്നെ തിരുവിതാംകൂർവക പടിഞ്ഞാറെ കല്ലടയിൽ കൊല്ലം രാജാവു് നടത്തിയ ആക്രമണം യുദ്ധത്തിന്നു് പ്രധാന കാരണമായി. കായംകുളം രഹസ്യമായും പരസ്യമായും സഹായിച്ചിട്ടും, 'മാൎത്താണ്ഡമഹീന്ദ്ര'ൻെറ ഭുജവീൎയ്യം

തടക്കാൻ സാധിച്ചില്ല. കൊല്ലവർഷം 906 മുതൽ പതിനഞ്ചു സംവത്സരക്കാലം നീണ്ടുനിന്ന ഈ യുദ്ധങ്ങളുടെ ഫലമായി, ആ രണ്ടു രാജ്യങ്ങളും വേണാടിനോടു ചേർക്കപ്പെട്ടു. ഈ ഘോരസമരങ്ങളിൽ പ്രധാനപങ്കു വഹിച്ചതു് മാർത്താണ്ഡപ്പിള്ളയായിരുന്നതിനാൽ, മഹാരാജാവിൻെറ പ്രത്യേക പ്രശംസയ്ക്കു് അദ്ദേഹം പാത്രമായിത്തീർന്നു.

കായംകുളവുമായി യുദ്ധം നടന്നുകൊണ്ടിരുന്നതിനിടയിൽ വേണാടിനു് വേറൊരു ശത്രുവിനെ നേരിടേണ്ടിവന്നു. അതു് ഡച്ചുകാരായിരുന്നു. കായംകുളം രാജാവിൻെറ കൂട്ടുകെട്ടിൽപെട്ടിരുന്ന ആ വിദേശീയരും മാർത്താണ്ഡവർമ്മയുടെ ഭുജബലത്തിൽ അസൂയാലുക്കളായി. പോരെങ്കിൽ, കൊല്ലം-കായംകുളം യുദ്ധങ്ങൾ അവരുടെ വ്യാപാരത്തേയും മന്ദീഭവിപ്പിച്ചു. അതിനാൽ അവർ കുറെ സൈന്യവുമായി കുളച്ചൽ ഇറങ്ങി അവിടത്തെ തുറമുഖവും സമീപസ്ഥലങ്ങളും കീഴടക്കിയശേഷം പത്മനാഭപുരം പിടിക്കുന്നതിനു് തിരിച്ചു. ഇത്രയുമായപ്പോൾ അയ്യപ്പൻ മാർത്താണ്ഡപ്പിള്ളയുടെ നേതൃത്വത്തിൽ ഒരു സൈന്യം തെക്കോട്ടുപാഞ്ഞു. തിരുവിതാംകൂർ സേന, ശത്രുക്കളുടെമേൽ ആപതിച്ചു. ഗത്യന്തരമില്ലാതെ ഡച്ചുകാർ തോററു പിന്മാറി. അവരുടെ കപ്പലുകൾ നശിച്ചു; കുറേപ്പേർ തടവുകാരായും പിടിക്കപ്പെട്ടു. ഇക്കൂട്ടരിൽ പ്രധാനിയാണു് പില്ക്കാലത്തു തിരുവിതാംകൂർ സേനാനായകനായി നിയമിക്കപ്പെട്ട 'വലിയകപ്പിത്താൻ' ഡിലനായി (ഡെലെണവാ)

കളച്ചൽയുദ്ധം തിരുവിതാംകൂറിന്റെ ഭാഗധേയം നിർണ്ണയിക്കുന്ന ഒന്നുതന്നെയായിരുന്നു. ഡച്ചുകാരുടെ തോൽവി, കായംകുളത്തേയും ചെമ്പകശ്ശേരിയേയും വിറപ്പിച്ചു. ഇവിടെയാണു് അയ്യപ്പൻ മാർത്താണ്ഡപ്പിള്ള യുടെ സമരസാമർത്ഥ്യവും വിപദിധൈര്യവും പ്രത്യക്ഷപ്പെട്ടതു്. യുദ്ധം ജയിച്ചതറിഞ്ഞപ്പോൾ മഹാരാജാവു സന്തോഷാശ്രുക്കൾ പൊഴിച്ചു. രാജാവും സേനാപതിയും ഒന്നുപോലെ ശക്തന്മാരായാൽ എന്തുതന്നെ നടക്കയില്ല?

ദളവയായിരുന്ന രാമയ്യനു് രാജ്യവിസ്തൃതി വർദ്ധിപ്പിക്കാൻ സൈന്യസമേതം ഉത്തരദിക്കിൽതന്നെ താമസിക്കേണ്ടിയിരുന്നു. അതിനാൽ തെക്കൻദിക്കിലെ സമാധാനപാലനത്തിനും ഭരണത്തിനും മഹാരാജാവു് മാർത്താണ്ഡപ്പിള്ളയെ വലിയ സർവ്വാധികാര്യക്കാരായി കല്പിച്ചു നിയമിച്ചു. ഈ ഉദ്യോഗത്തിലും അദ്ദേഹം പ്രശോഭിക്കുകതന്നെ ചെയ്തു. ഏറെത്താമസിയാതെ, ഇദ്ദേഹത്തെ ഡിപ്ടി ദളവയാക്കി ഉയർത്തി. മാവേലിക്കര താമസിച്ചുകൊണ്ടു് രാമയ്യൻ വടക്കൻ ദിക്കിലേയും, തിരുവനന്തപുരത്തു താമസിച്ചുകൊണ്ടു് മാർത്താണ്ഡപ്പിള്ള തെക്കൻ ദിക്കിലേയും ഭരണം ഭംഗിയായി നടത്തിപ്പോന്നു.

രാമയ്യൻ ദളവ 931-ൽ ഇഹലോകം വെടിഞ്ഞു. ഈ വിയോഗം തിരുമനസ്സിനെ വിമഥിച്ചു. അവിടത്തെ ഓജസ്സും ഉർജ്ജസ്വലതയും കുറഞ്ഞു തുടങ്ങി. ദളവയുടെ മരണശേഷം ആ ജോലികൂടി നോക്കിക്കൊള്ളുവാൻ മാർത്താണ്ഡപ്പിള്ളയെയാണു് മഹാരാജാവു് ചുമ

തലപ്പെട്ടത്തിയതു്. 933-ൽ ആ രാജേന്ദ്രനും സ്വർഗ്ഗം പൂകി.

അനന്തരം ഭരണഭാരമേററതു് ധർമ്മരാജാവെന്ന പേരും പെരുമയും പെററ കാർത്തികതിരുനാൾ ശ്രീരാമവർമ്മമഹാരാജാവായിരുന്നു. ആ 'കല്യാണകല്പതരു' യുവരാജാവായിരുന്നപ്പോൾ തന്നെ മാർത്താണ്ഡപ്പിള്ളയുടെ സത്യസന്ധതയും, പ്രവൃത്തി ചതുരതയും നേരിട്ടറിഞ്ഞിരുന്നു. രാമയ്യന്റെ പിൻഗാമിയായിരിക്കാൻ മാർത്താണ്ഡപ്പിള്ള സർവ്വഥാ അർഹൻ തന്നെയെന്നു മനസ്സിലാക്കിയ തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ തൽസ്ഥാനത്തു് സ്ഥിരപ്പെടുത്തുകയുണ്ടായി. പട്ടാളത്തിൽ ഒരു ഉദ്യോഗസ്ഥനായി പ്രവേശിച്ച മാർത്താണ്ഡപ്പിള്ള അചിരേണ പ്രധാനമന്ത്രി പദത്തിൽ എത്തി.

അയ്യപ്പൻ മാർത്താണ്ഡപ്പിള്ളയുടെ സേവനകാലം മുഴുവൻ യുദ്ധങ്ങളുടെ ബഹുളമായിരുന്നു. വീരാഗ്രണിയായിരുന്ന രാമയ്യൻ ദളവ വടക്കൻ തിരുവിതാംകൂറിൽ താമസിച്ചിരുന്ന കാലത്തു്, രാജ്യത്തിന്റെ കിഴക്കേ അതിർത്തിയിൽ കർണ്ണാട്ടിക്കു് നവാബിന്റെ ഒരു ആക്രമണം ഉണ്ടായി. നമ്മുടെ വക കളക്കാട്ടു്, വള്ളിയൂർ മുതലായ പ്രദേശങ്ങൾ അയാൾ കീഴടക്കുകയും അവയെ തൃശ്ശിനാപ്പള്ളി ഗവർണ്ണരുടെ ഭരണത്തിലുൾപ്പെടുത്തുകയും ചെയ്തു. അയൽ രാജ്യങ്ങളുമായുള്ള യുദ്ധത്തിനിടയ്ക്കു്, കിഴക്കോട്ടും സൈന്യമയയ്ക്കുവാൻ മഹാരാജാവിനു് സാധിച്ചില്ല. എങ്കിലും, പ്രതിഭാശാലിയായ രാമയ്യൻ അധികം താമസിയാതെ ഗവർണ്ണറെ സ്വാ

ധീനപ്പെടുത്തി ആ പ്രദേശങ്ങൾ വീണ്ടെടുക്കുകയും, നീതിപരിപാലനത്തിനും മററുമായി ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും ചെയ്തു. കൂടാതെ 2000 പട്ടാള ക്കാരെയും അവിടെ താമസിപ്പിച്ചു; രണ്ടുമൂന്നു വർഷം കഴിഞ്ഞപ്പോൾ തൃശ്ശിനാപ്പള്ളി ഗവർണ്ണർ മുഡീമിയ്യാ സ്വാതന്ത്ര്യഭരണം തുടങ്ങി. ഇതു് നവാബിനു് രസിച്ചി ല്ല. അയാൾ ഉടൻ മാഫ് സുൽഖാൻെറ നേതൃത്വത്തിൽ സൈന്യമയച്ചു് മുഡീമിയ്യായെ തോല്പിച്ചു. ഗവർണ്ണ രുടെ തോൽവി ശ്രവിച്ചപ്പോൾ കളക്കാട്ടിൽ താമസി ച്ചിരുന്ന തിരുവിതാംകൂർ സൈന്യം തോവാളയിലേ യ്ക്കു പിൻമാറി. ഇതോടുകൂടി കന്യാകുമാരിവരെയുള്ള സ്ഥലങ്ങൾ യുദ്ധംകൂടാതെ നവാബിനു സ്വാധീനമാ യി. മുഡീമിയ്യാ, തിരുവിതാംകൂർ മഹാരാജാവിനെ പ്രേരിപ്പിച്ചു് കളക്കാടിനെ ആക്രമിപ്പിച്ചു. ഡെലെണവ (ഡിലനായി)യുടെ നേതൃത്വത്തിലുള്ള സൈന്യത്തെ എതിത്തു നിൽക്കുവാൻ മഫ് സുൽഖാനു കഴിഞ്ഞില്ല. അയാൾ മാറാറു പിന്മാറി. എന്നാൽ 934-ൽ അ യാൾ വീണ്ടും യുദ്ധത്തിനു വന്നു. എങ്കിലും തമ്പി ചെമ്പകരാമൻപിള്ളയുടെ സമർത്ഥമായ മേൽനോട്ടത്തിൽ തിരുവിതാംകൂർ സൈന്യം വിജയിക്കതന്നെചെയ്തു.

മഫ് സുൽഖാൻ ന്യായരഹിതമായി തിരുവിതാം കൂർ വക സ്ഥലങ്ങൾ ആക്രമിച്ചതിനെപ്പററി മളവ നവാബിനോടു പരാതിപറഞ്ഞു. ഇംഗ്ലീഷുകാരുടെ സുഹൃത്തായ തിരുവിതാംകൂറിനോടു ഗവർണ്ണർ അകാ രണം യുദ്ധം ചെയ്തതറിഞ്ഞപ്പോൾ നവാബ് കോപി

ഷ്യനായിത്തീൎന്നു. മഫ്സ്ഫൽഖാനെ ശിക്ഷിക്കുന്നതിനും തൽസ്ഥാനത്തുനിന്നും മാററുന്നതിനും അദ്ദേഹം തീച്ച യാക്കി. ആജ്ഞ നടത്തുവാൻ യൂസഫ്ഖാനെ സൈന്യ സമേതം തുശ്ശിനാപ്പള്ളിയ്ക്കയച്ചു. അയാൾ തിരുവി താംകൂറിൻെറ സഹായത്തോടുകൂടി മഫ്സുൽഖാനെ തോല്പിച്ചോടിച്ചു. പിന്നീടു യൂസഫിനെ നവാബ് തുശ്ശിനാപ്പള്ളി ഗവർണ്ണരായി നിയമിച്ചുത്തരവയച്ചു. തന്നെ സഹായിച്ചതിന് പ്രതിഫലമെന്നോണം, കന്യാകുമാരിമുതൽ കളക്കാടുവരെയുള്ള പ്രദേശങ്ങൾ യൂസഫ്ഖാൻ തിരുവിതാംകൂറിനു വിട്ടുകൊടുത്തു.

അല്പകാലം കഴിഞ്ഞപ്പോൾ യൂസഫ്ഖാനും സ്വ തന്ത്രഭരണം തുടങ്ങി. മാത്രമല്ല, നവാബുമായി യുദ്ധം ചെയ്യുന്നതിന് അയാൾ ഫ്രഞ്ചുകാരുടെയും തിരുവി താംകൂറിൻെറയും സഹായം അപേക്ഷിക്കയുംചെയ്തു. ദുമ്മതിയും ദുരാഗ്രഹിയുമായിരുന്ന ഗവർണ്ണരുടെ അപേ ക്ഷയെ അയ്യപ്പൻമാൎത്താണ്ഡപ്പിള്ള ധൈര്യപൂർവ്വം നിഷേധിച്ചു. തന്നിമിത്തം അയാൾ പാണ്ഡ്യരാജ്യ ത്തിൽ തിരുവിതാംകൂർ വകയായുണ്ടായിരുന്ന സ്ഥലങ്ങ ളിൽ കൊള്ളയും കൊലയും തുടങ്ങി ഉടൻ ദളവ അയ്യപ്പൻ മാൎത്താണ്ഡപ്പിള്ള ഒരു വലിയ സൈന്യത്തെ അയച്ച് യൂസഫിനെ നിശ്ശേഷം തോല്പിച്ചോടിച്ചു. കളക്കാടുമുതൽ കന്യാകുമാരിവരെയുള്ള സ്ഥലങ്ങൾ വീണ്ടും നമുക്കു അധീനമായി.

സമരകുശലനായ ദളവയ്ക്കു് വിശ്രമിക്കുവാനുള്ള അവസരം കിട്ടിയിട്ടുണ്ടോ എന്നു സംശയമാണു്. ഇക്കാ

ലത്തു് കോഴിക്കോട്ടു സാമൂതിരി കൊച്ചിയുടെ പല ഭാഗങ്ങൾ കൈവശപ്പെടുത്തിയതിനാൽ കൊച്ചിരാജാവു തിരുവിതാംകൂറിന്റെ സഹായം അപേക്ഷിച്ചു. സാമൂതിരിയെ തോല്പിക്കുന്നതിനു് പ്രതിഫലമായി, യുദ്ധച്ചെലവിനു പുറമെ ആലങ്ങാട്ടു് പറവൂർ എന്നീ ദേശങ്ങളിൽ മാടത്തിൻകൂറിനുള്ള സകല അവകാശങ്ങളും തിരുവിതാംകൂറിനു വിട്ടുകൊടുക്കാമെന്നും കൊച്ചിരാജാവു് ധർമ്മരാജാവിനെ അറിയിച്ചു. വേണാട്ടധിപൻ ഈ അപേക്ഷയെ അംഗീകരിച്ചതിനെ തുടൎന്നു് കൊച്ചിരാജാവു് 937 ധനുമാസം ഒന്നാംതീയതി തിരുവനന്തപുരത്തുവച്ചും അനന്തരം ശുചീന്ദ്രം ക്ഷേത്രസന്നിധിയിൽവച്ചും ഉടമ്പടി ചെയ്യുകയുണ്ടായി. അതിനാൽ ധർമ്മരാജാവു അയ്യപ്പൻമാൎത്താണ്ഡപ്പിള്ളയോടു കൊച്ചിയെ സഹായിക്കാൻ കല്പിച്ചു. യുദ്ധം ഒരു വിനോദമായും, രാജ്യസേവനം പ്രാണനെക്കാളും മഹത്തരമായും കരുതിയിരുന്ന ദളവ ഡെലെണവ (ഡിലനായി) യോടു സൈന്യസഹിതം പുറകേ വരാൻ ആജ്ഞാപിച്ചിട്ടു്, നേരെ കൊച്ചിയ്ക്കു പുറപ്പെട്ടു. തിരുവിതാംകൂർ സൈന്യത്തിന്റെ വരവുണ്ടെന്നു കേട്ടപ്പോൾ തന്നെ സാമൂതിരിയും കൂട്ടരും അന്ധാളിക്കാതിരുന്നില്ല. പറവൂരിനു സമീപം പാളയമടിച്ചിരുന്ന കോഴിക്കോട്ടു സൈന്യം നിഷ്പ്രയാസം തോല്പിക്കപ്പെട്ടു. പിന്നീടു് നമ്മുടെ സൈന്യം രണ്ടായിപ്പിരിഞ്ഞു; ദളവയും ഡെലെണവ (ഡിലനായി)യുമാണു് അവരെ നയിച്ചതു്. ദളവ തൃശ്ശൂർചെന്നു് അവിടെയുണ്ടായിരുന്ന സാമൂതിരിപ്പടയെ

തോല്പിച്ചു. ഇതിനിടെ ഡെലെണവ (ഡിലനായി) ചൊവ്വര എത്തി അവിടെയുണ്ടായിരുന്ന കോഴിക്കോട്ടു സൈന്യത്തേയും ജയിച്ചുകഴിഞ്ഞു. യുദ്ധകാര്യങ്ങൾ ദളവ മുടക്കംകൂടാതെ മഹാരാജാവിനെ അറിയിച്ചുകൊണ്ടിരുന്നു. തുരുതുരെയുണ്ടായ വിജയം കണ്ടപ്പോൾ കൊച്ചിരാജാവിനും സമാധാനമായി. ഇതിനിടയ്ക്കു സാമൂതിരി വീണ്ടും യുദ്ധത്തിനെത്തി. അപ്പോഴും നമ്മുടെ സൈന്യത്തിന്ന് അവരെ ജയിക്കാൻ തെല്ലും വിഷമമുണ്ടായില്ല, സാമൂതിരി കുഴങ്ങി. ശേഷിച്ചസൈന്യവുമായി അദ്ദേഹം സ്വരാജ്യത്തിലേയ്ക്ക് ഓടി. അവസാനത്തെ യുദ്ധം തുടങ്ങുന്നതിനുമുമ്പേ, ദളവ ഇങ്ങനെ ഒരു പദ്യം സാമൂതിരിക്കയച്ചതായി പറയപ്പെടുന്നു:—

"മാപ്രാണം ത്യജ മാ പ്രാണം
മാപ്രാണ സമവല്ലഭ
മാനവിക്രമ തേജോ ഭിർ
മാനവിക്രമ ഭൂപതേ"

കോഴിക്കോട്ട് ആക്രമിക്കാനായിരുന്നു ദളവയുടെ അടുത്ത ഉദ്യമങ്ങൾ. എന്നാൽ അതിനു് അദ്ദേഹത്തിന്ന് അനുവാദമുണ്ടായിരുന്നില്ല. അതുകൊണ്ടു് അദ്ദേഹം ദൂതൻമുഖാന്തിരം ഇംഗിതം മഹാരാജാവിനെ അറിയിച്ചു. വേണാട്ടുസേനയുടെ നിലകണ്ടപ്പോൾ ഭയപ്പെട്ട് സാമൂതിരി ധമ്മരാജാവിനോടു സമാധാനത്തിനപേക്ഷിച്ചുവത്രെ. അഭയാത്ഥികളെ രക്ഷിക്കുന്നതിൽ അതീവതൽപരനായിരുന്ന രാജാവു് കൊച്ചിയുമായുള്ള സഖ്യം പാലിച്ചാൽ മതിയെന്നും, തൽക്കാലം സാമൂതിരിയുടെ രാജ്യം പിടിക്കേണ്ടതില്ലെന്നും ദളവയ്ക്കു കല്പന അയച്ചു.

അതിനാൽ ദളവയും സൈന്യവും ഇച്ഛാഭംഗത്തോടെ പുറവൂരിൽ തിരിച്ചെത്തി. യുദ്ധം നിർത്തിവച്ചതിന്നാൽ ഒന്നരലക്ഷംരൂപാ തിരുവിതാംകൂറിനുകൊടുത്തു് സാമൂതിരി സഖ്യത്തിലേപ്പെട്ടുകയുംചെയ്തു. കൊച്ചീരാജാവു ഉടമ്പടിപ്രകാരം ആലങ്ങാട്ടും പറവൂരും തിരുവിതാംകൂറിനു വിട്ടുകൊടുത്തു. കൂടാതെ കല്പന പാലിക്കുന്നതിലും ശത്രുവിനെ എതിരിടുന്നതിലും അതീവ താൽപര്യം പ്രദർശിപ്പിച്ച ദളവയുടെ സമരകുശലതയെയും പ്രാപ്തിവൈഭവത്തെയും അഭിനന്ദിച്ചു് അദ്ദേഹത്തിനു സ്വന്തമായി അനുഭവിച്ചുകൊള്ളുവാൻ പുത്തൻചിറ എന്ന ദേശത്തെ കരമൊഴിവായി സമ്മാനിക്കുകയുമുണ്ടായി. എന്നാൽ ആ രാജ്യഭക്തനുണ്ടോ അതു സ്വീകരിക്കുന്നു? അദ്ദേഹം അതിനെ ആലങ്ങാട്ട മണ്ഡപത്തുംവാതലിന്റെ ഒരു പ്രവൃത്തിയാക്കി ചേർക്കുകയാണു ചെയ്തതു്. കുലശേഖരപ്പെരുമാളും പുത്തൻചിറയെ സ്വന്തമാക്കിക്കൊള്ളുവാൻ സന്തോഷപുരസ്സരം കല്പിച്ചനുവദിച്ചു കുറിപ്പയച്ചു. എന്നിട്ടും ആ ധീരോദാത്തൻ സ്വീകരിച്ചില്ല. അദ്ദേഹം മഹാരാജാവിനു് എഴുതിയ കത്തിൽ ഇങ്ങനെയാണു് അറിയിച്ചതു്.—"കരുണാനിധിയായ പൊന്നുതിരുമേനിക്കും രാജ്യത്തിനുംവേണ്ടി മരിക്കേണ്ടിവന്നാൽ അതും അടിയന്റെ വലിയ ഭാഗ്യങ്ങളിൽ ഒന്നായിട്ടുമാത്രമേ, അടിയൻ കരുതുന്നുള്ളു...പുത്തൻ ചിറദേശം തൃപ്പാദങ്ങളിൽ അർപ്പിക്കാനേ അടിയനു അധികാരമുള്ളു. തിരുമനസ്സിലെ ആജ്ഞാകരനായി തിരുനാമം ജപിച്ചുകൊണ്ടു് പോകുന്നവഴിക്കു് കിട്ടുന്നതെല്ലാം തൃപ്പാദങ്ങളിൽ ചേരേ

ണ്ടതാണ്. അടിയന്റെ കുടുംബം തിരുവിതാംകൂർ രാജ്യവും, അനന്തരവർ രാജ്യത്തെ പ്രജകളുമാണെന്നാണ് അടിയൻ കരുതുന്നതു്. അതിനാൽ പുത്തൻചിറ ദേശം അടിയന്റെ കുടുംബവും അനന്തരവരും ശാശ്വതമായി അനുഭവിക്കട്ടെ എന്ന കല്പന അടിയൻ നടത്തിയിരിക്കുന്നു...പുത്തൻ ചിറയെ ആലങ്ങാട്ടുമണ്ഡപത്തും വാതലിന്റെ ഒരു പ്രവൃത്തിയാക്കിക്കഴിഞ്ഞിരിക്കുന്ന അപരാധം കല്പിച്ചു ക്ഷമിച്ചു രക്ഷിക്കുമാറാകണേ പൊന്നുതമ്പുരാനേ—"

തിരുമനസ്സുകൊണ്ടു് എഴുത്തു് തൃക്കൺപാർത്തപ്പോൾ മാർത്താണ്ഡപ്പിള്ളയുടെ നിസ്വാർത്ഥമായ സേവനത്തേയും നിഷ്കളങ്കമായ ദേശാഭിമാനത്തെയും അഭിനന്ദിച്ചു് ആനന്ദതുന്ദിലനായി.

ഇനി ഈ മന്ത്രിസത്തമന്റെ പരിഷ്കാരങ്ങളെപ്പററി അല്പം പറയാം. അദ്ദേഹത്തിന്റെ ധിഷണാപാടവം യുദ്ധകാര്യങ്ങളിൽ മാത്രമല്ല വെളിപ്പെട്ടതു്. കാലോചിതങ്ങളായ ഭരണപരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനും മലവ മത്തശ്രദ്ധനായിരുന്നു. കരംപിരിവിനു കോട്ടംതട്ടാതിരിക്കാൻ, ആദ്യമായി രാജ്യത്തെ മൂന്നു മുഖങ്ങളായി (ഡിവിഷൻ) ഭാഗിച്ചു് ഓരോന്നിലും ഭരണത്തിനു് വലിയസർവ്വാധികാര്യക്കാരെ നിയമിച്ചു. മുഖങ്ങൾ, ഉപമുഖങ്ങൾ, മണ്ഡപത്തുംവാതിലുകൾ, മണിയം, കേൾവി, അധികാരം, പ്രവർത്തി മുതലായി പല ഖണ്ഡങ്ങളായി വിഭജിച്ചു് ഓരോന്നിനും ഉദ്യോഗസ്ഥന്മാരെയും ചുമതലപ്പെടുത്തി. ഇതോ

ടുക്കൂടി കരംപിരിവിനു നേരിട്ടമാന്ദ്യം ഇല്ലാതാവുകയും മുതലെടുപ്പ് വർദ്ധിക്കയും ചെയ്തു. സൈന്യത്തിൽ കൂടുതൽ ആരംഭ ചേർത്തു് ഡെലെണവ (ഡിലനായി)യുടെ മേൽനോട്ടത്തിൽ ശരിയായ ശിക്ഷണം നൽകി. മൈസൂർ സുൽത്താൻെറ ആക്രമണത്തെപ്പററി സംശയം ജനിച്ചിരുന്നതിനാൽ ആ അഹിതനെ തടയുന്നതിനു വേണ്ടി രാജകീയാനുമതിയോടുകൂടി കുരിയാപ്പള്ളിമുതൽ ആനമലവരെ ഇരുപതു് അടി ഘനത്തിലും പന്ത്രണ്ടടി പൊക്കത്തിലും ഒരു കോട്ടയും അതിൻെറ വടക്കുവശത്തു് പതിനാറടി വീതിയും ഇരുപതടി താഴ്ചയുമുള്ള ഒരു കിടങ്ങും മാത്താണ്ഡപ്പിള്ള ഉണ്ടാക്കിച്ചു. ഇതാണു സുപ്രസിദ്ധമായ നെടുങ്കോട്ട. ഇത്രവലിയ ഒരു കോട്ട ഇന്ത്യയിൽ ഇല്ലെന്നാണു പറയപ്പെടുന്നതു്. മുപ്പത്തിയഞ്ചുമൈലോളം നീളമുള്ള ഈ കോട്ടയിൽ അവിടവിടെയായി കൊത്തളങ്ങളും വട്ടക്കോട്ടകളുമുണ്ടു്. ഇവയ്ക്കുപുറമെ, ഭടന്മാക്കു മറഞ്ഞു നില്ക്കാനുള്ള ഗുഹകളും വട്ടക്കോട്ടകളുടെ അടുത്തു് അങ്ങിങ്ങായി നിമ്മിച്ചിരുന്നു. അറുപതിൽപ്പരം കൊത്തളങ്ങളും ഇരുപത്തിയഞ്ചു വട്ടക്കോട്ടകളും അദ്ദേഹത്തിൻെറ സ്മാരകമെന്നോണം ഇന്നും നിലക്കൊള്ളുന്നുണ്ടു്. മൈസൂർ വ്യാഘ്രത്തിൻെറ ആക്രമണകാലത്തു് ഈ കോട്ടയുടെ ഒരുഭാഗം നശിപ്പിക്കപ്പെട്ടുവെങ്കിലും കോട്ട രാജ്യത്തിനു രക്ഷയായിട്ടുതന്നെതീർന്നു. ഇതുപോലെ കൃഷ്ണപുരം കോട്ട കെട്ടിച്ചതും അവിടത്തെ കൊട്ടാരം പരിഷ്കരിച്ചു് പണിയിച്ചതും ഈ പുണ്യശ്ലോകൻ തന്നെ.

നീണ്ടകര അഴിയുടെ വടക്കുഭാഗത്തു് 'ദളവാപുരം' എന്നു വിളിക്കപ്പെടുന്ന ഒരു ചെറിയ പ്രദേശം ഉണ്ടു്. ഇവിടം ഇന്നു് കേരവൃക്ഷങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. ഉത്തരദിക്കിൽ നിന്നു് മടങ്ങുംവഴി, ദളവ ഈ സ്ഥലത്തിറങ്ങാനിടയായി. അന്നു് ഈ പ്രദേശം ഉപയോഗശൂന്യമായിക്കിടന്നിരുന്നു. ദളവ അവിടെ തെങ്ങിൻ തൈകൾ നട്ടു് ഒരു സർക്കാർ തോട്ടമുണ്ടാക്കിച്ചു. അതിന്നടുത്തു്, പാവുമ്പാത്തോടുവെട്ടിക്കാനും ഈ രാജ്യസ്നേഹിയ്ക്കു കഴിഞ്ഞു.

അനന്തരം ദളവ വർക്കലയിൽ എത്തി. അവിടത്തെ മാഹാത്മ്യം പ്രസിദ്ധമാണല്ലോ. സ്വാമിദർശനത്തിനായും സുഖവാസത്തിനായും ശ്രീനാരായണന്റെ തപോവാടികാണാനായും വർക്കല പ്രതിവർഷം വന്നുചേരുന്ന ആളുകൾക്കു് കണക്കില്ല. അക്കാലത്തു് ഈ സ്ഥലം ഒരു കുഗ്രാമമായിരുന്നു. ദളവ ഇവിടെ ഇരുപത്തിനാലു് അഗ്രഹാരങ്ങൾ പണികഴിപ്പിച്ചു് ബ്രാഹ്മണക്കുദാനം ചെയ്തു. ഇതിനെത്തുടന്നു് പലരും അവിടെ താമസംതുടങ്ങി. ഇപ്പോൾ വർക്കല ഒരു പട്ടണമായും തീന്നിരിക്കുന്നു.

ദളവ രാജധാനിയിൽ മടങ്ങിയെത്തിയപ്പോൾ മഹാരാജാവു അദ്ദേഹത്തിനു് അനേകം സമ്മാനങ്ങളും സ്ഥാനമാനങ്ങളും നൽകുകയുണ്ടായി. നിഷ്കളങ്കവും നിസ്വാത്ഥവുമായ അദ്ദേഹത്തിന്റെ സേവനത്തെ തമ്പുരാൻ ഹാർദ്ദമായി പ്രശംസിച്ചു. എന്നാൽ വഞ്ചിരാജ്യവാസികൾക്കു് ഈ കല്യാണകല്പതരുവിന്റെ ചുവട്ടിൽ അധികകാലം ഒതുങ്ങിനില്ക്കുന്നതിനു് ഭാഗ്യമുണ്ടായില്ല.

"ഉണ്ണികളുഴിയിൽ നിണ്ടുവാഴാ" എന്നാണല്ലോ പറയാറുള്ളതും, 938-ാമാണ്ടു് അവസാനത്തോടുകൂടി മാർത്താണ്ഡപ്പിള്ള പരലോകപ്രാപ്തനായി. ഇദ്ദേഹത്തെപ്പോലെ നിസ്വാർത്ഥസേവനം അനുഷ്ഠിച്ചിട്ടുള്ള പുരുഷശ്രേഷ്ഠന്മാർ ചുരുക്കമാണു്. പ്രതിഭാശാലിയും ദേശാഭിമാനസമ്പന്നനുമായ ഈ ത്യാഗിവര്യന്റെ നാമധേയം ആചന്ദ്രതാരം നിലനില്ക്കുകതന്നെ ചെയ്യും.

"വെന്തെരിഞ്ഞാലും മണക്കുന്നു ചന്ദനം
വെൺതിങ്കൾ കാറടിഞ്ഞാലും വിലസുന്നു"

# ശക്തൻ തമ്പുരാൻ

"ശക്തൻതമ്പുരാൻ" എന്ന പേരു കേൾക്കുമ്പോൾ, കേരളത്തിന്റെ തെക്കുഭാഗത്തുള്ളവർ സ്മരിക്കുന്നതു്, ആധുനിക തിരുവിതാംകൂറിന്റെ സംസ്ഥാപകനായ അനിഴംതിരുനാൾ വീരമാർത്താണ്ഡവർമ്മ മഹാരാജാവിനെപ്പററിയാണു്. കന്യാകുമാരി മുതൽ ഇടവാവരെ മാത്രം വ്യാപിച്ചിരുന്ന വഞ്ചിരാജ്യത്തെ വലുതാക്കാനും രാജദ്രോഹികളുടെ വംശവിച്ഛേദം വരുത്താനും വിദേശീയ വണിക്കുകളുടെ ശക്തിയെ അമർത്തുവാനുമായി അദ്ദേഹം നടത്തിയ യുദ്ധങ്ങളും പ്രയോഗിച്ച തന്ത്രങ്ങളും ഓർക്കുമ്പോൾ "ശക്തൻ" എന്ന അപരനാ

മത്തിന്ന് അവിടുന്ന് സർവ്വഥാ അർഹൻതന്നെ, സംശയമില്ല. ആ രാജർഷഭന്റെ പിൻഗാമിയാണ് ശ്രീവാഴംകോടിനെ വിഴുങ്ങാൻ ഓടിയെത്തിയ മൈസൂർ വ്യാഘ്രത്തെപ്പോലും തടുത്തുനിർത്തി, പേരും പെരുമയും പുലർത്തിയ "ധർമ്മരാജാ" കാർത്തികതിരുനാൾ ശ്രീരാമവർമ്മ. ഈ തിരുമനസ്സുകൊണ്ട് തിരുവിതാംകൂർ ഭരിച്ചിരുന്ന കാലത്ത് അന്നു അയൽരാജ്യമായിരുന്ന കൊച്ചി നാടുവാണിരുന്നതു് സുപ്രസിദ്ധനായിരുന്ന രാമവർമ്മ മഹാരാജാവായിരുന്നു. അദ്ദേഹം സർവ്വപ്രകാരത്തിലും ശക്തനാണെന്നു ജനങ്ങൾ വിശ്വസിച്ചുപോന്നതുകൊണ്ടു വീര്യപരാക്രമങ്ങൾക്കു വിളനിലമായ ആ പുരുഷകേസരിയെ എല്ലാപേരും "ശക്തൻതമ്പുരാൻ" എന്നു കൊണ്ടാടി വിളിച്ചു വന്നു. അദ്ദേഹത്തിന്റെ അപദാനങ്ങളെക്കുറിച്ചു അനേകം ഐതിഹ്യങ്ങൾ കേരളമെങ്ങും പ്രചരിക്കുന്നുണ്ടു്. കൊച്ചിയിലെ ഈ ശക്തൻതമ്പുരാനെപ്പററിയാണു്" താഴെ പ്രസ്താവിക്കാൻ പോകുന്നതു്.

ജഗദ്ഗുരു ശ്രീ. ശങ്കരാചാര്യരുടെ അവതാരംമൂലം ആലുവാപ്പുഴയുടെ തീരത്തുള്ള കാലടി എന്ന സ്ഥലം പ്രസിദ്ധമായിട്ടുണ്ടല്ലോ. ഈ പുണ്യദേശത്തിനടുത്തു്, കണയന്നൂർ താലൂക്കിൽ വെള്ളാരപ്പിള്ളി പ്രവൃത്തിയിലുള്ള കോവിലകത്തു് കൊച്ചി രാജകുടുംബത്തിലെ ഒരു തായ്‌വഴി സ്ഥിരമായി താമസിച്ചിരുന്നു. അവിടെ കൊല്ലവർഷം 926-ാമാണ്ടു് കർക്കടകമാസം 10-ാംതീയതി വ്യാഴാഴ്ച രാമവർമ്മമഹാരാജാവു് ജനിച്ചു. കർക്കടകമാസത്തിലെ കറുത്തവാവുന്നാൾ കൊച്ചുതമ്പുരാൻ ജനി

ച്ചതു നിമിത്തം അമ്മതമ്പുരാനും ബന്ധുജനങ്ങൾക്കും രാജ്യവാസികൾക്കും ആശങ്കയും ഇച്ഛാഭംഗവുമാണു ണ്ടായതു്. സദ്ഗുണസമ്പന്നയായ അംബികത്തമ്പുരാട്ടിയായിരുന്നു തിരുമനസ്സിലെ മാതാവു്. ഇദ്ദേഹം ആ സാധ്വീമണിയുടെ മൂന്നാമത്തെ സന്താനമാണു്. മൂത്തവർ രണ്ടും പെൺകുട്ടികളായിരുന്നു. അടുത്തു് ഗുണോപേതനായ ഒരു പുത്രൻ ജനിക്കണമെന്നുള്ള ആ മഹതിയുടെ പ്രാർത്ഥന ഫലിച്ചുവെങ്കിലും, ജ്യോതിശ്ശാസ്ത്രത്തിൽ അതിരററ വിശ്വാസമുണ്ടായിരുന്ന അക്കാലത്തു്, ഈ ജനനത്തെപ്പററി ആശങ്കതോന്നിയതിൽ അതിശയിക്കാനെന്തുള്ളു? ഉണ്ണിയുടെ ജനനകാലത്തോടടുത്തു്, അയൽപക്കത്തെ ക്ഷേത്രത്തിൽ ദിവ്യനായ ഒരു യോഗി വന്നുചേർന്നു. സ്വപുത്രനു യാതൊരു് ആപത്തും സംഭവിക്കാതിരിക്കാനും, ഭാവി ശോഭനമായിത്തീരുന്നതിനും, എന്തെങ്കിലും പ്രതിവിധി നിശ്ചയിച്ചു തരണമെന്നുള്ള അപേക്ഷയോടുകൂടി തമ്പുരാട്ടി ഒരു ഭൃത്യനെ സന്ന്യാസിയുടെ അടുക്കൽ അയച്ചു. പ്രേക്ഷകനിൽനിന്നും കാര്യം ഗ്രഹിച്ച വ്രതിവര്യൻ, അല്പനേരം ആലോചിച്ചിട്ടു് കുറെ പൂവും വെള്ളവും കൊണ്ടുവരാൻ ആജ്ഞാപിച്ചുവത്രെ. അവ വന്നുചേന്ന ഉടനെ, കയ്യിൽ എടുത്തുകൊണ്ടു് അദ്ദേഹം ജപിക്കാൻ തുടങ്ങി. ജപം തീർന്നപ്പോൾ പൂവു് ആ ഭൃതകനെ ഏല്പിച്ചിട്ടു് സന്ന്യാസി ഇങ്ങനെ പറഞ്ഞു:—"ആരും ഒന്നും ഭയപ്പെടേണ്ടതില്ല. ഉണ്ണി യശസ്വിയും പരാക്രമിയുമായിത്തീരും. ഈ പൂവു് ഉണ്ണിയുടെ കിടക്കയുടെ ചുവട്ടിൽ

ഇട്ടേയ്ക്കുക"—സന്യാസിയുടെ നിർദ്ദേശമനുസരിച്ച് ആ പൂവ് രാജകുമാരന്റെ കിടക്കയുടെ ചുവട്ടിൽ ഇട്ടുവെന്നാണ് ഐതിഹ്യം.

സന്യാസിയുടെ പ്രവചനം അർത്ഥവത്തായിയെന്ന് നമുക്ക് പിന്നീട് ബോദ്ധ്യപ്പെട്ടും. "ആൺപൂയം അമ്മ ഇട്ടും"—എന്നാണല്ലോ പഴഞ്ചൊല്ല്. എന്നാൽ പുത്രന്റെ ഔന്നത്യം കണ്ടാനന്ദിക്കുവാനുള്ള ഭാഗ്യം ആ പ്രിയ മാതാവിനുണ്ടായില്ല. കുമാരന് മൂന്നുവയസ്സു തികയുന്നതിനു മുമ്പ് ആ സ്ത്രീരത്നം തീപ്പെട്ടു. പിന്നീട് ഇദ്ദേഹത്തെ വളർത്തിയതു് മാതൃസഹോദരിയാണ്.

രാമവർമ്മ രാജകുമാരൻ, "ബാല്യത്തിലേ വിദ്യകളഭ്യസി"ക്കുവാൻ തുടങ്ങി. ആയുധവിദ്യയിലായിരുന്നു കൊച്ചുതമ്പുരാൻ കൂടുതൽ സാമർത്ഥ്യം കാട്ടിയതു്. അക്കാലത്തു്, തമ്പുരാക്കന്മാരുടേയും തമ്പുരാട്ടിമാരുടേയും സ്ഥിരതാമസം തൃപ്പൂണിത്തുറയ്ക്കു മാററുകയുണ്ടായി. അതിനാൽ കൊച്ചുതമ്പുരാന്റെ വിദ്യാഭ്യാസ കാലത്തിലെ അധികം ഭാഗവും, തൃപ്പൂണിത്തുറെത്തന്നെ കഴിഞ്ഞു. അല്പകാലംകൊണ്ടു് വാൾ, കുന്തം, പരിച ഇവകൊണ്ടുള്ള പ്രയോഗങ്ങൾ രാജകുമാരൻ നിഷ്പ്രയാസം മനസ്സിലാക്കി. ശസ്ത്രാഭ്യാസത്തിലും കുതിരസ്സവാരിയിലും അവിടത്തോടു മത്സരിക്കുവാൻ അക്കാലത്തു് കൊച്ചിയിൽ ആരും ഉണ്ടായിരുന്നില്ലെന്നാണ് പറയപ്പെടുന്നതു്. അഭ്രങ്കഷങ്ങളായ വൃക്ഷങ്ങളിൽ നിന്നുപോലും കവിണ്ണെറിഞ്ഞു് പൂക്കളും പഴങ്ങളും നിപതിപ്പിക്കാൻ

ഇദ്ദേഹത്തിനുണ്ടായിരുന്ന പാടവം ഇന്നു് പലരും പ്രകീർത്തിക്കാറുണ്ടു്.

ശക്തനു് പത്തുവയസ്സായപ്പോൾ "നാലാംകൂർ" സ്ഥാനം ലഭിച്ചു. തിരുമനസ്സിലെ ബാല്യകാല പരാക്രമങ്ങൾ അനവധിയാണു്. അവയെല്ലാന്നും ശരിയായ രേഖകൾ ഇല്ല. എങ്കിലും രസകരങ്ങളായ ചില കഥകൾ ഇവിടെ ഉദ്ധരിക്കാം. വേഷം പകരുന്നതിൽ അദ്ദേഹം അതിസമർത്ഥനായിരുന്നുവത്രെ. പ്രച്ഛന്നവേഷനായി തിരുമേനി നാട്ടിൽ സഞ്ചരിക്കാറുമുണ്ടായിരുന്നു. ആ സന്ദർഭങ്ങളിൽ നാട്ടാരിലാരും അദ്ദേഹത്തെ തിരിച്ചറിഞ്ഞിരുന്നില്ല. എന്നാൽ രാജ്യത്തിലെ സ്ഥിതിഗതികൾ നേരിട്ടുകണ്ടറിയുവാൻ അവിടത്തേക്കു് കഴിഞ്ഞു. ഒരിക്കൽ വിധവയായ ഒരു ബ്രാഹ്മണസ്ത്രീയുടെ വേഷത്തിൽ ചിററമ്മ തമ്പുരാനോടു് ഒരു നേർച്ച നടത്തുന്നതിനെന്ന വ്യാജേന കുറെ പിച്ചളപ്പാത്രങ്ങൾ ആവശ്യപ്പെടുകയുണ്ടായി. സ്ത്രീയുടെ ദയനീയഭാവംകണ്ടു് അലിഞ്ഞ തമ്പുരാട്ടി രണ്ടുമൂന്നു പാത്രങ്ങൾ ദാനമായി കൊടുത്തു. അല്പനേരം കഴിഞ്ഞപ്പോൾ രാജകുമാരൻ ഈ പാത്രങ്ങളെ തിരെ ചിററമ്മയുടെ മുമ്പിൽകൊണ്ടുവച്ചു് വന്ദിച്ചുനിന്നു. അതു കണ്ടിട്ടു് അമ്മ പറയുകയാണു്:—"അയ്യോ ഉണ്ണീ! നീ അധർമ്മം ചെയ്തുവല്ലോ! ആ സാധു അമ്യാക്കു നേർച്ചയ്ക്കു് ഞാൻ കൊടുത്തതായിരുന്നു ഈ പാത്രങ്ങൾ. എന്തിനാണു് നീ പിടിച്ചു പറിച്ചതു്?

ഉണ്ണി:— (ചിരിച്ചുകൊണ്ടു്) "എന്തിനാണമ്മേ,

സാധുക്കൾക്ക ഇത്ര വിലയുള്ള പാത്രങ്ങൾ? മോഷ്ടിച്ച തായിരിക്കുമെന്നു കരുതി ഞാൻ ഇങ്ങുവാങ്ങിക്കൊണ്ടു പോന്നു."

ചിററമ്മ:—"ഉണ്ണീ, ഇവ വാസ്തവത്തിൽ ഞാൻ കൊടുത്തതാണ്. ദാനം കൊടുത്ത മുതൽ തിരിച്ചെടുക്കുന്നതു് യോഗ്യമല്ല. കൊച്ചീരാജാക്കന്മാൎക്കില്ലാത്ത കളങ്കം എന്തിനു് അപ്പൻ വലിച്ചുവയ്ക്കുന്നു? ആ സ്ത്രീയെ വരുത്തി ഉടൻ തിരിച്ചേല്പിക്കണം"—

ബാലൻ പൊട്ടിച്ചിരിച്ചു. തമ്പുരാട്ടിക്കു് കാൎയ്യം മനസ്സിലായില്ല. "അമ്മയുടെ പാവപ്പെട്ട അമ്യാരാണു് ഈ നില്ക്കുന്ന ഉണ്ണി" എന്നു തമ്പുരാൻ ചിരിച്ചു കൊണ്ടു പറഞ്ഞു. ആ ദാനശീല വിവരം ഗ്രഹിച്ചപ്പോൾ ബാലന്റെ സാമൎത്ഥ്യത്തിൽ അത്ഭുതപ്പെട്ടു. തിരുവിതാംകൂർ ധൎമ്മരാജാവും കട്ടിക്കാലത്തു് വേഷം മാറി നടന്നിരുന്നുവെന്നും, കായംകുളം മുതലായ ശത്രു രാജാക്കന്മാരുടെ കോവിലകങ്ങളിൽ പ്രവേശിച്ചു് സ്ഥിതിഗതികൾ മനസ്സിലാക്കിയിട്ടുണ്ടെന്നും പ്രസിദ്ധിയുണ്ടു്.

ബാല്യം മുതൽ പൌരുഷവും ധൈൎയ്യവും തമ്പുരാനിൽ കണ്ടുതുടങ്ങി.: 'വിളയുംവിത്തു് മുളയിലേഅറിയാം' അഴിമതി എന്നു കേട്ടാൽ, അവിടത്തെ ഭാവം മാറും. ഒരിക്കൽ ഒരു നംപൂതിരി കുറെ പണവുമായി തൃപ്പൂണിത്തുറ നിന്നും എറണാകുളത്തേക്കു പുറപ്പെട്ടു. വഴിമദ്ധ്യേ കുറെപ്പേർ ചേൎന്നു് പണം തട്ടിപ്പറിച്ചു. തസ്കരന്മാർ മുഷ്കരന്മാരായ ഏതാനും മാപ്പിളമാരാ

യിരുന്നുവെന്നാണു് പറയുന്നതു്. വ്യസനാക്രാന്തനായ നമ്പൂതിരി തൃപ്പൂണിത്തുറയിൽ തിരിച്ചുവന്നു് വലിയ തമ്പുരാനെ മുഖംകാണിച്ചു് സങ്കടം ഉണർത്തിച്ചു. ശ്രദ്ധിച്ചു നടക്കാത്തതിൽ തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ താക്കീതു ചെയ്തു, എങ്കിലും ഉണ്ണിയെച്ചെന്നു കണ്ടു് പരിഹാരമുണ്ടാക്കിക്കൊള്ളാൻ കല്പിച്ചനുവദിക്കുകയുണ്ടായി. ഉടൻ നമ്പൂതിരി ഉണ്ണിത്തമ്പുരാനെക്കാണാൻ വിടകൊണ്ടു. ആ സാധു യാത്രികൻെറ സങ്കടം കേട്ടപ്പോൾ കൊച്ചുതമ്പുരാനു് അതിയായ താപവും കോപവും ഉണ്ടായി. അയാളെ അവിടെ നിർത്തിയിട്ടു്, അദ്ദേഹം അമ്മാവനെ മുഖം കാണിക്കാൻ ചെന്നു. അല്പനേരത്തെ സംഭാഷണം കഴിഞ്ഞു്, അക്രമികളെ അമർച്ച ചെയ്യുവാൻ മുഖതാവിൽ അനുവാദം വാങ്ങിക്കൊണ്ടു് കൊച്ചുതമ്പുരാൻ എറണാകുളത്തു് എത്തി. നമ്പൂതിരിയെ തൃപ്പൂണിത്തുറെ താമസിച്ചുകൊള്ളാനും ചട്ടംകെട്ടി. ഏതാനും ദിവസങ്ങൾക്കകം ഉണ്ണിത്തമ്പുരാൻ അക്രമികളെ കണ്ടുപിടിച്ചു നമ്പൂതിരിയുടെ നഷ്ടപ്പെട്ട പണവും അല്പം കൂട്ടതലും വീണ്ടെടുത്തുവെന്നു മാത്രമല്ല, "മേലാൽ അടിയങ്ങളിലാരും യാതൊരു ദുഷ്കൃത്യവും ചെയ്യുന്നതല്ലെ"ന്നു് ആ കവർച്ചക്കാരെക്കൊണ്ടു് സത്യം ചെയ്യിപ്പിക്കയും "എഴുതി വയ്പി"ക്കയും ചെയ്തു. അനന്തരം തമ്പുരാൻ അമ്മാവനെ കാണാൻ പുറപ്പെട്ടു. വിജയശ്രീലാളിതനായി സ്വഭാഗിനേയൻ വരുന്നതു കണ്ടപ്പോൾ മാതുലനുണ്ടായ ആനന്ദം അളവററതായിരുന്നു. വലിയ തമ്പുരാൻ ഉണ്ണിയെ അനുമോദിക്കയും ആ ധനം മുഴുവൻ

നാംപൂതിരിക്കു് സമ്മാനിക്കയും ചെയ്യവത്രെ.

951-ാമാണ്ടു് കന്നിമാസം ഒൻപതാം തീയതി ശക്തൻ തമ്പുരാന്നു് മൂന്നാംക്രൂർ സ്ഥാനം കിട്ടി. അവിടത്തെ മുപ്പതാമത്തെ വയസ്സിൽ തൃശ്ശിവപേരൂർ നിന്നും ഒരു തരുണീരത്നത്തെ പരിണയിക്കുകയുണ്ടായി. തമ്പുരാനു ഈ മഹിതിയിൽ ഒരു സ്ത്രീസന്താനം ജനിച്ചു. എന്നാൽ ചില പ്രത്യേക കാരണങ്ങളാൽ പിൽക്കാലത്തു് നേത്യാരമ്മയോടു് (ഇങ്ങനെയാണു് കൊച്ചി തമ്പുരാക്കന്മാരുടെ ഭാര്യമാരുടെ സ്ഥാനപ്പേരു) തമ്പുരാനു് രസക്കേടുണ്ടാകുകയും വേറെ ഒരു സ്ഥലത്തേക്കു് ആ ധർമ്മദാരങ്ങളെ മാററിത്താമസിപ്പിക്കയും ഉണ്ടായി. പിന്നീടു് ആ പ്രേയസിയുമായുള്ള വേഴ്ച അദ്ദേഹത്തിനുണ്ടായിട്ടില്ല. ഏതാനും കൊല്ലങ്ങൾക്കുശേഷം "കരിമ്പററച്ചമ്മു" എന്നൊരു നായർസ്ത്രീയെ തിരുമനസ്സുകൊണ്ടു നേത്യാരമ്മയായി തിരഞ്ഞെടുത്തു.

965-ാമാണ്ടു് കക്കടകമാസം 32-ാംതീയതി വലിയതമ്പുരാൻ സ്വർഗ്ഗാരോഹണം ചെയ്തു. അതിനു മൂന്നു ദിവസങ്ങൾക്കു മുമ്പേ ഇളയതമ്പുരാനും കാലഗതി പ്രാപിച്ചു. അമ്മാവന്റെ മരണശേഷം രാമവർമ്മത്തമ്പുരാൻ മുറപ്രകാരം രാജാവായിത്തീൎന്നു. ഭരണവിഷയത്തിൽ അവിടുന്നു് പ്രത്യേകം ശ്രദ്ധപതിപ്പിച്ചിരുന്നു. കുട്ടിക്കാലത്തു് പ്രച്ഛന്നവേഷനായി നടന്നു് പലതരം ആളുകളുമായി പെരുമാറാനും അവരുടെ അവശതകൾ നേരിട്ടുകാണാനുമിടയായതു് പിൽക്കാലത്തു് പ്രജാപാലനത്തിനു് അവിടത്തെയ്ക്കു സഹായകമായിത്തീൎന്നു. അക്ര

മത്തെ അക്രമംകൊണ്ടതന്നെ അമത്തണമെന്നു ശക്തൻ തമ്പുരാൻ നിശ്ചയിച്ചു. ഇതിനായി പല കട്ടംകൈകളും പ്രവത്തിക്കേണ്ടിവന്നിട്ടുണ്ട്. ഒരു സംഭവം പറയാം. വടക്കുംനാഥക്ഷേത്രത്തിൽ പതിവായി സ്വാമിദർശനം നടത്തിവന്ന ഒരു സാധ്വസ്ത്രീക്ക് തൃശ്ശിവപേരൂർ കോട്ടകാവൽക്കാരനായ ഒരുവനിൽനിന്നും അടിക്കടി ചില ശല്യങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ആ അവിവേകി അവളെ അധമ്മത്തിനു നിർബന്ധിച്ചുതുടങ്ങി. ഗത്യന്തരമില്ലാതായപ്പോൾ അവൾ ശക്തൻ തിരുമേനിയെ മുഖം കാണിച്ച് സങ്കടം അറിയിക്കുകയുണ്ടായി. അവളുടെ സങ്കടങ്ങൾ അവധാനപൂർവ്വം ശ്രവിച്ചിട്ട് തിരുമനസ്സുകൊണ്ട് ഇങ്ങനെ അരുളിച്ചെയ്തു:—"അവൻെറ ആഗ്രഹം അതാണെങ്കിൽ നീ എന്തിനു വിസമ്മതം പ്രകടിപ്പിക്കുന്നു. അവൻെറ പത്നിയായിക്കൊണ്ടാൽ ശല്യമൊഴിയുമല്ലോ. നമുക്കും അതു സമ്മതമാണെന്നു് അറിയിച്ചേയ്ക്കുക"—

സങ്കടക്കാരി ഇനി എന്തുചെയ്യാനാണ്? ആ "രാജഹൃദയം" മനസ്സിലാക്കുവാൻ അവൾക്ക് കഴിഞ്ഞില്ല. വടക്കുംനാഥനെ വിളിച്ചു കരഞ്ഞുകൊണ്ട് അവൾ കാവൽക്കാരനെ സ്വഗൃഹത്തിലേക്കു ക്ഷണിച്ചു. അവൻ സന്തോഷംകൊണ്ടിളകി. എന്നാൽ അന്നു് എന്തുസംഭവിച്ചു? സ്ത്രീ യാത്രയായതിനുശേഷം തമ്പുരാൻ വലിയകപ്പിത്താൻ പണിക്കരെ വരുത്തി, കുറെ എണ്ണയും തുണിയും എടുത്തുകൊണ്ട് ഏതാനും പട്ടാളക്കാരുമായി ആ സാധ്വസ്ത്രീയുടെ വീട്ടിനടുക്കൽ രഹസ്യ

മായി വന്നുചേരാൻ ഏർപ്പാടുചെയ്തു. അവരോട് ആവശ്യം തുറന്നു പറഞ്ഞില്ല. അവർ കല്പന പ്രകാരം നിശ്ചിത സ്ഥലത്തു് വന്നുചേർന്നു. തിരുമനസ്സുകൊണ്ടു് നേരത്തെ അവിടെ എത്തിയിട്ടുണ്ടായിരുന്നു. രാത്രിയിൽ അവിടുന്നു്, ജാരനെ പിടികൂടുകയും നല്ലപോലെ മർദ്ദിച്ചശേഷം അവന്റെ ദേഹത്തിൽ തുണിചുററി എണ്ണ ഒഴിച്ചു കത്തിക്കുകയും ചെയ്തു. ഏതാനും നിമിഷങ്ങൾക്കകം അയാൾ വെന്തു് വെണ്ണീറായി. തമ്പുരാനാണു് ഈ "കീചകവധം" നടത്തിയതെന്നു് പിന്നീടു അറിഞ്ഞുള്ളു.

ശക്തൻതിരുമേനി ജാതിവ്യത്യാസത്തെ അത്ര കാര്യമാക്കിയിരുന്നില്ല. തീണ്ടലും തൊടീലും മൂർദ്ധന്യത്തിലിരുന്ന ആ കാലത്തുപോലും തിരുമനസ്സുകൊണ്ടു് പുതുതായുണ്ടാക്കിച്ച വലിയ കോട്ടയിൽ കാവൽക്കാരായി നിയമിച്ചതു്, ഏതാനും ഈഴവരേയും ഒരു തണ്ടാനേയുമായിരുന്നു. ഈ തണ്ടാനാണു് മേല്പറഞ്ഞ സ്ത്രീയുടെ മാനഭംഗത്തിനു മുതിന്നതും, അപമൃത്യുവിന്നിരയായതും. രാജ്യരക്ഷയ്ക്കായി അവിടുന്നു്, തൃപ്പൂണിത്തുറയിലും തൃശ്ശിവപേരൂരിലും കോട്ടയും കിടങ്ങും ഉണ്ടാക്കിച്ചിട്ടുണ്ടു്. കൂടാതെ, പതിനായിരത്തോളം നായന്മാരെ ചേത്തു് പട്ടാളത്തെ വലുതാക്കയും ചെയ്തു. അവരുടെ നായകനായിരുന്നു, പണിക്കർ വലിയ കപ്പിത്താൻ. ഓരോ നായർ ഭവനത്തിലുമുള്ള യുവാക്കന്മാർ സൈനികപരിശീലനം നേടിക്കൊള്ളണമെന്നു രാജാവു് കല്പിച്ചിട്ടുണ്ടായിരുന്നു. കടൽക്കള്ളന്മാരുടെ ശല്യം

ചെറുക്കുവാനായി "ഓടിവള്ളങ്ങളോടുകൂടിയ വാല സൈന്യം" കൊച്ചിയിൽ ഇദംപ്രഥമമായി ഏർപ്പെടുത്തിയതും തിരുമനസ്സിലെ കാലത്തായിരുന്നു.

റോഡുകൾ, തോടുകൾ, വഴിക്കിണറുകൾ, കുളങ്ങൾ, വഴിയമ്പലങ്ങൾ, സത്രങ്ങൾ മുതലായവ കൊച്ചിയിൽ വർദ്ധിച്ചതു് ശക്തൻതമ്പുരാൻെറ കാലത്തായിരുന്നുവെന്നു് നിസ്സംശയം പറയാം. ശുചീകരണത്തിൽ അവിടുന്നു് പ്രത്യേകം ശ്രദ്ധപതിപ്പിച്ചു. ചില പ്രധാന റോഡുകളുടെ ഇരുവശങ്ങളിലും അദ്ദേഹം തന്നെ ചാലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ടു്. ഈ തണൽ മരങ്ങളുടെ ഒരു ചുള്ളിപോലും ആരും ഒടിക്കാൻ പാടില്ലെന്നായിരുന്നു കല്പന. ഒരിക്കൽ കിഴക്കേക്കോട്ടനടയിൽ നിന്ന അരയാലിൻെറ ഒരു ചെറുശിഖരം ഇളയതമ്പുരാൻെറ ആശ്രിതന്മാരിലൊരാൾപൊട്ടിക്കുകയുണ്ടായി. വിവരം എങ്ങനെയോ കൊട്ടാരത്തിൽ അറിഞ്ഞു. രാജാവു് ചുററും നിന്ന ഭൃത്യന്മാരെ സഗൗരവം ഒന്നു നോക്കി. അടുത്ത മാത്രയിൽ കുററക്കാരനെ അവർ രാജസന്നിധിയിൽ കൊണ്ടുവന്നു. ആ സാധു ഭവിഷ്യത്തോൎത്തു് വിറയ്ക്കാൻ തുടങ്ങി. തീപ്പൊരി പറക്കുന്ന നേത്രങ്ങളോടുകൂടി തിരുമേനി സിംഹാസനത്തിൽ നിന്നും ചാടി എണീററു അയാളെ വെട്ടുവാനായി വാൾ ഊരിയത്രേ. ആ സമയം ഇളയരാജാവു് അവിടെ ചെല്ലാതിരുന്നുവെങ്കിൽ അവൻെറ കഥ കഴിഞ്ഞേനേ.

അവിടത്തെ കല്പന ജനങ്ങൾ അക്ഷരം പ്രതി

പാലിച്ചുവന്നു. നാട്ടിൻെറ നട്ടെല്ലായ കൃഷകനെ അദ്ദേഹം പല പ്രകാരത്തിൽ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. കാർഷികാഭിവൃദ്ധിക്കായി ധാരാളം അണകളും ചിറകളും കെട്ടിച്ചിട്ടുള്ളതിനുപുറമെ, കൃഷകക്ക് പണംകൊടുത്തും വേണ്ടത്ര സഹായിച്ചുവന്നു. കൃഷിപ്പിഴകൾ സംഭവിക്കുമ്പോൾ, കരം, പാട്ടം ആദിയായവ ഇളവു ചെയ്യാറുണ്ടായിരുന്നു. അവിടത്തെ ശിക്ഷകൾ ക്രൂരങ്ങളായിരുന്നുവെന്ന് നമുക്ക് തോന്നിയേക്കാം. അക്രമികളെ താലോലിക്കുന്നതിനെ അവിടുന്ന് കഠിനമായി വെറുത്തിരുന്നു. കലാപങ്ങളുണ്ടാക്കി രാജ്യം കൈക്കലാക്കാൻ വിദേശീയർ യത്നിച്ചുകൊണ്ടിരുന്ന ഒരു കാലഘട്ടത്തിൽ നാട്ടുരാജാക്കന്മാർ അശക്തന്മാരായിരുന്നാൽ പിന്നത്തെ കഥ പറയാനുണ്ടോ? വേലുത്തമ്പിദളവയുടെ കാലത്ത് കള്ളന്മാരും കോഴക്കാരും തിരുവിതാംകൂറിൽ അനുഭവിച്ച ദുരന്തദുരിതങ്ങൾ നാം ചരിത്രത്തിൽ വായിച്ചിട്ടുണ്ടല്ലോ. ഇതുപോലെയായിരുന്നു ശക്തൻതമ്പുരാൻെറ കാലത്ത് കൊച്ചിയിലും. എന്നാൽ പാവങ്ങളെ അവിടുന്ന് ഉള്ളഴിഞ്ഞു സ്നേഹിച്ച് അവക്ക് വേണ്ടുവോളം സഹായങ്ങളും നൽകിയിരുന്നുവത്രേ. അവിടത്തെ ഹൃദയം വെള്ളക്കടലാസുപോലെനിർമ്മലമായിരുന്നു. ശക്തൻ തിരുമേനിയെപ്പോലെ പ്രജാവത്സലനായ ഒരു രാജാവ് മാടത്തിൻകൂറിൽ മുമ്പെങ്ങും അവതരിച്ചിട്ടില്ലെന്നാണു കൊച്ചീ രാജ്യപ്രാസികൾ അഭിമാനിക്കുന്നത്.

മഹാരാജാവിൻെറ ബുദ്ധിശക്തിയും കൃത്യനിഷ്ഠ

യും സത്യദീക്ഷയും ധൈര്യവും പ്രശംസനീയമാണ്. ടിപ്പുവിന്റെ ആക്രമണത്തെ അവിടുന്നു് തെല്ലും വകവെച്ചിരുന്നില്ല. ബാലനായിരുന്നപ്പോൾതന്നെ അമ്മാവൻ തമ്പുരാൻ, ടിപ്പുവിന്റെ ഉപദ്രവമേല്ക്കാതിരിക്കാനായി തിരുവനന്തപുരത്തേയ്ക്കു് താമസം മാററിക്കൊള്ളാൻകല്പിച്ചു. എന്നാൽ അവിടുന്നു് അതിനു് വിസമ്മതം പ്രകടിപ്പിക്കയാണു ചെയ്തതു്.

ഒരിക്കൽ തമ്പുരാൻ തിരുവിതാംകൂറിലെ വലിയ ദിവാൻജിയായ രാജാകേശവദാസനെ ഒന്നു പരീക്ഷിക്കണമെന്നും, അദ്ദേഹത്തിനു് ഒരു വാൾ സമ്മാനിക്കണമെന്നും തീർച്ചയാക്കി. അതിനായി കേശവപിള്ള ആലപ്പുഴയിൽ എത്തീട്ടുണ്ടെന്നറിഞ്ഞു് ആളയച്ചു് അദ്ദേഹത്തെ കൊട്ടാരത്തിലേയ്ക്കു് ക്ഷണിച്ചു. ധർമ്മരാജാവിന്റെ അനുവാദം വാങ്ങിക്കൊണ്ടു് കേശവദാസൻ കൊച്ചിയിൽ എത്തി. കേശവപിള്ള രാജസന്നിധിയിൽ ഓച്ഛാനിച്ചു നിന്നു.

മഹാരാജാവു്:—കേശവനോ?

കേശവപിള്ള:—അടിയൻ.

മഹാ:—കുലശേഖരപ്പെരുമാൾ സുഖമായിരിക്കുന്നോ?

കേശ:—തിരുമനസ്സുകൊണ്ടു് സസുഖം വാണരുളുന്നു.

മഹാ:—ടിപ്പുസുൽത്താൻ, തെക്കുഭാഗത്തുകൂടി ആക്രമിച്ചാൽ നീ എന്തു ചെയ്യും?

കേശ:—പ്രജാവത്സലനായ പൊന്നു തിരുമേനിയുടെ ഉപ്പും ചോറും തിന്നുന്ന അടിയങ്ങൾ അവിടെ പറന്നെത്തി ശക്തിയായി തടുക്കും.

മഹാ:—നീ വളരെ അകലത്താണല്ലോ ഇപ്പോൾ നിൽക്കുന്നതു്.

കേശ:—അടിയൻ തിരുമനസ്സറിയിച്ചിട്ടാണു് വിടകൊണ്ടതു്.

മഹാ:—അങ്ങ്ഹാ! ദിവാൻജി യാത്രപുറപ്പെടുന്നതെല്ലാം മഹാരാജാവിൻെറ അനുമതി വാങ്ങിയശേഷമാണോ?

കേശ:—ഇല്ലാതെയുമാകാം. എന്നാൽ അടിയൻ, തിരുമനസ്സറിയിക്കാതെ ഒന്നിനും ശക്തനല്ല.

മഹാ:—ശത്രുക്കളെ അരിഞ്ഞു വീഴ്ത്താനായി നിനക്കു തന്നിരിക്കുന്ന വാൾ ഞാൻ ഒന്നു കാണട്ടെ.

കേശ:—സങ്കടമുണ്ടു്.

മഹാ:—സങ്കടമോ, എന്താണതു്?

കേശ:—(വിനയസമന്വിതം) അടിയനു് ധർമ്മരാജാവു തിരുമനസ്സുകൊണ്ടു് കല്പിച്ചുതന്ന വാളാണിതു്. (വാളിൽ പിടിച്ചുകൊണ്ടു്) ഇതു് അന്യകൈവശം കൊടുക്കാൻ പാടില്ല.

മഹാ:—ഹ! ഹ! ഹ! (ഒരുവാൾ നീട്ടിക്കൊണ്ടു്) ഈ വാളൊന്നു നോക്കു്. ശത്രുസംഹാരത്തിനു് ഇതുപറവുമോ?

കേശവപിള്ള മഹാരാജാവിനെ നമിച്ചു് വാൾ വാങ്ങി കൂപ്പുകൈയോടെ നിന്നു.

മഹാ:—കൊള്ളാമോ, എങ്ങനെയിരിക്കുന്നു? (കേശവപിള്ള ഒന്നും മിണ്ടിയില്ല)

മഹാ:—എന്താ മിണ്ടാതെ നിൽക്കുന്നതു്?

കേശവ:—തിരുമനസ്സിലെ ആയുരാരോഗ്യങ്ങൾക്കായി അടിയൻ പ്രാർത്ഥിക്കുകയായിരുന്നു.

മഹാ:—വാൾ കൊള്ളാമോ?

കേശ:- അടിയൻ.

മഹാ:—ശരി. ഇങ്ങു തരന്നയ്ക്കു.

കേശ:—ഈ വാൾ തൃക്കൈയിൽ തിരിച്ചുതരുന്നതു് ഉചിതമല്ല.

മഹാ:—എന്തു്?

കേശവപിള്ള:—തിരുമനസ്സുകൊണ്ടു് അടിയനു കല്പിച്ചു തന്നുപോയി. തിരിച്ചുവാങ്ങിക്കുന്നതിൽ അടിയനു വളരെ സങ്കടമുണ്ടു്.

മഹാരാജാവു് പൊട്ടിച്ചിരിച്ചു. കേശവപിള്ളയുടെ ബുദ്ധിശക്തിയും വാക്സാമർത്ഥ്യവും ഓർത്തു് സന്തോഷിക്കയും അവിടുന്നു ഉദ്ദേശിച്ചിരുന്നപോലെ ആ വാൾ ദിവാൻജിക്കു സമ്മാനിക്കുകയും ചെയ്തു.

981-ാമാണ്ടു് കന്നിമാസം പതിമൂന്നാംതീയതി കൊച്ചിരാജ്യത്തിനു ദുഃഖസന്തപ്തമായ ഒരു ദുർദ്ദിനമായിരുന്നു. അന്നാണു് രാജ്യത്തെയും പ്രജാവൃന്ദത്തെയും അകൃത്രിമമായി സ്നേഹിച്ച ശക്തൻ തമ്പുരാൻ തീപ്പെട്ടതു്. ശത്രുക്കളുടെ ആക്രമണങ്ങൾ ഉണ്ടായേയ്ക്കുമെന്നു് ഭയപ്പെട്ടിരുന്ന കാലത്തു തന്നെ സംഭവിച്ച അവിടത്തെ ദേഹവിയോഗം രാജ്യവാസികൾ എങ്ങനെ സഹിക്കും? സാമൂതിരിയുടേയും ടിപ്പുവിൻേറയും വിദേശിയരുടേയും കൈകളിലകപ്പെടാതെ, കൊച്ചിയെ കാത്തുരക്ഷിച്ച ശക്തൻ തമ്പുരാൻെറ നാമധേയം

തദ്ദേശവാസികൾ ഇന്നും കൃതജ്ഞതാപുരസ്സരം സ്മരിച്ചുവരുന്നു.

---

# വേലുത്തമ്പി ദളവാ

പത്തൊൻപതാം ശതാബ്ദത്തോടുകൂടി ബ്രിട്ടീഷുകാരുടെ സാമ്രാജ്യദുർമ്മോഹത്തിന്റെ പ്രവർത്തനകേന്ദ്രം ഭാരതഖണ്ഡം ആയിരുന്നു. ആ മഹാശക്തിയുടെ നിരന്തരമായ ചൂഷണവൃത്തിയോട് സുധീരം പടവെട്ടിയ ആദ്യത്തെ ഭാരതീയനാണ് വേലുത്തമ്പിദളവ. ഈ ധീരാഗ്രണി ജനിച്ചത്, "ഹിരണ്യസിംഹനല്ലൂർ" എന്ന് ചരിത്രവിഖ്യാതമായ ഇരണിയലിന് അല്പം തെക്ക് മാറിയുള്ള തലക്കുളത്തു വലിയവീട്ടിലായിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത്, 1943-ൽ ഐ. എൻ. ഏ. നേതൃത്വവും വഹിച്ച് സ്വതന്ത്ര ഇൻഡ്യാഗവമ്മെൻറു സ്ഥാപിച്ച "നേതാജിബോസ്" സബഹുമാനം പ്രകീർത്തിച്ച പ്രസിദ്ധ സേനാനിയാണ് ഈ വേലുത്തമ്പി. വലിയവീട് പ്രഭുത്വവും പ്രാമാണ്യവുമേറിയ ഒരു പ്രാചീന കുടുംബമായിരുന്നു. കുടുംബാംഗങ്ങൾ പലരും, പരമ്പരയാ ചുമതലയേറിയ വലിയ വലിയ ഉദ്യോഗങ്ങൾ സമർത്ഥമാംവണ്ണം നിർവ്വ

ഹിച്ചിരുന്നവരുമാണു്. രാജ്യം ഭരിച്ചിരുന്ന മഹാരാജാക്കന്മാരുടെ സ്നേഹാദരങ്ങളും ഒരോകാലത്തു് ഈ കുടുംബക്കാൎക്കു് സമാൎജ്ജിക്കാൻ കഴിഞ്ഞിട്ടുണ്ടു്. ഇതിന്റെ ഫലമായി, "ഇടപ്രഭു കുലോത്തുംഗകതിൎച്ചൂഴ്ന്ത മുഴപ്പാദ അരശരാന ഇറയാണ്ട തലക്കുളത്തു വലിയവീട്ടിൽ കണക്കുതമ്പി ചെമ്പകരാമൻ..." എന്ന സ്ഥാനമാനവും ഈ പ്രഭുകുടുംബത്തിനു് സിദ്ധിച്ചിരുന്നു. ഇങ്ങനെ പേരും പെരുമയും തികഞ്ഞ കുടുംബത്തിൽ, കൊല്ലവൎഷം 940-ാമാണ്ടു് മേടമാസം 23-ാംതീയതി വേലുത്തമ്പി ഭൂജാതനായി.

മാതാപിതാക്കന്മാർ സുബ്രഹ്മണ്യഭഗവാനെ ഭജിച്ചതിന്റെ ഫലമായി ജാതനായ ഈ പുരുഷസന്താനത്തിനു് വേലായുധൻ എന്നുതന്നെ നാമകരണവും ചെയ്തു. ബാല്യത്തിലെ, "വേലു"വിന്റെ മാതാപിതാക്കന്മാർ ചരമഗതി പ്രാപിക്കയാൽ, സഹോദരീ സഹോദരന്മാരുംപ്പെടെയുള്ള മൂന്നുപേരുടേയും സംരക്ഷണഭാരം ഇളയമ്മയാണു നിൎവ്വഹിച്ചതു്. തമ്പിയുടെ ഗുരുനാഥസ്ഥാനം വഹിച്ചതു് സമീപവാസിയായ കുഞ്ചാദിച്ചപ്പിള്ള ആശാൻ ആയിരുന്നു. ബാലൻ അന്നത്തെ ഉൽകൃഷ്ടവിദ്യാഭ്യാസമായിക്കരുതിയിരുന്ന പുരാണേതിഹാസങ്ങളും വായ്പാഠങ്ങളും ഉരുക്കഴിക്കയും അങ്കഗണിതത്തിൽ "ഇമ്മി"ക്കണക്കുവരെ ശരിയാംവണ്ണം അഭ്യസിക്കയുംചെയ്തു. ഇങ്ങനെ തമിഴ്, മലയാളം, സംസ്കൃതം എന്നീ ഭാഷകളിൽനൈപുണ്യം സമ്പാ

ദിച്ച തമ്പി, തമിഴിൽ കവിത ചമയ്ക്കുവാനും സമൎത്ഥനായിരുന്നുവത്രെ.

വിദ്യാഭ്യാസാനന്തരം, സ്വന്തം കളരിയിൽ കച്ച കെട്ടി, ആയുധപ്പയററിലും, വാളേറ്, ഗുസ്തി, ചെരവം (അടിയും തടയും) കുതിരസ്സവാരി എന്നിവയിലും പ്രാഗല്ഭ്യം കരസ്ഥമാക്കി. ഭാരമേറിയ കല്ലുണ്ടകളേയും സമവയസ്കരായ യുവദേഹസ്ഥിതന്മാരേയും പന്താടുന്നതിൽ തമ്പിക്ക് യാതൊരു പ്രയാസവും തോന്നിയിരുന്നില്ല. തന്നിമിത്തം ആ നാട്ടുകാർ അദ്ദേഹത്തെ "കുഞ്ചുഭീമൻ" എന്നാണു വിളിച്ചുവന്നിരുന്നതു്.

സംസ്കാരസമ്പത്തും കായികപരിശീലനവും ഒന്നുപോലെ സിദ്ധിച്ചിരുന്ന അദ്ദേഹത്തിനു് ആ നാട്ടിലെ പിടാകപ്രമാണിസ്ഥാനവും അനായാസേന ലഭിക്കാനിടയായി മോഷണം, കവർച്ച, അവകാശവാദങ്ങൾ മുതലായ ഗൗരവാവഹങ്ങളായ കാൎയ്യങ്ങളുമായി ഇടപെടുമ്പോൾ അവയുടെ സൂക്ഷ്മം ഗ്രഹിച്ച് സമുചിതമായ തീരുമാനം കല്പിക്കുന്നതിൽ അദ്ദേഹം കാണിച്ചിരുന്ന നിഷ്പക്ഷനിലയും നിരീക്ഷണപാടവവും അക്കാലത്തെ ന്യായാധിപന്മാരെപ്പോലും അസൂയാലുക്കളാക്കിത്തീൎത്തിട്ടുണ്ടു്. ഇങ്ങനെ സ്വദേശത്തു് സമാധാനവും സന്തുഷ്ടിയുമുണ്ടാക്കി അദ്ദേഹം ഇരുപതാംവയസ്സിനു മുമ്പുതന്നെ ഒന്നാംതരം പൗരനേതാവായി.

താമസിയാതെതന്നെ, തമ്പിയുടെ പ്രശസ്തി വൎദ്ധി

ക്കാനിടയായി. ധമ്മരാജാവിന്റെ രാമേശ്വരം എഴു ന്നള്ളത്തിനിടയ്ക്കു് അവിടത്തെ ചില വിലപിടിച്ച ആഭരണങ്ങൾ തസ്കരന്മാർ മോഷ്ടിച്ചു. സമാധാനപ രിപാലകന്മാരുടെ തിരുതകൃതിയിലുള്ള അന്വേഷണ ങ്ങൾക്കൊന്നിനും തക്കഫലം സിദ്ധിച്ചുമില്ല. അപ മാനഭീതരായ ഉദ്യോഗസ്ഥന്മാർ ഇക്കാര്യത്തിൽ വേലു ത്തമ്പിക്കുള്ള അസാമാന്യസാമത്ഥ്യത്തെ രാജസന്നി ധിയിൽഉണത്തിച്ചപ്പോൾ അവിടുന്നു ഈ അന്വേഷ ണച്ചുമതല തമ്പിയെ ഏല്പിക്കുകയുണ്ടായി. നമ്മുടെ കള രിത്തലവനു് മോഷ്ടാക്കളെ പിടിച്ചു് തൊണ്ടിസഹിതം രാജസന്നിധിയിൽ ഏല്പിക്കുവാൻ വളരെ താമസം വേ ണ്ടിവന്നില്ല. രാജസംതൃപ്തിക്കു് പാത്രീഭൂതനായതമ്പിയെ മഹാരാജാവു് മേൽക്കങ്ങാണം വകുപ്പിലെ ഒരു ഉ ദ്യോഗസ്ഥനായി നിയമിച്ചു. താമസിയാതെതന്നെ കൂടു തൽ അധികാരപദവികളോടുകൂടിയ കാര്യക്കാർ ഉദ്യോ ഗത്തിലേയ്ക്കു് കയററവും കൊടുത്തു. പുതിയ ഉദ്യോ ഗത്തിൽ തെളിഞ്ഞിരുന്ന ഊജ്ജിതവും കാര്യക്ഷമ തയും അധികൃതസ്ഥാനത്തേയ്ക്കു് കൂടുതൽ തൃപ്തി ഉണ്ടാ ക്കിത്തീത്തു. അല്പകാലംകൊണ്ടു് തമ്പി ഏതു് ഉദ്യോ ഗത്തിനും പ്രാപ്തൻ തന്നെയെന്ന പ്രശസ്തിയും പരന്നു.

"ജീവിതം സുഖദുഃഖസമ്മിശ്ര"മെന്നുള്ളതു് നിയ തിയുടെ നിയമമാണല്ലോ. ഈ യാഥാത്ഥ്യം ധമ്മരാ ജാവിന്റെ ചരമത്തോടുകൂടി ധമ്മരാജ്യത്തും തെളിഞ്ഞു കണ്ടു. ഭരണഭാരമേററ ബാലരാമവമ്മമഹാരാജാവു്, ഉരിയരി ജയന്തൻശങ്കരൻ നമ്പൂതിരി തുടങ്ങിയ ദുസ്സേവ

കല്പരിഷകളുടെ ചൊൽപ്പടിയിൽ പെട്ടപോയിരുന്നു. അപകപമതിയായ മഹാരാജാവിന് നമ്പൂതിരിയുടെ സേവാവൈദഗ്ദ്ധ്യം നിമിത്തം യഥാൎത്ഥങ്ങൾ ശരിക്ക മനസ്സിലാക്കാൻ സന്ദർഭം ലഭിക്കാതെയുമായി. ബ്രിട്ടീഷ് ഭരണതന്ത്രജ്ഞന്മാരെപ്പോലും വിസ്മയിപ്പിച്ചിരുന്ന തന്ത്രകുശലനായ രാജാകേശവദാസനായിരുന്നു, അന്നത്തെ ദിവാൻ. 'വലിയ ദിവാൻജി' എന്നറിയപ്പെടുന്ന ആ ഭരണസാരഥിയെപ്പോലും നമ്പൂതിരി ഏഷണിപ്രയോഗംകൊണ്ട് രാജാവിൻെറ അപ്രീതിക്ക പാത്രമാക്കി. ഏറെത്താമസിയാതെ ആ മന്ത്രിവൎയ്യനെ ദിവാൻപദത്തിൽനിന്നു മാററി വിലക്കനീട്ടും കൊടപ്പിച്ചു. അനുക്രമമായ സംഭവപരമ്പരകളാൽ, രാജ്യകാൎയ്യങ്ങൾ മലീമസമായി; ദയനീയരംഗങ്ങളും മാറി മാറി അനുഭവപ്പെട്ടു. രാജാകേശവദാസൻ അപമൃത്യു അടഞ്ഞു. തൻെറ ആചാൎയ്യപദം വഹിച്ച ആ പൂജ്യപാദരുടെ മരണത്തെപ്പററി ഗ്രഹിച്ചതുമുതൽ വേലുത്തമ്പിയുടെ ഹൃദയം എന്തെന്നില്ലാത്ത സന്താപത്തിലാണ്ടു. വിഷാദമഗ്നനായ തമ്പിയാകട്ടെ, അഭിമാനം സംരക്ഷിക്കാൻ ഔദ്യോഗികജീവിതത്തിൽനിന്നും വിരമിച്ച് കുടുംബകാൎയ്യാന്വേഷണത്തിൽ ഏൎപ്പെടാൻ നിശ്ചയിച്ചു.

ധൂൎത്തനും ദുൎമ്മദാന്ധനുമായ സേവകൻ നമ്പൂതിരി ദളവാപദം സ്വമേധയാ കൈയേററ് ഭരണത്തിനിറങ്ങിയിരിക്കയാണ്. നമ്പൂതിരിദളവ ഭണ്ഡാഗാരം വീർപ്പിക്കുവാനെന്ന വ്യാജേന, സ്വാർത്ഥപൂരണത്തി

നവേണ്ട മാറ്റങ്ങൾ ഒന്നിനു പുറകെ ഒന്നായി ആസൂത്രണം ചെയ്തു തുടങ്ങി. അയാളുടെ ബുദ്ധിയിൽ, തെളിഞ്ഞുകണ്ട ധനാഗമമാറ്റം. രാജ്യവാസികളിൽ നിന്നും പണം പിഴിഞ്ഞെടുക്കുകമാത്രമായിരുന്നു. ഇതിലേയ്ക്കു് നമ്പൂതിരി, ധനവാന്മാരുടെ ഒരു പട്ടിക തയ്യാറാക്കി, ആയിരക്കണക്കിനുള്ള പണത്തുക നിശ്ചയിച്ചു് ഓരോരുത്തക്കും അറിയിപ്പുകൊടുത്തു. പണപ്പിരിവിനു വേണ്ട ഊർജ്ജിത നടപടികളും ആരംഭിച്ചു. ഇക്കൂട്ടത്തിൽ 974 ഇടവമാസത്തിൽ വേലുത്തമ്പിക്കും ഒരു നീട്ടുകിട്ടി. കല്പന സമാദരിച്ചു് തിരുമുമ്പിൽ ഹാജരായ തമ്പി കെട്ടിവയ്ക്കണമെന്നു നിശ്ചയിച്ച തുക, ഇരുപത്തിഓരായിരം പണവും അതിലേക്കു് അനുവദിച്ച അവധി മൂന്നു ദിവസവും ആയിരുന്നത്രേ. കല്പനയും വാങ്ങി തമ്പി സ്വദേശത്തേയ്ക്കു മടങ്ങി.

രാജ്യത്തിനു വന്നുചേർന്നിരിക്കുന്ന അനർത്ഥത്തെ ചിന്തിച്ചു് ജനങ്ങൾ ആകമാനം കലുഷചിത്തരായി. തക്കനേതാവിന്റെ അഭാവത്തിൽ ഓരോരുത്തരും അവരവരുടെ ഹൃദയത്തിൽ, വേലുത്തമ്പിയെ ദർശിച്ചു് ആശ്വസിച്ചു. തമ്പിയുടെ സ്വഗൃഹത്തിലേക്കുള്ള യാത്രാമദ്ധ്യേതന്നെ, ശ്രീവാഴുംകോട്ടിനു നേരിട്ടിരിക്കുന്ന ദുർഘടാവസ്ഥകളിലേയ്ക്കു് അദ്ദേഹം ഒരു തിരിഞ്ഞുനോട്ടം നടത്തി. രാജ്യം സ്വൎഗ്ഗതുല്യമാക്കിയ രാജാകേശവദാസന്റെ ദുർമ്മരണം, രാജ്യവാസികൾക്കു നേരിട്ടിരിക്കുന്നപൗരുഷവിനാശം, ഭരണാധികാരസ്ഥാനങ്ങളിലെ കൊള്ളരുതായ്മ—എന്നിങ്ങനെപലതും പടി

പ്പടിയായി ഈ നീതിനിഷ്ഠന്റെ ഹൃദയവേദിയിൽ സ്ഥാനം പിടിച്ചു. തന്റെ സർവ്വശക്തികളും ഉപയോഗിച്ച് ഈ സ്വേച്ഛാധിപത്യത്തെ എതിർത്തമതിയാവൂവെന്ന് തമ്പി നിശ്ചയിക്കുകയും ചെയ്തു.

രാജ്യക്ഷേമകാംക്ഷികളായ എല്ലാവരോടും സ്ഥിതിഗതികളുടെ യാഥാർത്ഥ്യത്തെപ്പററി അറിവുകൊടുത്തശേഷം അന്നു പ്രാബല്യത്തിലിരുന്ന എല്ലാ നാട്ടുക്കൂട്ടങ്ങളിലും തമ്പിതന്നെ ഹാജരായി കാര്യങ്ങളുടെ സൂക്ഷ്മസ്ഥിതി ധരിപ്പിച്ചു. അതോടുകൂടി അന്നത്തെ അടിയന്തിരാവശ്യത്തെപ്പററിയും സാമാന്യമായിട്ടെങ്കിലും അനുസ്മരിപ്പിച്ചു. നാഞ്ചിനാട്ടു പിടാക പന്ത്രണ്ടും ഉൾപ്പെടെ ദക്ഷിണതിരുവിതാംകൂർ മുഴുവൻ വേലുതമ്പിയിൽ അചഞ്ചലവിശ്വാസം രേഖപ്പെടുത്തി. വടക്കൻകാര്യം അയ്യപ്പൻ ചെമ്പകരാമനും ഏററു. രണ്ടു പ്രതിനിധികളും രണ്ടററത്തുനിന്നും ഒരോ കൂട്ടം നയിച്ചു. അഭിമുഖയാത്രചെയ്ത് മഹാരാജാവിനെക്കണ്ടു് സ്ഥിതിഗതികൾ നേരിട്ടറിയിക്കണമെന്നു തീരുമാനവുംചെയ്തു. ഇപ്രകാരം നിവേദനം നടത്താൻ എത്തിയ കൂട്ടം രണ്ടും യോജിച്ച് രാജസന്നിധിയിൽ പ്രവേശിച്ചു.

സന്ദർഭഗൗരവം മനസ്സിലാക്കിയ മഹാരാജാവ്, ബഹുസഹസ്രം ജനങ്ങൾ ഒന്നിച്ചിളകിയിരിക്കുന്നതിന്റെ കാരണം ആരാഞ്ഞുകൊണ്ടു് പ്രതിനിധികൾക്ക് നിവേദനത്തിന് അനുവാദം നൽകി. കുത്തക ഏർപ്പാടുകൾ, അനീതിപരങ്ങളായ നികുതികൾ, നമ്പൂരിദളവ മുതലായവരെക്കൊണ്ടു് ജനങ്ങൾക്കു നേരിട്ടിരിക്കുന്ന

അനത്ഥങ്ങൾ—ഇവയായിരുന്നു നിവേദനവിഷയങ്ങൾ. അഴിമതിക്കാരായി ചൂണ്ടിക്കാണിക്കപ്പെട്ടുന്ന ഉദ്യോഗസ്ഥന്മാരെ നിവേദകന്മാരുടെ ഹിതാനുസരണം ശിക്ഷയ്ക്കു വിധേയരക്കാമെന്നു് തമ്പുരാൻ ആദ്യമേ സമ്മതിച്ചു. അനന്തരം മതില്ക്കകത്തു സൂക്ഷിച്ചിട്ടുള്ള ഓലച്ചുരുണകൾ പരിശോധിച്ചു് നികുതി ഭാരങ്ങളും മററും ക്രമീകരിക്കാമെന്നും ഉറപ്പുകൊട്ടത്തു. നിവേദകസംഘം സമാധാനപരമായി പിരിഞ്ഞു.

ത്യാഗസമ്പന്നന്മാരായ ജനപ്രതിനിധികളുടെ രാജ്യഭക്തിയിലും രാജഭക്തിയിലും മഹാരാജാവിനു അചഞ്ചലമായ വിശ്വാസമുണ്ടായി. ചുമതലയുള്ള ഉദ്യോഗങ്ങൾ തികഞ്ഞ രാജ്യഭക്തന്മാക്കു് നൽകുക തന്നെ വേണമെന്നു് അവിടുന്നു് സമ്മതിച്ചു. തൽഫലമായി അയ്യപ്പൻ ചെമ്പകരാമൻപിള്ളയെ വലിയ സർവ്വാധികാര്യക്കാരായും വേലുത്തമ്പിയെ മുളകുമടിശ്ശീലക്കാര്യക്കാരായും നിയമിച്ചു. വാണിജ്യ മന്ത്രിസ്ഥാനം കൈയ്യേററ വേലുത്തമ്പിക്കു് ന്യായമായ വിവിധവഴങ്ങളിൽക്കൂടി മുതലെടുപ്പു് വിപുലമാക്കുന്നതിനും രാജ്യത്തിൻെറ ചെലവു ശരിയായി നിയന്ത്രിക്കുന്നതിനും സാധിച്ചു.

976 മ് നം പന്ത്രണ്ടാം തീയതി അയ്യപ്പൻ ചെമ്പകരാമൻപിള്ള ചരമഗതിയെ പ്രാപിച്ചു. ന്യായാവകാശിയായ പത്മനാഭൻ ചെമ്പകരാമൻപിള്ള തൽസ്ഥാനത്തു് നിയമിക്കപ്പെട്ടു. ഇദ്ദേഹം ഒരു നല്ല ഉദ്യോഗസ്ഥനായിരുന്നുവെങ്കിലും അന്നത്തെക്കാലസ്ഥിതിയനുസ

രിച്ച ഭരണസാരഥ്യം വഹിക്കത്തക്ക ശേഷി പുതിയ ദളവയ്ക്കില്ലെന്നു മഹാരാജാവിനും പ്രജകൾക്കും മനസ്സിലാക്കാൻ വളരെക്കാലം വേണ്ടിവന്നില്ല.

അങ്ങനെ വേലുത്തമ്പി ദളവസ്ഥാനം കൈക്കൊണ്ടു. എന്നാൽ ചില നീചന്മാർ വേലുത്തമ്പിയുടെ ഈ സ്ഥാനലബ്ധിയിൽ അസൂയാലുക്കളായിത്തീൎന്നു. ഇവരിൽ പ്രമാണികൾ തിരുവട്ടാററിനടുത്തുള്ള സമ്പ്രതി കുഞ്ചുനീലൻപിള്ള പ്രഭൃതികളായിരുന്നു. കുഞ്ചുനീലൻപിള്ള കൊട്ടാരം ഉദ്യോഗസ്ഥനായിരുന്ന ഇംഗ്ലീഷ് പണ്ഡിതൻ പത്മനാഭപിള്ളയെ കൂട്ടുപിടിച്ച് പല കള്ളരേഖകളും നിർമ്മിച്ച് രാജസന്നിധിയിലും മററും ദളവയെ ദ്രോഹിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ദളവ ഉദ്യോഗനിർവഹണത്തിൽക്കാണിച്ച ശുഷ്കാന്തിയും നീതിനിഷ്ഠയും സ്വാൎത്ഥലോലുപന്മാരായ ഉദ്യോഗസ്ഥന്മാൎക്കു ശല്യമായിത്തീർന്നു. മന്ത്രിസ്ഥാനാരോഹണത്തിനു ശേഷം തമ്പിക്ക് നിമിഷനേരം പോലും വിശ്രമം ലഭിച്ചിരുന്നില്ല. കുഴഞ്ഞുമറിഞ്ഞ ഭരണം നിമിത്തം രാജ്യം കടംകൊണ്ടു് മൂക്കോളം മുങ്ങിയിരുന്നു. ജനങ്ങളുടെ വക സ്വത്തിൻെറ അവകാശത്തിനുപോലും ശരിയായ രേഖകൾ ഉണ്ടായിരുന്നില്ല. ഈ വക കുഴപ്പങ്ങൾ പരിഹരിക്കുവാനാണു് ദളവ ആദ്യമായി ആലോചിച്ചതു്. അതിനുവേണ്ടി ഒന്നാമതായി ചെയ്ത പരിഷ്കാരം സർവെയും കണ്ടെഴുത്തും നടത്തിച്ച് ആയവ്യയകണക്കുകൾ ശരിപ്പെടുത്തുകയായിരുന്നു. അനന്തരം ഉദ്യോഗസ്ഥന്മാരുടെയിടയിൽ നടമാടിയിരുന്ന അഴി

മതികളും മററു ഗുരുതരമായ കുററങ്ങളും ഇല്ലായ്മ ചെയ്യുവാൻ മുതിർന്നു. മോഷണം കവർച്ച മുതലായവയ്ക്കും ദളവ നിർദ്ദാക്ഷിണ്യം ശിക്ഷകൾ കൊടുത്തു് അക്രമങ്ങൾ നാട്ടിലെങ്ങും ഇല്ലാതാക്കി.

രാജ്യത്തിനു് അത്യാവശ്യമായ പരിഷ്കാരങ്ങൾ പടിപ്പടിയായി ദളവ നടത്തിത്തുടങ്ങി. കാർഷികാഭിവൃദ്ധിക്കുവേണ്ട ജലസേചനപദ്ധതികൾ ഏർപ്പെടുത്തപ്പെട്ടു. ആലപ്പുഴത്തുറമുഖ പരിഷ്കരണം, കൊല്ലം പട്ടണത്തിന്റെ അഭിവൃദ്ധി എന്നിവയിൽ ദളവ കാര്യമാംവണ്ണം ശ്രദ്ധിച്ചിരുന്നു. ഒരു രാജ്യത്തിന്റെ ഉൽകർഷം അവിടത്തെ വാണിജ്യാഭിവൃദ്ധിയെ ആശ്രയിച്ചിരിക്കുമെന്നു നല്ലപോലെ മനസ്സിലാക്കിയ ദളവ തലയോലപ്പറമ്പു്, മാഞ്ഞാലി, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ ചന്തകൾ ഏർപ്പെടുത്തി. ഈ രാജ്യത്തിൽ ഇന്നുള്ള ചന്തകളിൽ ചങ്ങനാശ്ശേരിയുടെ സ്ഥാനം പ്രസിദ്ധമാണല്ലോ. അവിടെ വന്നുചേരുന്ന കാർഷികവിഭവങ്ങൾ, ആരെയാണു് ആഹ്ളാദിപ്പിക്കാത്തതു്? ദളവതന്നെ സ്വന്തം തലയിൽ നട്ടുച്ചയ്ക്കുള്ള ശുഭമുഹൂർത്തത്തിൽ ചുമടും വഹിച്ചു് ചങ്ങനാശ്ശേരി ചന്തയിലെ കച്ചവടത്തിന്റെ ഉൽഘാടനകർമ്മം നിർവഹിച്ചുവെന്നറിയുമ്പോൾ അദ്ദേഹത്തിന്റെ രാജ്യക്ഷേമകാംക്ഷയെപ്പററി എത്രതന്നെ വിലമതിച്ചാലും അധികമാകാനിടയില്ല. പ്രധാനറോഡുകളെ പരസ്പരം യോജിപ്പിച്ചതും രാജപാതകളെ വിസ്തൃതമാക്കിയതുംകൊല്ലം-ചെങ്കോട്ട റോഡു് നന്നാക്കിയതും ഇദ്ദേഹമായിരുന്നു.

മുളകുമടിശ്ശീലക്കാൎയ്യക്കാരുദ്യോഗത്തിലിരുന്നു് രാജ്യം ചുററിസ്സഞ്ചരിച്ച് സ്ഥിതിഗതികൾ മനസ്സിലാക്കിയിരുന്ന തമ്പി, ദളവ ഉദ്യോഗകാലത്തു് വാണിജ്യാഭിവൃദ്ധിക്കവേണ്ട സകല സാഹചര്യങ്ങളും സൃഷ്ടിച്ച് രാജ്യത്തെ ഐശ്വര്യസമ്പന്നമാക്കിത്തീൎത്തു.

നീതിനിഷ്ഠയിൽനിന്നും ദളവ അണുമാത്രംപോലും വ്യതിചലിച്ചിരുന്നില്ല. ന്യായം നടത്തലിൽ അദ്ദേഹം മനുവിൻേറയും യാജ്ഞവൽക്യൻേറയും നിയമസംഹിതകളേയാണു് ആശ്രയിച്ചിരുന്നതു്. ദളവയുടെ നിർദ്ദാക്ഷിണ്യമായ ശിക്ഷാസമ്പ്രദായം രാജ്യത്തു് സമാധാനവും സന്തുഷ്ടിയും സംജാതമാക്കി. സ്വാൎത്ഥമതികളും ദുരാഗ്രഹികളുമായ ദുഷ്ടന്മാൎക്കും ദളവ ഒരന്തകനായിഭവിച്ചു. വൈരികൾ അദ്ദേഹത്തെ സ്ഥാനഭ്രംശം ചെയ്യിക്കാൻ അധീശസ്ഥാനങ്ങളിൽ പരാതികൾകൊടുത്തുകൊണ്ടിരുന്നു. ദളവയുടെ ഭരണസാമൎത്ഥ്യംകൊണ്ടു് രാജ്യത്തെ കടങ്ങൾ മിക്കവാറും തീൎന്നു. കുടിശ്ശികകൾ മുഴുവൻ ഈടാക്കിയതിനാൽ ക്കോശസ്ഥിതിയും അഭിവൃദ്ധിപ്പെട്ടു. തമ്പിയുടെ പ്രശസ്തസേവനങ്ങളെ ബ്രിട്ടീഷ് അധികൃതർ വിലമതിക്കയും പ്രശംസിക്കയും ചെയ്തു.

ഇങ്ങനെയിരിക്കെയാണു് യുദ്ധക്കടത്തിലുള്ള തുക മദ്രാസ് ഗവർണർ ആവശ്യപ്പെട്ടതു്. കടം തീൎക്കത്തക്ക പരിതഃസ്ഥിതികൾ വിദൂരമല്ലെന്നും സ്വല്പംസമയം വേണമെന്നും മന്ത്രി വിനയപൂൎവ്വം അപേക്ഷിച്ചു അവസരസേവകന്മാർ, സക്കീട്ടിലിരുന്ന ദളവയെ

പ്പററി ചെയ്ത ദോഷാരോപണങ്ങൾ പലതും രാജാവു വിശ്വസിച്ചു. കൊട്ടാരം ഉദ്യോഗസ്ഥന്മാരുടെ അനവരതമായ ഏഷണിയുടെ ശക്തി, ദളവയെ മഹാരാജാവിൽനിന്നും അകററി നിർത്തുവാൻ പ്രയോജനപ്പെടുക തന്നെ ചെയ്തു. സേവകന്മാർ ചേൎന്നു ദളവയെ വധിക്കുന്നതിനുള്ള ഒരു വാറണ്ടു മഹാരാജാവിൽനിന്നും സമ്പാദിച്ചു. ഇതിനിടയ്ക്കു ജനങ്ങളുടെ ഇടയിലും ഈ ദുർമ്മന്ത്രികന്മാർ വേലുത്തമ്പിയെപ്പററി വിദ്വേഷം വളർത്തി. ദളവയ്ക്കു രാജ്യത്തിനകത്തു അന്യാശ്രയമില്ലെന്ന നിലയും വന്നുചേൎന്നു. അതിനാൽ ദളവ റസിഡൻറിനെക്കണ്ടു വിവരങ്ങൾ സവിസ്തരം അറിയിച്ചു. മക്കാളെയുടെ ഉപദേശപ്രകാരം ദളവ മഹാരാജാവിനെ ക്കണ്ടു സങ്കടം ഉണർത്തിക്കാൻ ശ്രമിച്ചിട്ടും പ്രയോജനമുണ്ടായില്ല. ഉടൻതന്നെ റസിഡൻറു മക്കാളെ തൻെറ സുഹൃത്തിനെ രക്ഷിക്കുവാൻ ഒരു സൈന്യവുമായി തിരുവനന്തപുരത്തു എത്തി. മഹാരാജാവിനെ ബലമായി ഉപദേശിച്ചു. രാജശാസനം പിൻവലിക്കപ്പെടുകയും ചെയ്തു. ഈ സന്ദർഭങ്ങളിലെല്ലാം ദളവയ്ക്കു താങ്ങും തണലുമായി നിന്നതു റസിഡൻറു മക്കാളെ തന്നെയായിരുന്നു. ദളവ തനിക്കുള്ള സ്വാധീനശക്തി ഉപയോഗിച്ചു ഭരണം ശരിക്കു നിർവ്വഹിച്ചുവന്നു.

കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും, പണത്തിനു വീണ്ടും ബ്രിട്ടീഷ്കാർ ദളവയെ ഞെരുക്കുക തന്നെ ചെയ്തു. നിവൃത്തിയില്ലെന്നുകണ്ടു പട്ടാളച്ചെലവിൽ ഗണ്യമായ ഒരംശം കുറച്ചു യുദ്ധക്കടം തീൎക്ക

വാൻ അദ്ദേഹം തീരുമാനിച്ചു. ഈ കുറവ് ഇവിടത്തെ പട്ടാളത്തെ ക്ഷോഭിപ്പിക്കുവാൻ ഒരു ഹേതുവായിത്തീൎന്നു. ലഹളയ്ക്കൊരുങ്ങിയ പട്ടാളക്കാർ വേലുത്തമ്പിയെ പിരിച്ചയച്ച് തങ്ങൾ നിശ്ചയിക്കുന്ന നായകനെ ദിവാൻജിയാക്കണമെന്ന് വാദിച്ചു തുടങ്ങി. രാജ്യവ്യാപകമായ ഈ ലഹള, ദളവ തൽക്കാലം താമസിച്ചിരുന്ന ആലപ്പുഴയുമെത്തി അദ്ദേഹത്തെ വളഞ്ഞു. അവിടെയും റസിഡൻറിൻെറ സഹായം ഉണ്ടായി.

ദളവ ലഹളത്തലവന്മാരെ മാതൃകാപരമായിട്ടാണെങ്കിലും മൃഗീയമാംവണ്ണം ശിക്ഷിച്ചു. ഈ ദണ്ഡക്രമത്തെപ്പററി അഭിപ്രായവ്യത്യാസമുണ്ടെങ്കിലും, ഇതും ഒരു പട്ടാളനിയമമായിത്തന്നെ കരുതി ഇതിനെ സാധൂകരിക്കുന്ന ഒരു കക്ഷിയുംഇല്ലാതെയില്ല. ഇതിനെ ആധാരമാക്കി തിരുവിതാംകൂർ സൈന്യത്തിൻെറ സ്വാതന്ത്ര്യം കുറച്ചേതീരുവെന്ന് ഗവൺണർജനറലായ വെല്ലസ്ലിപ്രഭു തീർച്ചപ്പെടുത്തി. രാജാവിൻേറയും മന്ത്രിയുടേയും നിലനില്പിനു കൂടുതൽ രക്ഷാമാൎഗ്ഗം ആവശ്യമാണെന്നും അതിനുവേണ്ട വ്യവസ്ഥ ചെയ്യണമെന്നും ആഭ്യന്തരകലഹങ്ങൾ ശമിപ്പിക്കുന്നതിനു ഒരു ബ്രിട്ടീഷ് പട്ടാളം ഇവിടെ സ്ഥിരമായി താമസിപ്പിക്കണമെന്നും ബ്രിട്ടീഷ് ഗവൺമെൻറിൽ നിന്നും ആവശ്യപ്പെട്ടു. നിലവിലിരിക്കുന്ന 1795-ലെ ഉടമ്പടിയെപ്പുതുക്കി ഒരു ബ്രിട്ടീഷ് സൈന്യത്തിൻെറ ചെലവുകൂടി തിരുവിതാംകൂർ വഹിക്കത്തക്കവണ്ണം വ്യവസ്ഥചെയ്യണമെന്നും നിർബന്ധിച്ചുതുടങ്ങി. "സബ്സിഡിയറി സിസ്റ്റ"മെന്ന

വ്യവസ്ഥയിൽപ്പെടുത്തിക്കൊണ്ടു് നാട്ടുരാജ്യങ്ങളെ ബ്രിട്ടീഷ് സാമ്രാജ്യഹോമകുണ്ഡത്തിലേക്കു് ആഹുതി ചെയ്തുതുടങ്ങിയിരിക്കുന്ന വെല്ലസ്‌ലിക്കു കിട്ടിയ ഈ സുവർണ്ണാവസരത്തെ പ്രയോജനപ്പെടുത്തുവാൻ പ്രബല സന്നദ്ധനായി. ആപത്തിൽ സഹായിച്ച ഒരു ബന്ധുവിനോടു് വിരോധപ്പെടുന്നതിലുള്ള വൈമനസ്യത്തോടെയാണെങ്കിലും ദേശാഭിമാന സംരക്ഷണത്തിനു തന്നെ തമ്പിയും തീരുമാനിച്ചു. പത്തൊൻപതാം ശതാബ്ദത്തോടുകൂടി കമ്പനിയുടെ ശക്തി ലോകവ്യാപകമാകാനുള്ള സൽലക്ഷണങ്ങളും തികഞ്ഞിട്ടുണ്ടെന്നു് തമ്പി ദീർഘദർശനം ചെയ്തു.

ഉടമ്പടി പുതുക്കുവാൻ റസിഡൻറിന്റെ പാർശ്വവർത്തികളായ രാമലിംഗമുതലിയാരും സ്ഥാനപതി സുബ്ബയ്യരും കൂടി രാപ്പകലില്ലാതെ മഹാരാജാവിനെ ഉപദേശിച്ചു തുടങ്ങി. തിരുമനസ്സുകൊണ്ടു വഴിപ്പെടുന്നില്ലെന്നുകണ്ടു് ഒരു ബ്രിട്ടീഷ് പട്ടാളത്തെ മേജർ ജനറൽ "മാക്ഡോവെലി"ന്റെ നേതൃത്വത്തിൽ ഇങ്ങോട്ടു അയപ്പിക്കുന്നതായി ഒരു പ്രസ്താവനയുമുണ്ടായി. ബ്രിട്ടീഷ് സൈന്യം രാജ്യത്തിനകത്തു പ്രവേശിക്കാൻ ഇടയാക്കരുതെന്നും കാര്യങ്ങൾ രമ്യമായി ഒതുക്കാമെന്നുമുള്ള ദളവയുടെ താൽക്കാല സമാധാനം കൊണ്ടു് ഈ ഉദ്യമത്തിൽ നിന്നും ആംഗ്ലേയർ വിരമിച്ചു. ഉടമ്പടിയുടെ ഉള്ളടക്കങ്ങൾ രാജാവുമായി ഒന്നുകൂടി പരിശോധിച്ചുനോക്കി, അതിലെ വ്യവസ്ഥ പാലിക്കുന്നതിനു് കൂടുതൽ വേണ്ടിവരാവുന്ന നാലു ലക്ഷം രൂപായ്ക്കു്

രാജ്യത്തിനുള്ള ത്രാണിക്കുറവിനെപ്പററി ദളവ വഴി യാംവണ്ണം ഉദ്ബോധിപ്പിച്ചു. ദളവയുടെ ആനുകൂല്യം തങ്ങൾക്കില്ലെന്നു മനസ്സിലാക്കിയ റസിഡൻറിൻെറ വിരോധം മുഴുവൻ വേലുത്തമ്പിയിലുമായി. പുതിയവ്യവസ്ഥയനുസരിച്ചു് കൂട്ടതലായി അടയ്ക്കേണ്ട തുകയ്ക്കു് വല്ല കുഴപ്പവും നേരിടുകയാണെങ്കിൽ, രാജ്യമോ അതിലെ ഒരംശമോ ബ്രിട്ടീഷ്കാർക്ക് കൈവശപ്പെടുത്തി മുതലെടുക്കാനുള്ള അധികാരവും ഉടമ്പടി പ്രകാരം വിട്ടുകൊടുക്കണം. ഇതിൽ ഏതൊരു രാജ്യാഭിമാനിക്കാണു് സമ്മതം മൂളാൻ സാധിക്കുക? തമ്പിയുടെ പ്രത്യേക താൽപര്യത്തിലാണു് ഈ പുതിയ ഉടമ്പടി ഇന്നത്തെ രൂപത്തിൽ ഉടലെടുത്തതെന്നു് വരുത്തുവാൻ ചില ചരിത്രകാരന്മാർ ഉദ്യമിച്ചുകാണുന്നുണ്ടു്. ഇതു സംബന്ധിച്ചു് റസിഡൻറും ഗവർണ്ണർ ജനറലുമായുണ്ടായ 1805 ജനുവരിമാസത്തിലെ കത്തിടപാടുകളിലേക്കു് ഒന്നു കണ്ണോടിക്കുമ്പോൾ, രാജാവും ദളവയും ഒന്നുപോലെ ഇക്കാര്യത്തിൽ പ്രതിഷേധിക്കയാണു ചെയ്തതെന്നു് കാണുവാൻ യാതൊരുപ്രയാസവുമില്ലെന്നു് തീർത്തു പറയാം.

ഒരു ഭരണതന്ത്രജ്ഞനെന്ന നിലയിൽ, കാര്യസാദ്ധ്യത്തിനു വേണ്ടി ദളവ നയതന്ത്രമായി പെരുമാറിയിരിക്കാമെന്നല്ലാതെ, ബ്രിട്ടീഷ്കാരുടെ അനിയന്ത്രിതാധികാരത്തിൽ ഇദ്ദേഹത്തിനു മുമ്പിനാലെ വിദ്വേഷം തന്നെയാണുണ്ടായിരുന്നതു്. റസിഡൻറിൻെറ ഉപദേശവഴിക്കുള്ള നിർബ്ബന്ധം മുറുകി, ഉടമ്പടി പുതുക്കാതെ നിവൃത്തിയില്ലെന്നും വന്നുകൂടി. വെല്ലസ്ലി

പ്രഭുവിൻെറ നാട്ടുരാജ്യനയം അന്യായമാണെങ്കിലും, തൽക്കാലനിലയ്ക്കു് തിരുവിതാംകൂറും വഴിപ്പെടാതെ നിവൃത്തിയില്ലെന്നായി. 1805-ൽ പ്രസ്തുത പ്രമാണത്തിൽ തിരുവിതാംകൂർ സമ്മതം രേഖപ്പെടുത്തുകയും ചെയ്തു. കൊല്ലം ഒൻപതാംശതാബ്ദത്തിൽ ഉമയമ്മറാണിയെ പ്രീണിപ്പിച്ച് പാട്ടവ്യവസ്ഥയിൽ വ്യാപാരത്തിനനുവാദം വാങ്ങി അഞ്ചുതെങ്ങിൽ താവളമുറപ്പിച്ച കമ്പനിക്കാർ ഒരു ശതാബ്ദക്കാലം കൊണ്ടു് രാജ്യത്തിൻെറ സർവ്വാധിപത്യവും നേടി. വഞ്ചനയും ചതിയും നിറഞ്ഞ ഈ ഇരച്ചുകയററത്തിൻെറ അനന്തരഫലം എന്തായി?—ഭാരതത്തിൽ ബ്രിട്ടീഷുകാർക്കുണ്ടായിരുന്ന അധികാരപദവി ഇപ്പോൾ നാമാവശേഷമായിത്തീന്നിരിക്കുന്നു.

ആംഗ്ലേയരുടെ ഈ ഉടമ്പടി വ്യവസ്ഥയനുസരിച്ച് തിരുവിതാംകൂർ കൊച്ചി രാജ്യങ്ങൾ ഗണ്യമായ ഒരു തുകയാണു് കപ്പമായി കൊടുക്കേണ്ടിയിരുന്നതു്. ഈ രാജ്യങ്ങളിൽ ദാരിദ്ര്യത്തിനു് ഒരു പ്രധാനകാരണം തന്നെ ഈ കപ്പത്തിൻെറ കൂടുതലാണെന്നു് 1832-മാർച്ചു് 27-ാംതീയതി കർണ്ണൽ മൺറോ കൊടുത്ത ഔദ്യോഗിക രേഖയിലും തുറന്നു സമ്മതിച്ചിട്ടുണ്ടു്.

കപ്പം കൂടുതൽ നിശ്ചയിച്ചുവെങ്കിലും, അതിൽ ചില സൗജന്യങ്ങൾ ചെയ്തുകൊടുക്കാമെന്നു് റസിഡൻറു വാക്കുകൊടുത്തതിനുശേഷമാണു് പുതിയ വ്യവസ്ഥയ്ക്കു ദളവ സമ്മതിച്ചതു്. എന്നാൽ രാജമുദ്രാങ്കിതമായ പ്രമാണം കൈക്കലായതോടുകൂടി റസിഡൻറിൻെറ

നിറം മാറിത്തുടങ്ങി. ആ ബ്രിട്ടീഷ് പ്രതിനിധി പണത്തിനുവേണ്ടി പൂർവ്വാധികം ഞെരുക്കുവാൻ ഒരുമ്പെട്ടു. ദളവയോടുള്ള വൈരം ആസ്പദമാക്കി റസിഡണ്ടു് അധികാരഖഡ്ഗം പ്രയോഗിക്കുവാനും തീരുമാനിച്ചു. പണത്തിനുള്ള നടപടി മുറുകി. രാജ്യത്തെ ബ്രിട്ടീഷ് അധീനതയിലാക്കണമെന്നു നിശ്ചയിച്ചു കൊണ്ടു് തിരുവിതാംകൂറിനു ഈടാക്കേണ്ട റവന്യൂ ഇനങ്ങൾ കൂടി കിട്ടാതിരിക്കത്തക്കവണ്ണം അനധികൃതമായ ചില നടപടികളിൽ റസിഡൻറു പ്രവേശിച്ചു് ദളവയെ കൂടുതൽ വിഷമിപ്പിച്ചു. സൈനികവകുപ്പിനു് കൊള്ളാത്തവനെന്നു് മുദ്രയടിച്ചു് വെളിയിൽ തള്ളപ്പെട്ട മക്കാളെയുടെ തോന്ന്യാസങ്ങൾക്കു്, കൊച്ചി തിരുവിതാംകൂർ രാജ്യങ്ങൾ വിഹാരരംഗങ്ങളുമായി. ദളവയും റസിഡൻറും പരസ്പരം കുററങ്ങൾ ആരോപിച്ചുകൊണ്ടുള്ള എഴുത്തുകുത്തുകൾ ആരംഭിച്ചു. റസിഡൻറിൻെറ ശല്യത്തെ അറിയിച്ചുകൊണ്ടു് സായിപ്പിനെ ഇവിടത്തെ ഉദ്യോഗത്തിൽനിന്നും മാററിക്കിട്ടണമെന്നു് മഹാരാജാവു് ബ്രിട്ടീഷ് ഗവൺമെൻറിലേയ്ക്കു് ശക്തിപൂർവ്വം ഉദ്ബോധനകൾ നടത്തി. എന്നാൽ സ്വജനപക്ഷപാതികളായ ഇംഗ്ലീഷുകാർ അവയെയെല്ലാം അഗണ്യകോടിയിൽ തള്ളിക്കളയുകയാണു് ചെയ്തതു്. മാത്രമല്ല, ദളവയെ വീഴ്ചക്കാരനാക്കിക്കൊണ്ടു് ഉദ്യോഗത്തിൽനിന്നും മാററി പെൻഷനും കൊടുത്തു് ഉത്തരമലയാളം കളക്ടരുടെ നോട്ടപ്പുള്ളി

യായി താമസിപ്പിച്ചുകൊള്ളുന്നതിനും റസിഡൻറിനു് അനുമതി നൽകിയത്രേ.

ഇതിനിടയ്ക്കു് ബ്രിട്ടീഷ് ഗവമ്മെൻറിനെ എതിൎക്കുന്നതിനു് അങ്ങിങ്ങായി പല ശത്രുക്കളും തല പൊക്കിത്തുടങ്ങി. കമ്പനിയുടെ അധികാരശക്തിയിൽ ഇന്ത്യയിലും വിദേശങ്ങളിലും കഠിനമായ വിദ്വേഷം ജനിച്ചു. കൊച്ചിയിലെ പാലിയത്തച്ചനോടും റസിഡൻറു് വിരോധത്തിലായി. റഷ്യ, ഫ്രാൻസ് എന്നീ മഹാശക്തികൾ ഇംഗ്ലീഷുകാരോടു് ശത്രുതയിൽ കഴിയുകയായിരുന്ന അതിർത്തിദേശങ്ങളും മഹാരാഷ്ട്രരും ബ്രിട്ടനു് അനുകൂലമല്ലെന്നു് തെളിഞ്ഞുകണ്ടു. ജർമ്മനിയും ഹാളൻഡും ഉത്തരമലയാളവും ബ്രിട്ടീഷ് വിനാശത്തിനുള്ള സന്ദർഭങ്ങൾ പ്രതീക്ഷിച്ചുകഴിയുകയാണു്. ഇങ്ങനെ ആഭ്യന്തരമായും വൈദേശികമായും എതിർശക്തികളുണ്ടാകാവുന്ന ഉപദ്രവങ്ങൾ അഥവാ ആനുകൂല്യക്കുറവുകൾ ദളവയെ ചൊടിപ്പിച്ചു. "ലക്ഷണമെല്ലാം നമുക്കു ശുഭപ്രദം" എന്നു കണക്കാക്കിക്കൊണ്ടു് ബ്രിട്ടീഷുകാരുടെ അനീതിയോടു് ഒന്നു നേരിടുകയാണു് ഈ അവസരത്തിൽ കരണീയമെന്നു് ദളവ തീരുമാനിച്ചുറച്ചു. വേലുത്തമ്പിയും പാലിയത്തച്ചനും ഒത്തുചേർന്നു ബ്രിട്ടീഷ്കാരെ എതിർക്കുന്നതിനുള്ള ഒരു പരിപാടിയും കൈക്കൊണ്ടു.

രണ്ടു ദിവാൻജിമാരും കൂടി സൈന്യസജ്ജീകരണം ആരംഭിച്ചു. തമ്പിയെ അപേക്ഷിച്ചു് പാലിയത്തച്ചനു് തുച്ഛമായ ഒരു സൈന്യവിഭാഗം ശേഖരിക്കുവാൻമാത്രമേ

സാധിച്ചൊള്ളൂ. വേലുത്തമ്പിയുടെ ഈ പടയൊരുക്കം സംബന്ധിച്ച് നാലുലക്ഷം പണം ചെലവിടേണ്ടിവന്നുവെന്ന് അന്നത്തെ ചില കണക്കുകളിൽ കാണുന്നുണ്ട്. ഈ സൈന്യസന്നാഹവാർത്ത മദ്രാസ് ഗവണ്മർക്കു അറിവുകിട്ടി. തിരുവിതാംകൂറിനോടു പ്രത്യേക ശത്രുതയുള്ള ഗവണ്മർ ഒരു വലിയ യുദ്ധത്തിനുള്ള സകല സജ്ജീകരണങ്ങളും ഉടൻ ചെയ്തു. 984 ധനുമാസത്തിൽ ഇംഗ്ലീഷുകാരും കൊച്ചിയുമായുള്ള ഒരു സംഘട്ടനം ആരംഭിച്ചു. കൊച്ചിയിലെ റസിഡൻസിയിൽ താമസിച്ചിരുന്ന മെക്കാളിയെ പാലിയത്തച്ഛൻ മുഖേന വധിപ്പിക്കുന്നതിന് ആദ്യമായി ഒരു ശ്രമം നടന്നു. റസിഡൻറ് ഒളിച്ചോടി രക്ഷപ്പെട്ടതു നിമിത്തം ഈ ശ്രമം വിഫലമായി. വേലുത്തമ്പിയാകട്ടെ കൂടുതൽ സൈന്യം ശേഖരിക്കാൻ സഞ്ചരിക്കുകയായിരുന്നു. ഈ സന്ദർഭത്തിൽത്തന്നെ ദളവയും കൊല്ലത്തെ കമ്പനിപ്പട്ടാളവും കൂടി ഒരു സംഘട്ടനമുണ്ടായി. അതിൽ സുശക്തമായി കമ്പനിപ്പട്ടാളം തന്നെയാണു വിജയം വരിച്ചതു്. അതിനെത്തുടർന്നാണു വേലുത്തമ്പിയുടെ ചരിത്രപ്രധാനമായ കുണ്ടറ വിളംബരം. 984 മകരം ഒന്നാംതീയതിയിലെ കാര്യബഹുലമായ ആ വിളംബരത്തിൽ കച്ചവട മനസ്ഥിതിക്കാരായ ബ്രിട്ടീഷ്കാരുടെ നയപരമായ ചതിയും വഞ്ചനയും രാജ്യത്തെ അപകടത്തിലാക്കിയിരിക്കുന്നുവെന്നും ഇതിനൊരു പോംവഴി കണ്ടുപിടിക്കേണ്ടതാണെന്നും ശക്തിയായി സ്ഥാപിച്ചിരുന്നു. തിരുവിതാംകൂറിനും കൊച്ചിക്കും മാത്രമല്ല, ഭാരതത്തിനുതന്നെ

നേരിട്ടിരിക്കുന്ന അടിമത്തത്തിനു പരിഹാരമാൎഗ്ഗം പ്രതീക്ഷിച്ചുകൊണ്ടുള്ള തമ്പിയുടെ ശക്തിയുക്തമായ വിളംബരം ജനതയെ പ്രക്ഷുബ്ധരാക്കി. തമ്പിയുടെ ധീരതയ്ക്കും ദേശാഭിമാനത്തിനും ദീർഘദൃഷ്ടിക്കും കേന്ദ്രമായ ഈ പ്രമാണം ബ്രിട്ടീഷ് ഗവമ്മെൻറിൻെറ വിധിനിൎണ്ണായക രേഖയാണെന്നു പന്ത്രണ്ടു വ്യാഴവട്ടം കഴിഞ്ഞിരിക്കുന്ന ഈ സുവൎണ്ണാവസരത്തിൽ ഭാരതഖണ്ഡത്തിന് അനുഭവവേദ്യമായിത്തീൎന്നിരിക്കുന്നു.

വേലുത്തമ്പിയുടെ സൈന്യത്തിൽ നാൽപ്പതിനായിരത്തോളം പേർ ഉൾപ്പെട്ടിരുന്നുവെങ്കിലും വേറെ പ്രതീക്ഷിച്ച സഹായമൊന്നും കിട്ടാതായി. യുദ്ധം മുറുകുമെന്ന നില വന്നപ്പോൾ പാലിയത്തച്ഛനും നില്ക്കക്കള്ളിയില്ലാതെ റസിഡൻറിൻെറ ഇംഗിതത്തിനു കീഴടങ്ങി. സംസ്കാരസമ്പന്നന്മാരെന്നു പെരുമ്പറയടിച്ച ശത്രുക്കൾ യുദ്ധധൎമ്മവും വിസ്മരിച്ച് നേരായ മാൎഗ്ഗവും വെടിഞ്ഞ് ആരുവാമൊഴി കോട്ടയും കൈവശപ്പെടുത്തി രാജധാനിയിൽ പ്രവേശിച്ചു. കുററം മുഴുവൻ ദളവയുടെ പിടലിക്കു ചുമത്തിക്കൊണ്ടു് മഹാരാജാവിൽനിന്നും രേഖ സമ്പാദിക്കാനും അവർക്കു കഴിഞ്ഞു. പോരെങ്കിൽ, ദിവാനുദ്യോഗകാംക്ഷിയായ ഉമ്മിണിത്തമ്പി ഇംഗ്ലീഷുകാരുടെ ആട്ടത്തിനു് ശിങ്കിടിയായി ഏററുപാടാനുമുണ്ടായിരുന്നു. വേലുത്തമ്പിയുടെ ദിവാൻ പദം ഉമ്മിണിത്തമ്പി തട്ടി എടുക്കുകയും ചെയ്തു. ഒരു ധീരദേശാഭിമാനി; മുപ്പത്തി ഏഴാം വയസ്സിൽ ദിവാനുദ്യോഗത്തിനു യോഗ്യനായ സ്വദേശി; ബ്രിട്ടീഷ്

സിംഹത്തിന്റെ സുസമ്മതി നേടിയ ഒരു വീരഭരണതന്ത്രജ്ഞൻ; ഈ നിലകളിൽ അഭിമാനമാർജ്ജിച്ചിരിക്കുന്ന ഒരു സോദരന്റെ സ്ഥാനം ഇങ്ങനെ ദുർമ്മാർഗ്ഗത്തിൽ കൂടി ഉമ്മിണിത്തമ്പി സമ്പാദിച്ചു.

പുതിയ ദിവാൻ ഉമ്മിണിത്തമ്പിയുടെ ഭരണസാരഥ്യത്തിന്റെ ചരടുപിടിത്തം തമ്പിയെപ്പിടിച്ച് മാതൃകാശിക്ഷ നൽകുന്നതിൽക്കൂടിയാണ് ആരംഭിച്ചത്. രാജ്യവും രാജാവും രക്ഷപ്പെട്ടതിൽ തെല്ലൊന്ന് ആശ്വസിച്ചുകൊണ്ട് വിശ്വസ്തനായ ഒരു വാല്യക്കാരനോടു കൂടി വേഷപ്രച്ഛന്നരായി വേലുത്തമ്പിയും അനുജനും ആഹാരംപോലും ഉപേക്ഷിച്ച് കാൽനടയായി ഒന്നു രണ്ടു രാത്രികൊണ്ടു് കിളിമാനൂർ കൊട്ടാരത്തിൽ എത്തി. അവിടെനിന്നും കിട്ടിയ അത്താഴവും കഴിച്ച് വിശപ്പുമടക്കി, "ഇതു് എന്റെ അവസാനത്തേതാണ്" എന്നറിയിച്ച് കൈവശമുണ്ടായിരുന്ന വാൾ അവിടെ ഏല്പിച്ചിട്ട് ഒളിവു യാത്രപുറപ്പെട്ടു. പിറ്റേദിവസം രാത്രി മണ്ണടിക്ഷേത്രത്തിന്റെ സമീപമുള്ള ഒരു പോററിയുടെ ഇല്ലത്തിൽ ശരണംപ്രാപിക്കയും ചെയ്തു.

വേലുത്തമ്പിയെ തിരക്കി ഊർജ്ജിതാന്വേഷണം നടത്തിയ ആജ്ഞാകരന്മാരായ ഭടസമൂഹം ആവേശപൂർവ്വം അഭയഗൃഹം വളഞ്ഞു് ത്വരിതശ്രമം ചെയ്തു് അകത്തു പ്രവേശിച്ചു. ഇതിനിടെ ധീരചിത്തനായ തമ്പി സ്വന്തം കഠാരികൊണ്ടു് സ്വയം മാറത്തു കുത്തിയിറക്കി സ്വസഹോദരന്റെ സഹായത്തോടുകൂടി വീരചരമമടഞ്ഞു കഴിഞ്ഞു.

പിടികിട്ടിപ്പോയിയെന്നു് ആഹ്ലാദിച്ച ഭടന്മാർ

ഗൃഹാന്തർഭാഗത്തു് പ്രവേശിച്ചു. എന്നാൽ പിടികിട്ടിയതു് വിരിമാറോടുകൂടിയ ഒരു ശവശരീരം മാത്രമായിരുന്നു. ശത്രുസൈന്യം നിരാശാഭരിതരായി എങ്കിലും ഈ ശവശരീരത്തെ കഴുകിലിട്ടാണു് റസിഡൻറു സായിപ്പു് രക്തദാഹം തീർത്തതും കൃതാർത്ഥനായതും. വെള്ളക്കാരൻെറ സംസ്കാരപാരമ്യം! ഇതുകൊണ്ടും സായിപ്പിൻെറ കോപം അവസാനിച്ചില്ല. വീരയോദ്ധാവായ തമ്പിയുടെ ജനനഗൃഹം ഇടിച്ചു നിരത്തി കുളം കോരുകകൂടി ചെയ്തുവത്രേ. എന്നിട്ടും തൃപ്തനാകാത്ത ആ റസിഡൻറ് തമ്പിയുടെ കുടുംബാംഗങ്ങളെ നാടുകടത്തിയും അപമാനകരമാംവണ്ണം ശിക്ഷിച്ചും കൃതാർത്ഥനായി. അനീതിയേയും അക്രമത്തേയും ഉച്ചാടനം ചെയ്തു് നീതിയും സമാധാനവും സ്ഥാപിച്ചു് സ്വരാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനും അഭിമാനത്തിനും വേണ്ടി ജീവത്യാഗം ചെയ്ത മഹാനാണു് തലക്കുളത്തു വേലുത്തമ്പി. സത്യത്തിലും ന്യായത്തിലും അടിയുറച്ചു് ജീവിതം നയിച്ച ആ മഹാനുഭാവൻെറ കുടുംബം ഇന്നും തലക്കുളത്തു വലിയവീടെന്നും തിരുവനന്തപുരം കല്ലമ്പള്ളിത്തറവാടെന്നും മികച്ച പദവിയിൽത്തന്നെ വിലസുന്നുണ്ടു്.

ഭാരതമാതാവിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ദീർഘസമരത്തിൻെറ മുന്നണിയിൽ കാണുന്ന പ്രധാന യോദ്ധാവു് വേലുത്തമ്പിയാണു്. തലക്കുളം വേലുത്തമ്പിദളവയുടെ യശസ്സ് സ്വരാജ്യാഭിമാനവും സ്വാതന്ത്ര്യപ്രേമവും ഉള്ള കാലംവരെ നിലനിൽക്കുകതന്നെ ചെയ്യും.

1919

1919

Indic Digital Archive Foundation
gpura.org